
# NEW VISION
# FOR A CHANGING WORLD

VOL. 4 ■ ISSUE 11 ■ JULY 2004



സൂര്യൻ കുറച്ചു രശ്മികൾ മാത്രം
പുറത്തേക്കു വിട്ടിട്ട് പിന്നെ അടച്ചുപൂട്ടിയിരുന്നു
വെന്നു പറയുംപോലെയാണ് ദൈവം ഒരിക്കൽ സൃഷ്ടി
നടത്തിക്കഴിഞ്ഞ് പിൻവാങ്ങിയെന്നു പറയുന്നത്. ദൈവത്തിന്റെ
ആത്മാവ് ഇപ്പോഴും പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. ഹൃദയത്തിന്റെ
ഓരോ മിടിപ്പിലും ഓരോ പൂവിന്റെയും വിരിയലിലും
ഈ അദൃശ്യസാന്നിദ്ധ്യമുണ്ട്.

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Dn. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Dn. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

ഒരു വർഷത്തേക്ക് : 75/- രൂപ (വിദേശത്തുള്ളവർക്ക് US $15)
രണ്ടു വർഷത്തേക്ക് : 140/- രൂപ ( " US $25)
മൂന്നു വർഷത്തേക്ക് : 200/- രൂപ ( " US $40)

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

ലൈഫ് മെമ്പർഷിപ്പ് : 1000/- രൂപ ( " US$200)
പേട്രൺ മെമ്പർഷിപ്പ് : 10,000/- രൂപ ( " US $1000)

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മാങ്ങാനം, കോട്ടയം - 686 018
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

## CONTENTS


- **Theology**
  ആദിയിൽ ദൈവം **4**
  *പ്രൊഫ. എം. തോമസ് മാത്യു*
- **Devotional**
  ആരാണ് എന്റെ ശത്രു? **5**
  *റവ. ഡോ. എ.പി. ജോർജ്*
- **Science**
  ഒഴുക്കുകൾ നമ്മുടെ സംരക്ഷകർ **7**
  *ഡോ. ജോർജ് എം. തോമസ്*
- **Bible Story**
  കുരിശ് തളിരിടുന്ന കാലം **8**
  *റവ. രജി ഡാൻ കെ. ഫിലിപ്പോസ്*
- **Psychology**
  നൂറു മേനി വിജയത്തിനു പിന്നിൽ **10**
  *ജോർജ് ബഹനാൻ ടി.*
- **Religion**
  പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും **11**
  *ഡോ. അന്നമ്മ ജോർജ്*
- **Aesthetics**
  സൗന്ദര്യം ആസ്വദിക്കാനുള്ളതാണ് **13**
  *ഫാദർജി*
- **Glimpses**
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ **15**
  *ഡോ. കെ.വി. വർഗീസ്*
- **Literary Review**
  പാർശ്വചിന്തകൾ **16**
  *ഡോ. സി.ജെ. റോയ്*
- **Ecology**
  സൈലന്റ് വാലി: വീണ്ടും മുറവിളി **18**
  *ഡോ. ജോൺ കുരുവിള*
- **Responses** **19**
- **News & Book Review** **22**
- **Meditation** **cover**


## EDITORIAL

### ഇതെന്തൊരു വിരോധാഭാസം?

പുതിയ കേന്ദ്രസർക്കാരിൽ കളങ്കമുള്ള മന്ത്രിമാരെ കല്ലെറിയുക-പറഞ്ഞത് പ്രതിപക്ഷനേതാവ് എൽ. കെ. അഡ്വാനി. ബാബറി മസ്ജിദ് കേസിൽ വിചാരണയ്ക്കു വിധേയനായിരിക്കവെ ആഭ്യന്തര മന്ത്രിയായിരുന്നു അദ്ദേഹം. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ഉമാഭാരതിയും മുൻ കേന്ദ്രമന്ത്രി ഡോ. മുരളി മനോഹർ ജോഷിയും രംഗത്തു വന്നിരിക്കുന്നു. ബാബറി മസ്ജിദ് തകർത്ത കേസിൽ ഇരുവരും പ്രതികളാണ്. മുൻ രാജ്യരക്ഷാമന്ത്രി ജോർജ് ഫെർണാണ്ടസും ഇവരോടൊപ്പം കൂടിയിരിക്കുന്നു. കഴിഞ്ഞ മന്ത്രിസഭയിൽ ഏറ്റവും കൂടുതൽ ആരോപണവിധേയനായ മന്ത്രിയായിരുന്നു ഫെർണാണ്ടസ്. അഴിമതി ആരോപിക്കപ്പെട്ടിട്ടുള്ളവർ മന്ത്രിസഭയിൽ ഉണ്ടാവരുതെന്നു പറയുന്നത് ന്യായമായ കാര്യമാണ്. പക്ഷേ ഇവർക്കത് ഉന്നയിക്കുവാനുള്ള ധാർമ്മികതയുണ്ടോ?

ലാലു പ്രസാദ്, ജയപ്രകാശ് നാരായൺ യാദവ്, ഫാത്തിമി, തസലുദ്ദീൻ തുടങ്ങിയ കേന്ദ്രമന്ത്രിമാർ കുറ്റവിചാരണയ്ക്കു വിധേയരായവരാണ്. ഷിബു സോറൻ അനധികൃത സ്വത്തുസമ്പാദ്യ കേസിൽ പ്രതിയാണ്. ഇവരെ മന്ത്രിസഭയിൽ ഉൾപ്പെടുത്തരുതെന്നു പറയുന്നത് ധാർമ്മികമായി ശരിയാണ്. പക്ഷേ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ പ്രസ്താവന ശ്രദ്ധിക്കുക. "കുറ്റം തെളിയിക്കുന്നതുവരെ എല്ലാവരും നിരപരാധികളാണ്." എങ്കിൽപ്പിന്നെ കഴിഞ്ഞ കാലത്ത് ബി.ജെ.പി. മന്ത്രിമാർക്കെതിരെ എന്തിന് കോൺഗ്രസ് സമരം നയിച്ചു.

ഇതൊക്കെ കാണുമ്പോൾ ജനങ്ങൾ ചോദിക്കുന്നു, ഇതെന്തൊരു വിരോധാഭാസം. ജനങ്ങളെ മണ്ടന്മാരാക്കുവാൻ സാധിക്കയില്ലെന്ന് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് നമ്മെ പഠിപ്പിച്ചു. നേതാക്കന്മാരുടെ ഒത്തുതീർപ്പുകളൊന്നും അംഗീകരിക്കുവാൻ ജനങ്ങൾ തയാറല്ല. ആർക്ക് നേരെയും വിരൽ ചൂണ്ടുമ്പോൾ ഓർക്കുക- തള്ളവിരൽ നിങ്ങൾക്കു നേരെയാണെന്ന്.

**-ചീഫ് എഡിറ്റർ**

A farmer lived alone on the countryside except for a pet dog he loved dearly. One day the dog died and the farmer went to the parish priest, inquiring if a mass could be said for the dead pet. The priest told the farmer: "No, we can't have a service for an animal in the church, but there is a new denomination down the road, and may be they'll do something for the animal." The farmer said : "Thanks, I'll go right away. By the way, do you think $ 50,000 is enough to donate for such a service?" to which the priest replied: "Why didn't you tell me the dog was Catholic?



# ആദിയിൽ ദൈവം.....

പ്രൊഫ. എം. തോമസ് മാത്യു

*അടുത്ത ഒമ്പതു ലക്കങ്ങളിലായി പ്രസിധീകരിക്കുന്ന ഒരു വേദവ്യാഖ്യാന പരമ്പര ഇവിടെയാരംഭിക്കുന്നു. തയ്യാറാക്കിയത് പ്രശസ്ത സാഹിത്യനിരൂപകനും ഗവ. കോളജ് റിട്ട. പ്രിൻസിപ്പലുമായ പ്രൊഫ. എം. തോമസ് മാത്യു. തിയോളജി പഠിക്കാത്ത ഒരാൾ പുതിയൊരു തലത്തിൽ വേദവ്യാഖ്യാനം നടത്തുമ്പോൾ നമുക്കു പരിചിതമായ ശൈലിയിൽ നിന്ന് വ്യത്യസ്തമായിരിക്കുമല്ലോ. ഈ പംക്തിയോടുള്ള നിങ്ങളുടെ പ്രതികരണം ചീഫ് എഡിറ്ററെ അറിയിച്ചാലും.*

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്നു പറഞ്ഞുകൊണ്ടാണല്ലോ ബൈബിൾ ആരംഭിക്കുന്നത്. എത്ര ലളിതസുന്ദരമായ ആരംഭം! പക്ഷേ, ഒറ്റനോട്ടത്തിൽ കാണുന്ന ലാളിത്യം ഉറ്റു നോക്കുമ്പോൾ അപ്രത്യക്ഷമാകുന്നു. 'ആദിയിൽ' എന്നു പറയുമ്പോൾ എന്തിന്റെ ആദിയിൽ? സൃഷ്ടിയുടെ ആദിയിൽ എന്നാണോ അതിന്റെ അർത്ഥം? സൃഷ്ടിയില്ലാതെ സ്രഷ്ടാവു മാത്രമുള്ള ഒരു കാലമുണ്ടോ? ഉണ്ടായിരുന്നോ? ഒന്നുമില്ലായ്മയിൽ കാലവും ഇല്ലല്ലോ! കാരണം, സംഭവങ്ങളുടെ പൂർവാപരക്രമം വിവരിക്കാനുള്ള ഒരു സങ്കല്പം മാത്രമാണ് കാലം; അത് ഒരു യാഥാർത്ഥ്യമല്ല. ഇരുന്നതിനുശേഷം കാലുനീട്ടി എന്നു പറയുന്നതിൽ ഒന്ന് ആദ്യം, പിന്നെ രണ്ടാമത്തേത് എന്ന ക്രമം കാണിക്കാൻ സമയം എന്ന സങ്കല്പം കൂടിയേ കഴിയൂ. സംഭവങ്ങളെല്ലാം ഒന്നിനു പിന്നാലെ ഒന്നായിട്ടാണ് നടക്കുന്നത്. അതുകൊണ്ട് ഈ തുടർച്ചയുടെ ക്രമം ആഖ്യാനത്തിൽ അനിവാര്യമാണ്. അങ്ങനെ ആദിമദ്ധ്യാന്തങ്ങൾ എന്ന ചട്ടക്കൂടിൽ മാത്രമേ ആഖ്യാനം സാദ്ധ്യമാകൂ വെന്ന് പറയാം. ഏതു വിവരണത്തിനും ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു സങ്കല്പമാകയാൽ എല്ലാ പ്രതിപാദനങ്ങളും പ്രതിപാദ്യത്തെക്കാളുമോ അത്രയെങ്കിലുമോ യഥാർത്ഥമായി കാലത്തെ കണക്കാക്കിപ്പോരുന്നു. ഇതാണ് മനുഷ്യന്റെ സങ്കല്പശക്തിക്കുള്ള വൈഭവം! ഒന്നുമില്ലാത്ത അവസ്ഥയിൽ ഏതു മുൻപ്, ഏതു പിൻപ് എന്ന ചോദ്യം അർത്ഥശൂന്യമാണെന്നാർക്കാനും മനുഷ്യൻ മറന്നു പോകുന്നു.

അതുകൊണ്ട്, കാലപ്രവാഹത്തിന്റെ ഏതോ തിരിവിൽ വച്ച് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്നും ഈ പ്രപഞ്ചം തന്നെ ഇല്ലാതിരുന്ന ഒരു അവസ്ഥ ഉണ്ടായിരുന്നുവെന്നും ഒരു സിദ്ധാന്തമായി ബൈബിൾ ഉന്നയിക്കുന്നുണ്ടോയെന്ന ആലോചനയിലേക്കു കടക്കാൻ പ്രയാസം.

> എന്തും വാച്യാർത്ഥത്തിൽ തന്നെ എടുക്കണമെന്നു ശഠിക്കുന്നവർ ഭീഷണമായ ദൈവദൂഷണത്തിന്റെ വക്കത്തിരുന്ന് തങ്ങളുടെ ആലോചനാശീലത്തെ താരാട്ടിയുറക്കുകയാണ്; അതുണർന്നാൽ അവർ നേരെ നരകത്തിലേക്കു മറിഞ്ഞു വീഴും!

ബൈബിളിൽ പ്രതിപാദിക്കുന്ന ആദം തൊട്ടുള്ള ആളുകളുടെയും അവരുടെ സന്തതിപരമ്പരകളുടെയും വയസ്സു കണക്കാക്കിയാൽ പ്രപഞ്ചസൃഷ്ടിയുടെ ആരംഭബിന്ദുവിൽ എത്താമെന്നു നിനച്ച് ആ വഴിക്കു യാത്ര തിരിച്ചവരുണ്ട്. ബി.സി. 4004 ഒക്ടോബർ 23–ന് ആണ് ദൈവം സൃഷ്ടികർമ്മം ആരംഭിച്ചതെന്ന് അവർ കണിശമായി കണക്കാക്കുകയും ചെയ്തുവത്രെ! എത്ര സമയം വ്യയം ചെയ്ത്, എത്ര കണ്ട് പഠനഗവേഷണങ്ങൾ നടത്തിയിട്ടാണ് ഈ നിഗമനത്തിൽ എത്തിയതെന്നാലോചിക്കുമ്പോൾ സഹതാപം മാത്രമല്ല ഭയവും തോന്നും. കാരണം, ഓരോ ഭാഗവും വ്യാഖ്യാനിക്കാനെടുക്കുന്ന തത്ത്വങ്ങളും തന്ത്രങ്ങളും അല്പമൊന്നു പിഴച്ചാൽ പരിഹാസ്യമായ നിഗമനങ്ങളിൽ ചെന്നു വീഴാനുള്ള സാദ്ധ്യതകൾ വളരെയാണ്. വ്യാഖ്യാനശാസ്ത്രത്തിന്റെ നൂലാമാലകൾ നിശ്ചയമുള്ളവർക്കുവേണ്ടി ആ നൂൽപ്പാലയാത്ര വിട്ടുകൊടുക്കുക. നമുക്കനുവദിച്ചിട്ടുള്ള അഭ്യാസമല്ലത്. മറ്റൊരു വ്യാഖ്യാനം കാണുക: "സൃഷ്ടിയുടെ വിവരണത്തോടെ ബൈബിൾ ആരംഭിക്കാനുള്ള കാരണം വിശുദ്ധ നാട് ഇസ്രയേലിന് വേർതിരിച്ചു കൊടുത്തത് സാധൂകരിക്കുകയാണ്. ലോകം സൃഷ്ടിച്ചത് ദൈവമാകയാൽ തനിക്കിഷ്ടമുള്ളവർക്ക് ഏതു സ്ഥലവും പതിച്ചുകൊടുക്കാൻ ദൈവത്തിനവകാശമുണ്ട്." സോളമൻ ബെൻ ഇസഹാക് എന്ന യഹൂദ പണ്ഡിതന്റെ വകയാണ് ഈ വ്യാഖ്യാനം. ഇതിനേക്കാൾ ഇടുങ്ങിയ ഒരു വ്യാഖ്യാനം സങ്കല്പിക്കാൻ കഴിയുമോ? കഴിയുമായിരിക്കും; ഇതിനേക്കാൾ ഇടുങ്ങിയ ഒരു മനസ്സ് ഉണ്ടായാൽ മതി! **ഹൃദയം ചെറുതാകുമ്പോൾ ആ ചെറുപ്പം ദൈവത്തിൽപ്പോലും ആരോപിക്കാൻ തോന്നിപ്പോകും. ഇങ്ങനെ ഓരോരോ ആവശ്യത്തിനൊത്ത്, നമുക്കു വേണ്ട അളവിൽ ദൈവസങ്കല്പത്തെ മാറ്റിമാറ്റി വാർത്ത് വികൃതമാക്കിയ ചരിത്രവും മതത്തിന് അവകാശപ്പെട്ടതാണല്ലോ.** "കഴുത ദൈവത്തെ സങ്കല്പിച്ചാൽ കഴുതയെപ്പോലെയിരിക്കും" എന്ന പരിഹാസത്തിന് വഴിവച്ചത് ആരാണ്?

പ്രപഞ്ചസൃഷ്ടിയുടെ ക്രമം എന്ത്, എങ്ങനെ, എന്നു വിവരിക്കാനല്ല "ആദിയിൽ ദൈവം.....സൃഷ്ടിച്ചു" എന്ന വാക്യം ശ്രമിക്കുന്നത്. നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരവും അഗോചരവുമായ അനുഭവങ്ങൾക്കുള്ളിലും അനുഭവങ്ങൾക്കപ്പുറവുമുള്ള സമസ്ത ചരാചരങ്ങളും ചേതനാചേതനങ്ങളും അവയ്ക്കെല്ലാം ആധാര

*(ശേഷം പേജ് 6)*

# ആരാണ് എന്റെ ശത്രു?



റവ. ഡോ. എ. പി. ജോർജ്

ആരൊക്കെയാണ് നിങ്ങളുടെ ശത്രുക്കൾ? പറയുവാൻ ഒരു നീണ്ട ലിസ്റ്റു തന്നെ നിങ്ങൾക്കുണ്ടായിരിക്കുമെന്നറിയാം. കഴിഞ്ഞകാല ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പല ശത്രുക്കളും നിങ്ങൾക്കുണ്ടാകുമെന്നറിഞ്ഞുകൊണ്ടു തന്നെ ഞാൻ ചോദ്യം ആവർത്തിക്കുകയാണ്, ആരാണ് നിങ്ങളുടെ ശത്രു?

കഴിഞ്ഞ ഒരു മാസമായി തന്റെ ജോലി നഷ്ടപ്പെട്ട ഒരു മനുഷ്യനെ ഞാൻ പരിചയപ്പെടുത്തട്ടെ. ഒരു കാരണവുമില്ലാതെ ജോലിയിൽനിന്ന് പിരിച്ചു വിടപ്പെട്ട ഡയറക്ടറെ സംബോധന ചെയ്യുന്നത് നീചൻ, ക്രൂരൻ, അഹങ്കാരി എന്നൊക്കെയാണ്. ഈ മനുഷ്യൻ ആറുമാസത്തിനിടയിൽ മൂന്നാമത്തെ കമ്പനിയിൽ നിന്നാണ് പിരിച്ചുവിടപ്പെടുന്നതെന്ന കാര്യവും നിങ്ങൾ മനസ്സിലാക്കണം. ഇപ്പോഴത്തെ അധികാരി ചെയ്തത് അന്യായമായിരിക്കാം. പക്ഷേ മറ്റു രണ്ടു സ്ഥാപനങ്ങളിൽനിന്ന് അയാൾ പിരിച്ചുവിടപ്പെട്ടതിന്റെ പിന്നിൽ അയാളുടേതായ എന്തെങ്കിലും കാരണങ്ങൾ കാണില്ലേ? അതൊന്നും സമ്മതിക്കാൻ അയാൾ തയാറല്ല. ഇപ്പോഴത്തെ പ്രശ്നത്തിന്റെ പിന്നിലെ സ്വന്തം പോരായ്മ കണ്ടുപിടിക്കുവാൻ വീണ്ടും അയാളെ നിർബന്ധിക്കുമ്പോൾ മനസ്സില്ലാമനസ്സോടെ അയാൾ സമ്മതിക്കും, താൻ അലസനും വഴക്കാളിയുമാണെന്ന്. വാസ്തവത്തിൽ, ഞാൻ തന്നെയാണ് എന്റെ ശത്രു.

താലന്തുകളുടെ ഉപമയിൽ, കുഴിമടിയന്റെ കയ്യിൽ നിന്ന് ഉള്ളതും കൂടി വാങ്ങി പുറത്തള്ളുന്ന യജമാനനെയാണു ക്രിസ്തു ചിത്രീകരിച്ചിരിക്കുന്നത്. ഒരു പാവമല്ലെ, ക്ഷമിച്ചുകളയാമെന്നൊന്നും വലിയ മനസ്സുള്ള ക്രിസ്തുപോലും ചിന്തിച്ചില്ല. അവന്റെ അലസതയും ആത്മാർത്ഥതയില്ലായ്മയും നിഷേധചിന്തയുമായിരുന്നു അവന്റെ ശത്രു. വ്യാപാരം ചെയ്തു പരിപോഷിപ്പിച്ച രണ്ടു ദാസന്മാർ അന്തസ്സോടെ യജമാനന്റെ മുമ്പിൽ ചെന്നുനിന്നപ്പോൾ മണ്ണിൽ കുഴിച്ചിട്ടതുമായി ചെന്നവൻ പുറത്താക്കപ്പെട്ടു. യജമാനനാണോ അവന്റെ ശത്രു?

ഇസ്രയേലിലെ ഉസ്സിയാ രാജാവിനെപ്പറ്റി കേട്ടിട്ടുണ്ടോ? പതിനാറാം വയസ്സിൽ രാജ്യഭാരമേറ്റ ഉസ്സിയാവ് അൻപത്തിരണ്ടു വർഷക്കാലം വിജയക്കൊടി പാറിച്ച് രാജ്യം ഭരിച്ചു. ശത്രുക്കളെയെല്ലാം കീഴടക്കി, സമ്പദ്‌വ്യവസ്ഥ പരിപോഷിപ്പിച്ചു. രാജാവിന്റെ വിജയത്തിനു പിന്നിൽ ദൈവാശ്രയമായിരുന്നു പ്രധാന ഘടകം. എന്നാൽ ഉസ്സിയാവ് ശക്തനായപ്പോൾ അവന്റെ ഹൃദയം നാശത്തിനായി നിഗളിച്ചു. രാജത്വവും അധികാരവുമുള്ള തനിക്ക് അൽത്താരയിൽ കയറി ധൂപമർപ്പിക്കുവാൻ എന്താ ഒരു കുറവ് എന്നു ചിന്തിച്ച് ധൂപകലശവുമായി ഒരു ദിവസം രാജാവ് മദ്ബഹയിലേക്കു ചാടിക്കയറി. പുരോഹിതന്മാർ രാജാവിനെ വിലക്കി; അരുത് രാജാവേ, അവിവേകം കാണിക്കരുത്. ഇതു അതിവിശുദ്ധ സ്ഥലമാണ്. ദൈവം ഭരമേൽപ്പിച്ചിരിക്കുന്നവർ മാത്രം ധൂപാർപ്പണം നടത്തണമെന്നാണു ദൈവകല്പന. അങ്ങ് ദയവായി പോകുക. പക്ഷേ അഹങ്കാരം മൂത്ത രാജാവ് പുരോഹിതന്മാരോടു കോപിച്ചു. ധൂപകലശവുമായി മുന്നോട്ടു നടന്നപ്പോൾ രാജാവിന്റെ നെറ്റിയിൽ ത്വക്‌രോഗം പടർന്നു. അതു കുഷ്ഠരോഗമാണെന്നു മനസ്സിലാക്കിയ രാജാവ് അൽത്താരയിൽ നിന്നിറങ്ങി ഓടി. പിന്നീട് തന്റെ ഔദ്യോഗിക സ്ഥാനത്തു നിന്ന് വിരമിക്കുവാൻ നിർബന്ധിതനായി. രാജകൊട്ടാരത്തിന്റെ ന്യായപാലനം മകനായ യോഥാം ഏറ്റു. ഒരു ഏകാന്തത ഭവനത്തിൽ. ഉസ്സിയാവ് ജീവിതകാലം മുഴുവൻ കുഷ്ഠരോഗിയായി കഴിച്ചുകൂട്ടി. രാജാവ് മരിച്ചപ്പോൾ കുഷ്ഠരോഗിയായതുകൊണ്ട് രാജാക്കന്മാർക്കുള്ള ശ്മശാന ഭൂമിയിൽ പോലും ഹിസ് ഹൈനസിനെ സംസ്കരിച്ചില്ല. ഈ രാജാവിന്റെ അധഃപതനത്തിനു പിന്നിൽ ആരായിരുന്നു കാരണക്കാർ? സ്വന്തം അഹങ്കാരം മാത്രമായിരുന്നില്ലേ?

**ഇപ്പോൾ നിങ്ങൾ നേരിടുന്ന പ്രശ്നത്തിനു മറ്റു പലരെയും നിങ്ങൾ കുറ്റപ്പെടുത്തുന്നുണ്ടെങ്കിലും പ്രധാന പ്രതി നിങ്ങൾ തന്നെയാണ്. നിങ്ങളുടെ മുൻകോപം, നിർബന്ധബുദ്ധി, സങ്കുചിത ചിന്ത, മാപ്പു കൊടുക്കുവാൻ കഴിയാത്ത മിഥ്യാഭിമാനം, ആത്മപ്രശംസ - അങ്ങനെയെന്തെങ്കിലും ഒരു ബലഹീനത. ഇതു നിഷേധിക്കുവാൻ നിങ്ങൾക്കു കഴിയുമോ?**

തുറന്നൊരു കാര്യം പറഞ്ഞാൽ നിങ്ങൾക്കിഷ്ടപ്പെടുമോ എന്നെനിക്കറിയില്ല. ഇപ്പോൾ നിങ്ങൾ നേരിടുന്ന പ്രശ്നത്തിനു മറ്റു പലരെയും നിങ്ങൾ കുറ്റപ്പെടുത്തുന്നുണ്ടെങ്കിലും പ്രധാന പ്രതി നിങ്ങൾ തന്നെയാണ്. നിങ്ങളുടെ മുൻകോപം, നിർബന്ധബുദ്ധി, സങ്കുചിത ചിന്ത, മാപ്പു കൊടുക്കുവാൻ കഴിയാത്ത മിഥ്യാഭിമാനം, ആത്മപ്രശംസ - അങ്ങനെയെന്തെങ്കിലും ഒരു ബലഹീനത. ഇതു നിഷേധിക്കുവാൻ നിങ്ങൾക്കു കഴിയുമോ?

നിങ്ങൾ ഈ ബലഹീനതയുമായി തുടരുകയാണെങ്കിൽ ഉസ്സിയാവ് ഒറ്റപ്പെട്ടതുപോലെ സംഭവിക്കും. മക്കൾക്കു വേണ്ടാത്ത മാതാപിതാക്കളാകാം, ഭാര്യയ്ക്കു വേണ്ടാത്ത ഭർത്താവും ഭർത്താവിനു വേണ്ടാത്ത ഭാര്യയുമാകാം, മാതാപിതാക്കൾ വെറുത്ത മക്കളുമാകാം, ആരും ജോലി തരാത്ത നിർഭാഗ്യവാനും സമൂഹം വെറുത്ത ഒരു നിർഭാഗ്യവാനുമാകാം.

**ഇന്നത്തെ നിങ്ങളുടെ പ്രശ്നത്തിനു പരിഹാരം മറ്റുള്ളവരെ കുറ്റപ്പെടുത്തലല്ല-സ്വന്തം സ്വഭാവത്തിൽ നിലനിൽക്കുന്ന വൈകല്യങ്ങളിൽ നിന്നുള്ള വിമുക്തിയാണ്.** പല തവണ പരിശ്രമിച്ചിട്ടും സാദ്ധ്യമാകാത്ത സ്വഭാവ നവീകരണത്തിനായി ദൈവത്തോടു പ്രാർത്ഥിക്കു. അവനോടു വിനയത്തോടെ യാചിക്കുന്നവർക്കെല്ലാം അവൻ വിശുദ്ധിയുടെ ആത്മാവിനെ നൽകും. നിങ്ങളുടെ ശത്രുവായ നിങ്ങളിൽ നിന്ന് അവൻ നിങ്ങളെ രക്ഷിക്കും. മനസ്സിൽ കുറിച്ചിടാൻ ഒരു കമന്റ് പറയട്ടെ: 'I have never met a man who has given me as much trouble as myself.'-**എന്നെപ്പോലെ എനിക്കു ദോഷം ചെയ്തിട്ടുള്ള ഒരു ശത്രുവിനെ ഞാൻ കണ്ടിട്ടില്ല. എന്തൊരു ഭയങ്കരനാ ഞാൻ?** ●●

ധാമമായ ഈ മഹാപ്രപഞ്ചവും ദൈവത്തിന്റെ സൃഷ്ടിയാണെന്നു പ്രഘോഷിക്കുകയാണ് ബൈബിൾ ചെയ്യുന്നത്. വെളിപ്പാടു പുസ്തകത്തിൽ, സിംഹാസനസ്ഥനായവൻ "ഞാൻ ആൽഫയും ഒമേഗയും ആകുന്നു" എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. ആൽഫ ആദിയാണ്; എല്ലാറ്റിന്റെയും ഉറവിടം. ഒമേഗയ്ക്ക് അർത്ഥം അന്ത്യമെന്നാണ്. പക്ഷേ, അത് അവസാനമല്ല; പ്രാപ്യസ്ഥാനമാണ്.

ഇങ്ങനെയല്ലാതെ, ആറു ദിവസമെടുത്തു നിർമ്മിച്ചതാണ് ഇവയെല്ലാം എന്ന നിലയ്ക്ക് വാച്യമായി അർത്ഥമെടുത്താൽ ഉത്തരമില്ലാത്ത എത്ര ചോദ്യങ്ങളുടെ മുമ്പിലാണ് നമുക്കു നിൽക്കേണ്ടി വരിക! ആറു ദിവസത്തെ അദ്ധ്വാനം, പിന്നെ ഏഴാം ദിവസം വിശ്രമം എന്നിങ്ങനെയൊരു ക്രമം ദൈവത്തിനെന്തിനാണ്? "വെളിച്ചമുണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു; വെളിച്ചമുണ്ടായി" എന്നിങ്ങനെയാണല്ലോ സൃഷ്ടിയുടെ വിവരണം. വാച്യാർത്ഥത്തിലെടുത്താൽ, ഒരു ദിവസം പ്രഭാതത്തിൽ ദൈവം ഒരെണ്ണം സൃഷ്ടിച്ചു, പിന്നെ വൈകുന്നേരം വരെ അതിന്റെ ചന്തം നോക്കി രസിക്കുകയോ, ഉണ്ടാക്കിയതിനുമേൽ മിനുക്കുപണി ചെയ്ത് പണിക്കുറ തീർത്തുകൊണ്ടിരിക്കുകയോ ചെയ്തു; ഒടുക്കം ആകെക്കൂടി കൊള്ളാമെന്നു തൃപ്തിപ്പെട്ടിട്ട് കിടന്നുറങ്ങി എന്നിങ്ങനെ വിടർത്തിപ്പറയാവുന്ന ഒരു നിർമ്മാണ പരിപാടിയാണ് തെളിഞ്ഞു കിട്ടുക. മനുഷ്യൻ ഓരോന്നു പണിതുണ്ടാക്കുന്ന രീതി വച്ച് സൃഷ്ടിയുടെ ക്രമത്തെ നാടകീയമായി, മനുഷ്യന്റെ മനസ്സിൽ പതിയുമാറ് ആവിഷ്കരിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നതെന്ന് കാണാൻ വിഷമമില്ല. ആഖ്യാനത്തിന്റെ ഒരു സങ്കേതമാണത്. അതല്ല, ഉണ്ടാകട്ടെ എന്നു കല്പിച്ചു, ഉണ്ടായി എന്ന മട്ടിൽ എളുപ്പത്തിൽ കാര്യം കഴിഞ്ഞെങ്കിൽ ബാക്കി സമയം ദൈവം എന്തു ചെയ്തുവെന്ന് ചോദിക്കേണ്ടി വരും; ദൈവത്തേക്കാൾ അലസനായ ഒരു പണിക്കാരനില്ലെന്നു പറയേണ്ടിയും വരും. എന്തും വാച്യാർത്ഥത്തിൽത്തന്നെ എടുക്കണമെന്നു ശഠിക്കുന്നവർ ഭീഷണമായ ദൈവദൂഷണത്തിന്റെ വക്കത്തിരുന്ന് തങ്ങളുടെ ആലോചനാശീലത്തെ താരാട്ടിയുറക്കുകയാണ്; അതുണർന്നാൽ അവർ നേരെ നരകത്തിലേക്കു മറിഞ്ഞു വീഴും!

ഇല്ല; ഉത്പത്തിയിലെ സൃഷ്ടിവിവരണം വാച്യാർത്ഥത്തിലെടുക്കാൻ കഴിയുന്ന ഒന്നല്ല. ആ ആഖ്യാനത്തിൽ മനഃപൂർവം സൂക്ഷിച്ചിരിക്കുന്ന ചില വിടവുകളുണ്ട് - വാക്കുകൾക്കും അവയുടെ വാച്യാർത്ഥത്തിനുമി ടയിൽ കാണുന്ന മൗനത്തിന്റെ ഈ ഇടങ്ങളിൽ പൊരുളിന്റെ പൊലിമ തേടാം. അനാദിയായും അനന്തമായും വർത്തിക്കുന്ന ദൈവത്തിൽ സൃഷ്ടിശക്തിയില്ലാത്ത ഒരു കാലഘട്ടമില്ല; എന്നോ ഒരിക്കൽ ദൈവത്തിലേക്കു

> **ദീപം തെളിച്ചിട്ട് പിന്നെ വെളിച്ചം പരക്കുകയല്ല, ദീപത്തിന്റെ തെളിയലിൽ ത്തന്നെ വെളിച്ചം നിസ്സരിക്കുകയാണ്. അതുപോലെയാണ് ദൈവത്തിന്റെ സൃഷ്ടി.**

വന്നു ചേർന്ന ശക്തിയല്ലത്; ബീജാവസ്ഥയിൽ നിന്നുണർന്ന് വളർന്ന് സഫലപ്പെടേണ്ട ഒരു സിദ്ധിയുമല്ലത്. വിത്തിലെ മരം പോലെ നിദ്രാണമായ ഒരു സാദ്ധ്യതയല്ല, നിത്യസിദ്ധമായ-അനാദിയായും അനന്തമായും ദൈവത്തിൽ വർത്തിക്കുകയും വ്യാപരിക്കുകയും ചെയ്യുന്ന-ശക്തിയാണത്. സൂര്യനിൽ നിന്ന് എന്നാണ് വെളിച്ചം പുറപ്പെട്ടു തുടങ്ങിയതെന്നു ചോദിക്കുമ്പോലെയാണ് ദൈവം എന്നാണ് സൃഷ്ടിക്കാൻ ആരംഭിച്ചതെന്ന ചോദ്യവും. ഉണ്മയുടെ അപ്പുറവും ഇപ്പുറവും ശൂന്യതയുടെ മഹാമൗനം അകമ്പടി സേവിക്കുന്ന പ്രതിഭാസങ്ങളുടെ സീമിതത്വം മാത്രം അറിയുന്ന മനുഷ്യൻ അപാരതയെ വിവരിക്കുമ്പോൾ ഇങ്ങനെയൊരു ശൈലിയേ സാദ്ധ്യമാകൂ. അത് ഭാഷയുടെ പരിമിതിയാണ്. അതുകൊണ്ട്, **ദൈവത്തെക്കുറിച്ചുള്ള ഏതു പറച്ചിലും പറഞ്ഞു വയ്ക്കലല്ല, പറഞ്ഞു നോക്കലാണ്; അപൂർണ്ണവും വികലവുമായ പറഞ്ഞു നോക്കൽ!**


സൃഷ്ടികർമ്മം പൂർത്തിയാക്കിയതിനു ശേഷം ദൈവം പ്രപഞ്ചത്തെയും അതിലെ പ്രതിഭാസങ്ങളെയും അതതിന്റെ പാട്ടിനു വിട്ടിട്ട് പിന്മാറി; ഓരോന്നിനും നിശ്ചയിച്ച നിയമങ്ങൾക്കൊത്ത് ജീവിക്കാനും പ്രവർത്തിക്കാനും വിട്ടു എന്നു പറയുന്ന ഒരു വിചാരപദ്ധതിയുണ്ട്. സൃഷ്ടി ഒരിക്കൽ നടന്നു; പിന്നെ ദൈവത്തിന്റെ ഇടപെടലില്ലെന്നാണ് അത് സിദ്ധാന്തിക്കുന്നത്. ബൈബിൾ ആ വിചാരത്തെ ഒട്ടു പിൻതാങ്ങുന്നില്ലെന്നു മാത്രമല്ല, ചരിത്രത്തിലുടനീളം തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്ന ദൈവത്തെ അവതരിപ്പിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടാണ് ഇത്തരം ചിന്തകളുണ്ടാകുന്നത്? സംഭവിക്കുന്നത് ഇങ്ങനെയാണെന്നു തോന്നുന്നു: അമ്പരപ്പിക്കുന്ന പ്രപഞ്ച യാഥാർത്ഥ്യങ്ങളുടെ മുൻപിൽ പകച്ചുനിൽക്കുന്ന മനുഷ്യൻ ഇവയെയൊക്കെ വിവരിക്കാനും ചിട്ടയുള്ള വിചാരശില്പങ്ങളിൽ വക കൊള്ളിക്കാനും ശ്രമിക്കുന്നു. കുറെയൊക്കെ അങ്ങനെ സാധിക്കും. തനിക്ക് വകഞ്ഞുപിടിച്ചു വിവരിക്കാൻ കഴിയുന്ന ക്രമങ്ങളിലേക്ക്, വിചാരഘടനയിലേക്ക് എല്ലാറ്റിനെയും ഒതുക്കിക്കൊള്ളിക്കാൻ ശ്രമിക്കുമ്പോൾ ആകെ അടിതെറ്റിപ്പോകും; എല്ലാ ക്രമങ്ങളും ക്രമരാഹിത്യമായി കീഴ്മേൽ മറിയും. ഈ അന്ധാളിപ്പിൽ നിന്നു രക്ഷപ്പെടാൻ ചില സിദ്ധാന്തശാഠ്യങ്ങളിൽപ്പോയി തല പൂഴ്ത്തുന്നു. അതിനെ അവസാനത്തെ വെളിപ്പാടായി തെറ്റിദ്ധരിക്കുകയും ചെയ്യുന്നു.

സൂര്യൻ കുറച്ചു രശ്മികൾ മാത്രം പുറത്തേക്കു വിട്ടിട്ട് പിന്നെ അടച്ചുപൂട്ടിയിരുന്നുവെന്നു പറയുംപോലെയാണ് ദൈവം ഒരിക്കൽ സൃഷ്ടി നടത്തിക്കഴിഞ്ഞ് പിൻവാങ്ങിയെന്നു പറയുന്നത്. ദൈവത്തിന്റെ ആത്മാവ് ഇപ്പോഴും പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. ഹൃദയത്തിന്റെ ഓരോ മിടിപ്പിലും ഓരോ പൂവിന്റെയും വിരിയലിലും ഈ അദൃശ്യസാന്നിദ്ധ്യമുണ്ട്. **പ്രപഞ്ചഘടനയിൽ ചിട്ടപ്പെടലിന്റെ പ്രക്രിയ അവിരാമമായി നടന്നുകൊണ്ടിരിക്കുന്നു. അത് എന്നന്നേക്കുമായി പൂർത്തീകരിക്കപ്പെട്ട യാന്ത്രികതയല്ല.** നിയതനിയമബദ്ധമായ ഘടന (കോസ്മോസ്) യാണ് പ്രപഞ്ചം എന്നു പറഞ്ഞാൽ ചിട്ടപ്പെടലിന്റെ പ്രക്രിയ ഇനി ആവശ്യമില്ലെന്നല്ല അർത്ഥം. ആധുനിക ഭൗതികവിജ്ഞാനവും ഈ വഴിക്കുതന്നെയല്ലേ ഇപ്പോൾ ചിന്തിച്ചുകൊണ്ടിരിക്കുന്നത്?

ഉദാത്തമായ രചനയുടെ വരിഷ്ഠ മാതൃകയായി ലോഞ്ജിനസ് എന്ന യവന കലാതത്ത്വചിന്തകൻ ഉദാഹരിക്കുന്നത് "വെളിച്ചമുണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു, വെളിച്ചമുണ്ടായി" എന്ന ബൈബിൾ വാക്യമാണ്. ആ ഒരു വാക്യത്തിൽ മാത്രമല്ല, ആ വിവരണത്തിൽ മുഴുവൻ അസാധാരണമായ ആർജ്ജവവും ഊർജ്ജവും പ്രകടമാണ്. ദൈവഹിതത്തിനും അതിന്റെ നിറവേറലിനും മദ്ധ്യേ ഒരു ഇടവേള ഈ വാക്യരീതി കല്പിക്കുന്നില്ല. ആഗ്രഹിക്കുകയും അതിനനുസരണമായി പ്രവർത്തിക്കുകയുമല്ല ദൈവം ചെയ്യുന്നത്. ദൈവത്തിനു തിരുമനസ്സാകുന്ന നിമിഷത്തിൽ അതു നിറവേറിക്കഴിയുന്നു. ദീപം തെളിച്ചിട്ട് പിന്നെ വെളിച്ചം പരക്കുകയല്ല, ദീപത്തിന്റെ തെളിയലിൽത്തന്നെ വെളിച്ചം നിസ്സരിക്കുകയാണ്. അതുപോലെയാണ് ദൈവത്തിന്റെ സൃഷ്ടി. ഈ സവിശേഷത എടുത്തു കാണിക്കാൻ കഴിയുന്ന മറ്റൊരു ശൈലി സങ്കല്പിക്കാനാവുകയില്ല. ദൈവത്തിന്റെ സൃഷ്ടിയിലെ മഹിമയാർന്ന സവിശേഷത മുഴുവൻ വജ്രകാന്തിയോടെ പ്രത്യക്ഷീകരിക്കാൻ കഴിയുന്നതുകൊണ്ടാണ് അതു ഉദാത്ത രചനയുടെ മകുടോദാഹരണമാകുന്നത്.

*(തുടരും)*



# ഒഴുക്കുകൾ നമ്മുടെ സംരക്ഷകർ

ഡോ. ജോർജ് എം. തോമസ്

ഏതൊരു വസ്തുവും ഒഴുകുന്നതിന് അവശ്യം വേണ്ടത് മൂന്നു കാര്യങ്ങളാണ്. ഒഴുകാൻ ഒരു വസ്തു, ഒഴുകാൻ ഒരു പ്രതലം, ഒഴുകാൻ ഒരു ബലം. ഇവയെ ബന്ധിപ്പിക്കുന്ന ചില നിയമങ്ങളുണ്ട്. എല്ലാവിധ ഒഴുക്കിനും ഏറെക്കുറെ ബാധകമാണവ. ഒഴുക്ക് (flow) നീളത്തിലോ വട്ടത്തിലോ ആവാം. ഇനി നമുക്ക് അന്തരീക്ഷത്തിലൊഴുകുന്ന ചിലതെല്ലാം പരിശോധിക്കാം.

• *വായു.* ഇതൊഴുകുന്നതിനുള്ള ബലം മർദ്ദമാണ്. മർദ്ദം കൂടിയ സ്ഥലത്തുനിന്ന് മർദ്ദം കുറഞ്ഞ സ്ഥലത്തേക്ക് വായു പ്രവഹിക്കുന്നു. ചൂട് കൂടിയ സ്ഥലത്ത് മർദ്ദം കുറവായിരിക്കും. വായു സമുദ്രത്തിൽ നിന്ന് കരയിലേക്കൊഴുകുമ്പോൾ കടൽക്കാറ്റും, കരയിൽ നിന്ന് കടലിലേക്കൊഴുകുമ്പോൾ കരക്കാറ്റും ഉണ്ടാകുന്നു. സൂര്യപ്രകാശത്തിൽ സമുദ്രജലവും കരയും ചൂടാകുന്നു. കടൽ സാവധാനത്തിലും, കര വേഗത്തിലുമാണെന്നു മാത്രം. സൂര്യൻ അസ്തമിച്ചാൽ കര വേഗം തണുക്കുന്നു, കടൽ സാവധാനത്തിലും. പകൽസമയം കരയിലെ വായുമർദ്ദം കുറവാണ്, കടലിൽ കൂടുതലും. അപ്പോൾ കടൽക്കാറ്റ് ലഭിക്കുന്നു. അതിന്റെ സുഖം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. സന്ധ്യയായാൽ കര പെട്ടെന്ന് തണുക്കുകയും മർദ്ദം കൂടുകയും ചെയ്യുന്നു. സാവധാനത്തിൽ മാത്രമേ കടൽ തണുക്കുകയുള്ളൂ. അപ്പോൾ കരക്കാറ്റ് വീശുന്നു; ഉഷ്ണത്തിന് ഒരു ശമനമുണ്ടാകുന്നു.

ധ്രുവപ്രദേശത്ത് തണുപ്പും ഭൂമധ്യരേഖയിൽ ചൂടും ആണ്. അപ്പോൾ മർദ്ദം കൂടിയ ധ്രുവപ്രദേശത്തു നിന്ന് ഭൂമധ്യരേഖയിലേക്ക് കാറ്റടിക്കുന്നു. എന്നാൽ, മധ്യപ്രദേശം ധ്രുവപ്രദേശത്തേക്കാൾ വേഗത്തിൽ കറങ്ങുന്നതുകൊണ്ട് കാറ്റിന്റെ ദിശ മാറിയാണ് അനുഭവപ്പെടുക. ഇവിടെയും കാലാവസ്ഥാ സമീകരണം നടക്കുന്നു. ഇനി, ചുഴലിക്കാറ്റും കൊടുങ്കാറ്റും. ബലങ്ങളുടെ ദിശ മാറിയാൽ വട്ടം കറങ്ങി ന്യൂനമർദ്ദം സൃഷ്ടിക്കാം. കൊടുങ്കാറ്റ് വരുന്നതിനു മുമ്പ് അന്തരീക്ഷനിരീക്ഷകർ പ്രവചിക്കുന്നത് മർദ്ദം അളന്നിട്ടാണ്. കടലിലെ കാറ്റ് തിരമാലകളെ പുറപ്പെടുവിക്കുന്നു.



കാറ്റിന്റെ സഹായത്തോടെ പായ്കപ്പൽ ഓടിക്കുന്നു. നിശ്ചിതദിശയിൽ കപ്പൽ പോകാൻ വേണ്ടി പായ് ചരിച്ചുവച്ച് ആ ദിശയിലെ കാറ്റിന്റെ അംശം പിടിച്ചെടുക്കുന്നു. കാറ്റിന്റെ അഭാവത്താലോ മറ്റു കാരണങ്ങളാലോ പോകേണ്ട ദിശയിൽ കാറ്റിന്റെ അംശം കിട്ടാതെ വന്നാൽപ്പിന്നെ കാത്തുകിടക്കുകയേ മാർഗ്ഗമുള്ളൂ. ഇങ്ങനെ കാറ്റ് കിട്ടാതെ വന്നപ്പോൾ ഒരിക്കലൊരു വിദ്വാൻ ഒരു മോട്ടോർ ഉപയോഗിച്ച് ഫാൻ കറക്കി പായയിലേക്കടിച്ചു. പരീക്ഷണം വിജയിച്ചില്ല. ന്യൂട്ടന്റെ ഒന്നാം ചലനനിയമപ്രകാരം ഒരു വസ്തു നീങ്ങണമെങ്കിൽ ബലം വെളിയിൽ നിന്നു പ്രയോഗിക്കണം. കപ്പലിനകത്ത് ഫാൻ പ്രവർത്തിപ്പിച്ചാൽ ഒന്നും സംഭവിക്കില്ല. കേടായ ഒരു വാഹനം തള്ളിനീക്കാൻ വെളിയിലിറങ്ങി ഉന്തണം. അല്ലാതെ, പിൻസീറ്റിലിരുന്ന് മുൻസീറ്റ് മുമ്പോട്ടു തള്ളിയാൽ പോരാ. മുൻസീറ്റിനെ മുമ്പോട്ടു തള്ളുമ്പോൾ അതേ ബലത്തിൽ പിൻസീറ്റിനെ അതു പുറകോട്ടു തള്ളുകയാണ്. ഫലത്തിൽ, വാഹനത്തിന് ബലമൊന്നും ലഭിക്കുന്നില്ല.

• *വെള്ളം.* വെള്ളമൊഴുകാൻ മർദ്ദം വേണം. അതിന് പൊക്കത്തിൽ നിന്ന് താഴോട്ടൊഴുകണം. ഒഴുകിപ്പോകാൻ കുഴലോ തോടോ നദിയോ വേണം. ഒരു സമയത്ത് ഒഴുകുന്ന വെള്ളത്തിന്റെ അളവ് മർദ്ദത്തെയും പ്രതലത്തിന്റെ വിസ്തീർണം, തടസ്സങ്ങൾ എന്നിവയെയും ആശ്രയിച്ചിരിക്കും. ക്രോസ് വിസ്തീർണ്ണം കുറച്ചാൽ കുഴലിൽക്കൂടി ഒഴുകുന്ന വെള്ളം കൂടുതൽ സ്പീഡിൽ ചീറ്റും. റബർക്കുഴൽ ഞെക്കിപ്പിടിച്ച് വെള്ളം ചീറ്റി ദൂരെയെത്തിച്ച് ചെടികൾ നനയ്ക്കുന്നതു കണ്ടിട്ടില്ലേ? വെള്ളമൊഴുകുന്നതിൽ സ്ഥലത്തിന് എന്തെങ്കിലും എതിർപ്പുണ്ടെങ്കിൽ വെള്ളം കുറയും.

പർവതങ്ങളിൽ മഴ പെയ്ത് ഉറവ വഴി നദീജലം ഒലിച്ചുവരുന്നു. നദിയിലൂടെ പോകുമ്പോൾ നദിയുടെ മധ്യഭാഗത്ത് വേഗത കൂടുതലാണ്. ആഴം കുറവുള്ള അരികിൽ വേഗത കുറയും. നിലത്തിന്റെ ഘർഷണം കൂടുതൽ അനുഭവപ്പെടുന്നതുകൊണ്ടാണിത്. ഒറ്റനോട്ടത്തിൽ, അരികിലെ വെള്ളം പുറകോട്ട് ഒഴുകുകയാണെന്നു തോന്നും-സ്പീഡ് കുറഞ്ഞതുകൊണ്ടുള്ള തോന്നൽ മാത്രം.

മണൽവാരൽ കൊണ്ട് നദിക്ക് ആഴം കൂടുന്നു. കര കവിഞ്ഞൊഴുകാതെ വെള്ളം വേഗത്തിൽ കടലിലെത്തുന്നു. കരയ്ക്ക് വെള്ളത്തിന്റെ ഗുണം കിട്ടുന്നുമില്ല. നദീജലനിരപ്പ് താഴ്ന്നാൽ കടലിൽ ഉപ്പുവെള്ളം കയറി നാശമുണ്ടാക്കും. പിന്നെ കടലിലെ വെള്ളം നീരാവിയായി മഴ പെയ്യിക്കണം. ഈ water cycle പൂർത്തീകരിക്കാൻ കുറച്ചു സമയമെടുക്കും.

• *ചൂട്.* ഇതിന്റെ ഒഴുക്ക് മൂന്നു വിധത്തിലാണ്-conduction, convection, radiation. ഒരു പദാർത്ഥത്തിന്റെ ചൂടായ ഭാഗങ്ങളിലെ തന്മാത്രകൾക്ക് വിറയൽ വർധിക്കുന്നു. തൊട്ടടുത്ത തന്മാത്രകൾക്ക് ഊർജ്ജത്തിന്റെ ഒരു പങ്ക് കൈമാറുന്നു. തന്മാത്രകൾ തൽസ്ഥാനങ്ങളിൽ നിന്നുകൊണ്ട് വിറയ്ക്കുകയും ഊർജ്ജം മാത്രം

*(ശേഷം പേജ് 12)*

# കുരിശ് തളിരിടുന്ന കാലം (മൂന്നാം ഭാഗം)



റവ. രജി ഡാൻ കെ. ഫിലിപ്പോസ്

## അപ്പത്തിന്റെ നാട്ടിൽ നിന്നെത്തിയ അതിഥി

"യേശൂ....യേശൂ...."

എല്ലാവരുടെയും ചിന്തകൾ പെട്ടെന്ന് നിന്നു. ആരോ വിളിക്കുന്നു.

"ആരാണ്?"

"ഞാൻ യേശുവിനെ കാണാൻ വന്നതാണ്."

ഒരു ഭാണ്ഡക്കെട്ടും പേറി ഒരു യുവാവ് അവിടേക്കു കടന്നുവന്നു.

"ഓബേദ്....നീയെങ്ങനെ വീട് കണ്ടുപിടിച്ചു? അപ്പാ, ഇത് ബത്ലഹേമിൽ നിന്നു വന്നതാണ്."

"ബത്ലഹേമിൽ എവിടെയാ നിന്റെ വീട്."

"പടിഞ്ഞാറെ ബത്ലഹേമിലാ. പഴയ ഹെബ്രോന്റെ അടുത്ത് വരും ഞങ്ങളുടെ ഗ്രാമം."

യേശു ഓബേദിനു പാദങ്ങൾ കഴുകാൻ വെള്ളമൊഴിച്ചുകൊടുത്തു. അമ്മ ഓബേദിനു കുടിക്കുവാനായി വെള്ളം കൊണ്ടു വന്നിട്ട് പറഞ്ഞു: "അതേ, എനിക്കിതുപോലെ കുറെയേറെ വീടുകളുണ്ട്."

"ശരിയാണ്, എന്റെ വീടുൾപ്പെടെ," ഓബേദ് പറഞ്ഞു.

"നീ എന്തിനാണ് യേശൂ അവിടെ പോയത്?"

"അമ്മേ, അമ്മ ചെപ്പുകുടങ്ങൾ കാണിച്ചു തന്നു. ഒത്തിരി കാര്യങ്ങൾ പറഞ്ഞു-ദൂതന്റെ കഥ, ജ്ഞാനികളുടെ കാഴ്ച വസ്തുക്കൾ ഇതൊക്കെ. പറയാൻ കഥകൾ ഇനിയും ഉണ്ടല്ലോ. ഞാൻ ജനിച്ചതുകൊണ്ട് കടം വരുത്തിവച്ച കഥ അമ്മ മറച്ചുവച്ചു."

"കടമോ?", മറിയ ആശ്ചര്യപ്പെട്ടു.

"അമ്മേ, **ജീവിതം തന്നെ വലിയൊരു കടമാണ്. ചിലർ കടം വീട്ടും; മറ്റു ചിലർ വീട്ടാതെ പോകും.കടമെന്നു ഞാൻ പറഞ്ഞത് പണം വായ്പയ്ക്കെടുത്തതോ ജീവിതച്ചിലവോ അല്ല, ഈ ജീവിതം ചിലവഴിക്കപ്പെട്ടതിന്റെ കണക്ക്....**"

"ഈ പുതിയ പിള്ളേരുടെ ഭാഷ പോലും മനസ്സിലാകുന്നില്ലല്ലോ ദൈവമേ," മറിയ പരിഭവപ്പെട്ടു.

"ഇതിൽ മനസ്സിലാകാനെന്തിരിക്കുന്നു? ഞാൻ ജനിച്ചപ്പോൾ ആയിരക്കണക്കിനു ആൺകുഞ്ഞുങ്ങൾ നിലവിളിയോടെ അമ്മമാരുടെ വിലാപപ്പട്ടികയിൽ കണക്കുകൾ എഴുതിച്ചേർത്തു. പിതാക്കന്മാരുടെ നെഞ്ചിൽ കനൽ വാരിയിട്ട്, എത്ര കോരിയാലും പറ്റാത്ത ദുഃഖത്തടാകമായി തീർന്ന ഒരു സംഭവമുണ്ടല്ലോ. ഒരു രാജാവിന്റെ സിംഹാസനത്തിന് ബലക്ഷയം വരാതിരിക്കാൻ ഒരു ആഭ്യന്തരയുദ്ധം കുഞ്ഞുങ്ങളോട്! എന്താണെന്ന് ആർക്കും ഓർമ്മയില്ലേ? ബത്ലഹേമിലോ അതിന്റെ അതിരുകളിലോ ഒരൊറ്റ ഇരുപതുകാരനുണ്ടോ? എത്ര തലമുറകളാണ് അന്നു വാളിന് ഇരയായത്? ഈ ഓബേദിന്റെ ജ്യേഷ്ഠനെയും അന്നാണ് പടയാളികൾ കൊന്നത്. അല്ല, എനിക്കുവേണ്ടി പിഞ്ചുകാലുകൾ ഉറപ്പിച്ചു നടക്കാൻ തുടങ്ങുന്ന പാവം ഓബേദ്....ആ വീട്ടിലെ ആദ്യപുത്രൻ.... അവന്റെ കുട്ടിക്കളികളും കൊഞ്ചലും കൊണ്ട് ദിനരാത്രങ്ങൾ കഴിച്ച ആ വീടിനെ അന്ന് ആ ദുരന്തം കയ്യേറി. എത്ര നാളുകളായി. വേർപാടിന്റെ വേദന തീരുമോ? ആ വീടിന്റെ ദുഃഖം തീരുമോ?". വീണ്ടും എല്ലാവരും മൗനത്തിലായി.

ആമോസ് ഓബേദിനോടായി ചോദിച്ചു: "കുഞ്ഞേ നിങ്ങളുടെ വീട്ടിൽ ആരൊക്കെയുണ്ട്? യേശുവാണ് മറുപടി പറഞ്ഞത്. "എന്തിനാണ് ആമോസപ്പാ?"

"അല്ല, നിന്നെ ഒരു മരുമകനായി അല്ലെങ്കിൽ ഒരു മകനായി അവിടേക്കു നൽകിയാൽ....."

യേശു പറഞ്ഞു: "അതു ശരി. ഇവന്റെ വീട്ടിലേക്കാവാം. പക്ഷേ ആയിരക്കണക്കിനാണ് ഓബേദുമാരുടെ വീടുകൾ..."

"നിനക്ക് എല്ലാവരെയും തൃപ്തിപ്പെടുത്താനാവുമോ?," ജോസഫാണ് ചോദിച്ചത്.

"ആർക്കും ആരെയും തൃപ്തിപ്പെടുത്താനാവില്ല. ആശ്വാസമേകുവാൻ പറ്റും. ഒരു പക്ഷേ രാജാവാകാതെ കുറെ മനസ്സുകളുടെ നൊമ്പരം കുറയ്ക്കുവാനാവും. ഒരു രാജാവായാൽ മാത്രം പോരാ. സദാസമയം സിംഹാസനം കാത്തുസൂക്ഷിക്കണം. കിടക്കപ്പായയിലുള്ള കുട്ടികളെ മുതൽ അയൽപക്കത്തുള്ള രാക്ഷസ രാജാക്കന്മാരെ വരെ ഭയപ്പെടണം. എന്തു വിജയം? ആർക്കു ജയം? വേദനപ്പെടുന്ന കുറെ പ്രിയ മാനസങ്ങളുടെ നൊമ്പരക്കനൽ ആരു പിന്നീട് കെടുത്തും? ഈ തേരോട്ടത്തിനിടയിൽ സംഭവിക്കുന്ന ക്രൂരമായ വേർപാടിന്റെ കനൽ ആർക്കും ഊതിക്കെടുത്താനാവില്ലല്ലോ."

"ഇനി അമ്മ പറ....ഞാൻ രാജാവാകണോ?"

"ങേ. എന്താണിവിടെ. പട്ടാഭിഷേകമോ?," ഓബേദാണു ചോദിച്ചത്.

"പട്ടാഭിഷേകമല്ല. ഇവനെക്കുറിച്ചുള്ള ദൈവഹിതമിതാണെന്ന് ഞങ്ങൾ പറഞ്ഞു കൊടുക്കുകയായിരുന്നു. ഇത്രയുമേ ഞങ്ങൾക്ക് പറയാനറിയൂ. നീ കൂട്ടുകാരനല്ലേ, നീയൊന്നു പറഞ്ഞു കൊടുക്ക്."

ജോസഫ് പറഞ്ഞു : "ഇത്രയും ദൂരം താണ്ടി യേശു ഞങ്ങളെത്തേടി വരുന്നത് എന്തുകൊണ്ടാണ്? അവൻ രാജാവായതുകൊണ്ടല്ലേ? ഞങ്ങളുടെ രാജാവാണവൻ. കിരീടവും ചെങ്കോലും വേണ്ടാത്ത രാജാവ്, ദാസനാകാൻ കൊതിക്കുന്ന, ദാസനായിരിക്കുന്ന രാജാവ്......അല്ലെങ്കിൽത്തന്നെ അവൻ രാജാവായി വരണമെന്ന് നിങ്ങളാഗ്രഹിക്കുമ്പോൾ ആരുടെ ഭാവിയാണ് സുരക്ഷിതമാവുന്നത്? അമ്മയുടെ, അപ്പന്റെ.....ആ ഓടിക്കളിക്കുന്ന കുഞ്ഞുങ്ങളുടെ, ബന്ധുക്കളുടെ. വേണ്ട, അതിനുള്ളവനല്ല അവൻ. എല്ലാവരുടെയും രാജാവാണവൻ. ഇനി അവന്റെ രാജ്യം തുടങ്ങുകയായി..."

യേശുവിനെ പുണരുവാനായി അമ്മ അടുത്തു വന്നിട്ട് ഇങ്ങനെ പറഞ്ഞു.

"വേണ്ട, മകനേ, നിന്റെ ഇഷ്ടംപോലെ ആയിത്തീർന്നോളൂ. അതാണ് വലിയ കാര്യം...."

"അതല്ല വലിയ കാര്യം...." യേശു ഉയരങ്ങളിലേക്ക് കൈകൾ ഉയർത്തിക്കൊണ്ടു പറഞ്ഞു. "അവിടുത്തെ ഹിതമാണു വലിയത്...."

"കുഞ്ഞേ, ആ ഹിതമാണ് ഞങ്ങൾ നിന്നോടു പറഞ്ഞത്," ജോസഫ് പറഞ്ഞു.

**പ്രതീക്ഷകളും വേദനകളും ഒന്നിച്ചു ചാലിക്കുക. സൗഖ്യവും ദുരന്തവും ഒന്നിച്ചു കോർക്കുക. നമ്മുടെ ഹിതവും ദൈവഹിതവും ചേർത്തു സൂക്ഷിക്കുക. ഞാൻ ബദ്ധപ്പെടുന്നതുപോലെ രാജത്വവും ദാസ്യത്വവും ഒരേ നുകത്തിലാക്കാൻ...**



# സ്വർണത്തിന്റെ സ്വന്തം നാട്

ഡോ. ജോസ് പാറക്കടവിൽ



**വിവാഹത്തിനു സ്വർണം എത്ര പവൻ? എന്നന്വേഷിച്ചിരുന്ന മലയാളി ഇപ്പോൾ ചോദിക്കുന്നത് എത്ര കിലോ സ്വർണം? എന്നാണ്. കേരളീയസമൂഹം പ്രബുദ്ധതയാർജിച്ചപ്പോൾ ഉപേക്ഷിച്ച നിരവധി തിന്മകൾ പൂർവാധികം ശക്തിയോടെ മടങ്ങിവരികയാണിപ്പോൾ.**

'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് മലയാളികൾ സ്വയം വിശേഷിപ്പിക്കുന്ന കേരളത്തിന് 'സ്വർണത്തിന്റെ സ്വന്തം നാട്' എന്ന വിശേഷണമായിരിക്കും കൂടുതൽ യോജിക്കുക. ഇന്ത്യയിൽ സ്വർണവിൽപ്പന ഇപ്പോൾ ഏറ്റവുമധികം നടക്കുന്നത് കേരളത്തിലാണെന്ന് ഇക്കണോമിക് ടൈംസിൽ ഈയിടെ റിപ്പോർട്ടുണ്ടായിരുന്നു. ഏഴായിരം വൻകിട സ്വർണ വ്യാപാരകേന്ദ്രങ്ങളും അതിലധികം ചെറുകിട സ്വർണ വിൽപ്പനശാലകളുമുള്ള കേരളത്തിൽ ഓരോ മാസവും പുതിയ ഷോ റൂമുകൾ തുറന്നുകൊണ്ടിരിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും കേരളത്തിലുണ്ടായ നവോത്ഥാന ചിന്തകളിലൂടെ മലയാളികൾ നേടിയ മനോവികാസം അഭിമാനകരമായിരുന്നു. ശ്രീനാരായണഗുരു, മന്നത്തു പത്മനാഭൻ തുടങ്ങിയ സാമുദായികാചാര്യന്മാർ ആർഭാട പ്രകടനങ്ങളിൽ നിന്നു മോചനം നേടുവാൻ ജനങ്ങളെ പഠിപ്പിച്ചിരുന്നു. ക്രൈസ്തവസഭയിലുണ്ടായ നവീകരണചിന്താഗതികൾ സ്വർണത്തോടുള്ള ഭ്രമം ഉപേക്ഷിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചിരുന്നു. ഗാന്ധിയൻ ചിന്താഗതിയുടെ സ്വാധീനതയിൽ സ്വർണത്തോടു വിപ്രതിപത്തി പുലർത്തിയവർ ഏറെയുണ്ടായിരുന്നു. കേരളത്തിലെ കമ്യൂണിസ്റ്റു പ്രസ്ഥാനവും ഇതൊരു ഭൂഷണമല്ലെന്ന് ജനങ്ങളെ പഠിപ്പിച്ചു. എന്നാൽ മലയാളികൾക്കിപ്പോൾ എല്ലാ മനോനിയന്ത്രണവും കൈവിട്ടു പോയിരിക്കുന്നു.

സ്വർണാഭരണം നിഷിദ്ധമാകയാൽ മിന്നുമാല പോലും ഉപേക്ഷിച്ച പെന്തക്കോസ്ത് വിശ്വാസികൾ സ്വർണാഭരണങ്ങൾ അനുവദിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. വിവാഹത്തിനു 'സ്വർണം എത്ര പവൻ'? എന്നന്വേഷിച്ചിരുന്ന മലയാളി ഇപ്പോൾ ചോദിക്കുന്നത് 'എത്ര കിലോ സ്വർണം?' എന്നാണ്.

കേരളീയസമൂഹം പ്രബുദ്ധതയാർജിച്ചപ്പോൾ ഉപേക്ഷിച്ച നിരവധി തിന്മകൾ പൂർവാധികം ശക്തിയോടെ മടങ്ങിവരികയാണിപ്പോൾ. സമ്പന്നരുടെ ആഡംബരപ്രകടനങ്ങളെ നിയന്ത്രിക്കുവാൻ കഴിവുള്ള ആത്മീയഗുരുക്കന്മാരോ രാഷ്ട്രീയനേതാക്കളോ ഇല്ലാത്തതിന്റെ ദുരന്തം മലയാളികളുടെമേൽ നിപതിച്ചുകൊണ്ടിരിക്കുന്നു. ധനികരുടെ ജീവിതശൈലി പിന്തുടരുകയെന്നത് കേരളത്തിലെ മധ്യവർഗത്തിന്റെയും ദരിദ്രരുടെയും ദൗർബല്യമാണ്, എല്ലാക്കാലത്തും. അതിനാൽ, പണമുണ്ടെങ്കിലും ആർഭാടങ്ങൾ പ്രദർശിപ്പിക്കാതിരിക്കുന്നതാണ് ആഢ്യത്വമെന്ന് ധനികരെ ബോദ്ധ്യപ്പെടുത്തുവാൻ കഴിവുള്ളവരുണ്ടായിരുന്നതിന്റെ ആശ്വാസമനുഭവിച്ചത് ഇടത്തരക്കാരും പാവപ്പെട്ടവരുമാണ്. ആത്മീയതയുടെ പരിവേഷത്തോടെയാണെങ്കിലും ലാളിത്യത്തെ ആദർശവൽക്കരിക്കുവാൻ സാധിച്ച ഭൂതകാലത്തെക്കുറിച്ച് ഇപ്പോൾ അസൂയ തോന്നുന്നു.

നമ്മുടെ കാലഘട്ടം എവിടെ എത്തിനിൽക്കുന്നു? പണത്തിനു മുമ്പിൽ കുനിയാത്ത ശിരസ്സുകളില്ല. ജീവിതത്തിൽ ആത്മീയതയ്ക്ക് ഒന്നാം സ്ഥാനം നൽകുകയെന്നത് നവീകരണ ചിന്താഗതിയിലൂടെ മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികളിൽ വളർന്നുവന്ന അവബോധമായിരുന്നു. ഈ സമൂഹം ഒരു ഞായറാഴ്ച രാവിലെ നടന്ന സ്വർണക്കട ഉൽഘാടനത്തെ വലിയൊരു ആഘോഷമാക്കി മാറ്റുകയുണ്ടായി. മദ്ധ്യതിരുവിതാംകൂറിലെ നസ്രാണിമനസ്സുകളെ കൈവശപ്പെടുത്തിയ വ്യാപാരികളെ അഭിനന്ദിക്കാതെ തരമില്ല.

**കേരളത്തിലെ ഇപ്പോഴത്തെ കാലാവസ്ഥയിൽ മഴ കുറവാണെങ്കിലും സ്വർണമഴ തിമർത്തു പെയ്യുകയാണ്!**

●●

---

**"അതു ശരി തന്നെ. ഞാൻ ചുറ്റുപാടിന്റെ യാഥാർത്ഥ്യങ്ങൾ കാണുമ്പോൾ തിരുഹിതം എന്നിൽ ഇങ്ങനെ നിറവേറുകയാണെന്നു തോന്നുന്നു....എന്നെപ്പറ്റി മാത്രമല്ല, നമ്മൾ എല്ലാവരെയും പറ്റിയുള്ള ദൈവഹിതം എന്തെന്നറിയണം.** ആര് എവിടെ കണ്ണുകൾ പതിപ്പിക്കുന്നുവോ, ചെവിയോർക്കുന്നുവോ, എത്ര ദൂരെയായാലും ശരി, അവിടെ നിന്നാണ് തിരുഹിതം രൂപപ്പെട്ടു വരുന്നത്."

"ഞങ്ങൾക്കു രാജാവെന്നു വച്ചാൽ ഒരർത്ഥമേയുള്ളൂ. കൊട്ടാരവും സിംഹാസനവും പരിവാരങ്ങളുമുള്ള ഒരു രാജാവ്....," ജോസഫ് പറഞ്ഞു.

"അമ്മ എന്നോടു പറയാത്ത ഒരു കാര്യം കൂടെയുണ്ട്-ദേവാലയത്തിലെ ശിമ്യോൻ പറഞ്ഞ ആ വെളിപ്പാട്. എല്ലാവരും അങ്ങനെയാണ്, തങ്ങൾക്കിഷ്ടമുള്ളത് മാത്രം സ്വീകരിക്കും. വേണ്ടാത്തതിനെ കണ്ടില്ലെന്നു നടിക്കും. അമ്മ കരുതിവച്ചില്ലേ ഈ പൊന്നും മീറയും കുന്തുരുക്കവും....അങ്ങനെ നെഞ്ചിലൂടെ കടക്കുന്ന വാളും ദാവീദിന്റെ സിംഹാസനവും ഒന്നിച്ചു വയ്ക്കുക. അനന്തമായ രാജത്വവും ആഴമെത്താത്ത ദുഃഖക്കടലും ഒരുമിച്ചു വയ്ക്കുക; ഒരുമിച്ചു ദർശിക്കുക. പ്രതീക്ഷകളും വേദനകളും ഒന്നിച്ചു ചാലിക്കുക. സൗഖ്യവും ദുരന്തവും ഒന്നിച്ചു കോർക്കുക. നമ്മുടെ ഹിതവും ദൈവഹിതവും ചേർത്തു സൂക്ഷിക്കുക. ഞാൻ ബദ്ധപ്പെടുന്നതുപോലെ രാജത്വവും ദാസ്യത്വവും ഒരേ നുകത്തിലാക്കാൻ..."

വീണ്ടും അവർ മൗനത്തിലായി.

*(അവസാനിച്ചു)*

# നൂറു മേനി വിജയത്തിനു പിന്നിൽ...

ജോർജ് ബഹനാൻ ടി (കൗൺസലർ & തെറാപ്പിസ്റ്റ്)



"ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ..........സ്കൂളിന് നൂറു മേനി വിജയം. എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 45 കുട്ടികളിൽ 13 ഡിസ്റ്റിംഗ്ഷൻ, 31 ഫസ്റ്റ് ക്ലാസ്സ്. ഒരു സെക്കൻഡ് ക്ലാസ്സ്. പ്ലസ്ടു പരീക്ഷ എഴുതിയ 29 കുട്ടികളിൽ 12 ഡിസ്റ്റിംഗ്ഷൻ, 16 ഫസ്റ്റ് ക്ലാസ്സ്, ഒരു സെക്കൻഡ് ക്ലാസ്സ്." ഒരു സഭാമാസികയിൽ വന്ന വാർത്തയാണിത്. മനഃശാസ്ത്രപരമായി ഇത്തരം വാർത്തകൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ കരി തേക്കുന്നവയാണെന്നു പറഞ്ഞാൽ അത് വിവാദമാകും. പക്ഷേ അതാണു സത്യം. നൂറു മേനി കിട്ടാത്ത വിദ്യാലയങ്ങൾ രണ്ടാം തരമാകുമോ? റിസൾട്ട് പ്രസിദ്ധീകരിച്ചതിനുശേഷം എവിടെച്ചെന്നാലും കേൾക്കുന്നത് ഡിസ്റ്റിംഗ്ഷനുണ്ടോ, റാങ്കുണ്ടോ, ഫസ്റ്റ് ക്ലാസ്സുണ്ടോ, മാർക്ക് എത്ര ശതമാനം? എന്നീ അന്വേഷണങ്ങളാണ്. മാർക്കിന്റെ അമിത ലഹരിയിലാണ് ഇന്നത്തെ മാതാപിതാക്കളും കുട്ടികളും അദ്ധ്യാപകരും. നൂറു മേനി വിജയം കൊയ്യാനുള്ള സ്കൂളധികൃതരുടെ ആവേശത്തിൽ ബലിയാടാകുന്നത് വിദ്യാർത്ഥികൾ മാത്രം. ടെസ്റ്റും ഇന്റർവ്യൂയുമൊക്കെ കഴിഞ്ഞാണ് ചെറിയ ക്ലാസ്സിൽ പോലും കുട്ടികളെ എടുക്കുന്നത്. പിന്നെയങ്ങോട്ട് കുട്ടികൾക്ക് യാതനയുടെ നാളുകളാണ്. മാർക്കും റാങ്കും പറഞ്ഞ് അദ്ധ്യാപകരും മാതാപിതാക്കളും കുട്ടികളെ വിരട്ടുന്നു. ഇതവസാനിക്കുന്നത് നൂറു മേനിയുടെ തിളക്കം പത്രത്തിൽ വരുന്നതോടെയാണ്. അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും മനോഭാവം മാറിയില്ലെങ്കിൽ അത് നമ്മുടെ കുട്ടികളെ മാനസികമായി ബാധിക്കും.

"Education is an internal process". അത് തുടങ്ങേണ്ടത് വളരെ ചെറുപ്പത്തിൽ തന്നെയാണ്. വൈകാരിക പക്വത നേടുന്നതോടൊപ്പം നന്മതിന്മകളെപ്പറ്റിയുള്ള തിരിച്ചറിവ്, പ്രതിസന്ധികളെ നേരിടാനുള്ള ധൈര്യം, ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷ, സഹജീവികളോടുള്ള സ്നേഹം-ഇതൊക്കെയാണ് വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യങ്ങൾ. ഇതിന്റെയെല്ലാം തുടക്കം സ്കൂളിൽത്തന്നെയാണ്. EQ അഥവ വൈകാരിക ബുദ്ധിയെപ്പറ്റി നാം ധാരാളം വായിക്കുകയും കേൾക്കുകയും ചെയ്യുന്നു. സ്കൂളുകളിൽ യാഥാർത്ഥ്യമാക്കേണ്ട ഒരു മനഃശാസ്ത്ര സത്യമാണത്. ഇതിനെപ്പറ്റി മാതാപിതാക്കളും അദ്ധ്യാപകരും ഒരു പോലെ ബോധവാൻമാരാവുകയാണെങ്കിൽ പ്രതീക്ഷയ്ക്കു വഴിയുണ്ട്.

"Waterloo was won on the playing fields of Eton" എന്ന് ഓരോ ഇംഗ്ലീഷുകാരനും അഭിമാനത്തോടെ പറയും. ഈറ്റൻ പബ്ലിക് സ്കൂളിന്റെ കളിസ്ഥലങ്ങൾ വളർത്തിയെടുത്ത വ്യക്തികളാണ് നെപ്പോളിയനെ വാട്ടർലൂ യുദ്ധത്തിൽ പരാജയപ്പെടുത്തിയത്. ഇവിടെയാണെങ്കിൽ നമ്മുടെ സ്കൂളുകൾ കുട്ടികളെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ പരാജയം അവരുടെ ജീവിതം മുഴുവൻ അവരെ പിൻതുടർന്നുകൊണ്ടിരിക്കും. അഞ്ചാം ക്ലാസ്സു വരെ സിലബസിന്റെയൊന്നും ആവശ്യമില്ലെന്ന് വിദ്യാഭ്യാസ വിചക്ഷണൻമാർ പറയുമ്പോഴും ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലും വരെ കുട്ടികളെ തോൽപ്പിക്കുന്നു. അത് ഒൻപതാം ക്ലാസ്സ് വരെ നിർബാധം തുടരുകയും ചെയ്യുന്നു. കുട്ടികളെ സ്കൂളിൽ വിടുന്നത് തോൽപ്പിക്കാൻ വേണ്ടിയല്ല ജയിപ്പിക്കാനാണ്. കുട്ടിയുടെ പഠന വൈകല്യങ്ങൾ, വൈകാരിക പ്രശ്നങ്ങൾ തുടങ്ങിയവ കണ്ടെത്തി അവനെ അതേ സ്കൂളിൽ തന്നെ പഠിപ്പിച്ച് മിടുക്കനാക്കി പുറത്തു വിടുക. അച്ഛനമ്മമാർ പ്രതീക്ഷയോടെ ഉറ്റു നോക്കുന്ന മക്കളെ അതേ പ്രതീക്ഷയോടെ അദ്ധ്യാപകരും കാണണം. മണ്ടനെ മടിയനെന്നു മുദ്രയടിക്കാൻ എളുപ്പമാണ്. കുട്ടിയുടെ സമഗ്രമായ ഒരു വ്യക്തിത്വ വികസനം സ്കൂളിൽ നടക്കണം.



ഏതെങ്കിലും വിദ്യാർത്ഥി പഠിത്തത്തിൽ മോശമായാൽപ്പിന്നെ സ്കൂളധികൃതർക്കു ക്ഷമയില്ല. ഒന്നുകിൽ ആ വിദ്യാർത്ഥിയെ സ്കൂളിൽ നിന്നു വിടുക, അല്ലെങ്കിൽ തോൽപ്പിക്കുക; അതല്ലെങ്കിൽ സ്വയം സ്കൂളിൽ നിന്നു പോകാനുള്ള അവസരമുണ്ടാക്കുക. ഇത് പത്താം ക്ലാസ്സു വരെ തുടരുന്നു. സ്കൂളിനേക്കാൾ പ്രധാനം കുട്ടികളാണെന്ന സത്യം ഇവർ മറക്കുന്നു. ഇങ്ങനെ അരിച്ചരിച്ച് പത്താം ക്ലാസ്സിലെത്തുന്നവർ നൂറു ശതമാനം വിജയിച്ചാൽ എന്തഭിമാനിക്കാൻ? എൽ.കെ.ജി. മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പതിനാലു വർഷത്തെ കഠിന തടവിനുശേഷം വികലമായ വ്യക്തിത്വത്തോടെ പുറത്തുവരുന്ന നമ്മുടെ വിദ്യാർത്ഥികൾ മറ്റൊരു നെട്ടോട്ടത്തിന് തയാറെടുക്കുകയാണ്. സ്കൂൾ തലത്തിൽ ഇവരുടെ വ്യക്തിത്വ വികസനം അപൂർണ്ണമായതിനാൽ ഭാവിയിലെ വഴിത്തിരിവുകളിൽ പന്തം കണ്ട പെരുച്ചാഴിയെപ്പോലെ അവർ അന്ധാളിച്ചു നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ദേശീയ തലത്തിലുള്ള ടെസ്റ്റുകൾ, ഇന്റർവ്യൂ എന്നിവയിൽ നമ്മുടെ കുട്ടികൾ വളരെ പിന്നിലാകുമ്പോൾ നാം അത്ഭുതപ്പെടുന്നു.

പത്തും പന്ത്രണ്ടും ക്ലാസ്സുകൾ കഴിഞ്ഞ് പല പ്രശ്നങ്ങൾക്കായി കൗൺസലിംഗിന് വിധേയരാകുമ്പോഴാണ് പലർക്കും ധാരാളം വൈകാരിക പ്രശ്നങ്ങളുണ്ടെന്നു മനസ്സിലാകുന്നത്. അമിതഭയം, അപകർഷബോധം, പെൺകുട്ടികളുടെ മുഖത്തു നോക്കാൻ പേടി, ആത്മവിശ്വാസമില്ലായ്മ, അതിഥികളെ അഭിമുഖീകരിക്കാൻ വിഷമം, പരീക്ഷാഭയം, ഭാവിയെപ്പറ്റിയുള്ള ഉൽക്കണ്ഠ, കുറ്റബോധം, വെപ്രാളം, ഇങ്ങനെ പോകുന്നു ഇവരുടെ പ്രശ്നങ്ങൾ. ഒന്ന് "സ്മാർട്ടായി" നിൽക്കാൻ പോലും നമ്മുടെ കുട്ടികൾക്കറിയില്ല. ഒന്നു ചിരിക്കാനറിയാത്ത എത്രയോ കുട്ടികളെ നാം കണ്ടുമുട്ടുന്നു. സ്കൂളിൽ ചേർന്ന ശേഷം ചിരിക്കാൻ സമയമില്ല! പലരെയും വെറും പാവകളെപ്പോലെ മാതാപിതാക്കൾ കൊണ്ടു നടക്കുന്നു. ഇക്കൂട്ടർക്ക് വേറൊന്നു കൂടി സംഭവിക്കും-മൂല്യശോഷണം. പല സ്കൂളിലും കോപ്പിയടി വ്യാപകമാണ്. കാരണം, പരീക്ഷയിൽ നൂറു മേനിയാണല്ലോ ലക്ഷ്യം. മാർഗ്ഗമേതായാലും മാർക്കു മതി എന്ന മുദ്രാവാക്യം അവർ പഠിച്ചു കഴിഞ്ഞു. ഏതു വിധേനയും മാർക്ക് നേടണമെന്ന ചിന്ത എല്ലാ മൂല്യങ്ങളെയും കാറ്റിൽ പറത്തുന്നു.

സ്കൂളുകളിൽ ലഭിക്കുന്ന മൂല്യങ്ങളും ശീലങ്ങളുമാണ് സനാതനമായി നില നിൽക്കുന്നത്. 'ചൊട്ടയിലെ ശീലം ചുടല വരെ'-ഇതൊരു മനഃശാസ്ത്ര സത്യമാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, വൃദ്ധനായാലും അവൻ അത് വിട്ടുമാറില്ല." വ്യക്തിത്വവികസന

# പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും

ഡോ. അന്നമ്മ ജോർജ്, ഇരവിപേരൂർ

### ദൈവികവ്യാപാരം വിവിധ മതങ്ങളിൽ

ദൈവാത്മാവ് നിത്യനാണെന്ന് പൗരസ്ത്യ പാരമ്പര്യവിശ്വാസം ശക്തീകരിക്കുന്നു. ദൈവം ആത്മാവാകുന്നു. സൃഷ്ടിപ്പു മുതൽ അന്ത്യം വരെയും ദൈവാത്മാവു പ്രവർത്തനനിരതനാകുന്നു. സകലത്തെയും പുതുതാക്കിയും ദൈവത്തിങ്കലേക്കടുപ്പിച്ചും കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സാർവത്രിക പ്രവർത്തനം ആത്മാവിൽക്കൂടെയാണു സാധിക്കുന്നത്. വിശ്വാസപ്രമാണത്തിൽ 'പിതാവിൽ നിന്നും പുറപ്പെട്ട്' എന്നാണ് ആത്മാവിനെപ്പറ്റി പറയുന്നത്. ചില പാശ്ചാത്യചിന്തകർ ആത്മാവിനെ 'പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെട്ട്' എന്നാണ് വിവരിക്കാൻ ശ്രമിച്ചിട്ടുള്ളത്. പിതാവിൽ നിന്ന് എന്നാകുമ്പോൾ ദൈവാത്മാവിന്റെ വ്യാപാരത്തിനു കൂടുതൽ വിപുലമായ പ്രവർത്തനരംഗമാവും വിവക്ഷിക്കുക. ഒരു കുരയ്ക്കു കീഴിൽ ക്രിസ്ത്യാനികൾ മാത്രമല്ല, പ്രത്യുത, ഇതരമതവിശ്വാസികളും വ്യത്യസ്ത ആദർശം വച്ചു പുലർത്തുന്നവരും ഉൾപ്പെടുമല്ലൊ.

എല്ലായിടത്തും അനുഭവവേദ്യമാകുന്ന ആത്മാവിന്റെ അനുഭവം ഉയർത്തിക്കാണിക്കണം. ദൈവം സകലരിലും സംവേദനം ചെയ്യുന്ന ആത്മാനുഭവമാണ് മതങ്ങൾ തമ്മിൽ അഭിവാദനം ചെയ്യുന്ന രംഗം. പരിശുദ്ധാത്മാവ് എന്നതിലല്ല ശക്തീകരണം. ദൈവം ആത്മാവാണെന്ന രീതിയിലാണ് അതിനെ കാണേണ്ടത്.

പരിശുദ്ധാത്മ കേന്ദ്രീകൃതമായ ക്രിസ്തുവിജ്ഞാനീയം ചിലരുടെ ചിന്തയിൽ, യേശുവിൽ ദൈവാത്മാവ് എങ്ങനെ പ്രവർത്തിച്ചുവെന്നത് ആസ്പദമാക്കിയാണ്. യേശുവിന്റെ ദൈവികത ദൈവം ആത്മാവാണെന്നതിൽക്കൂടിയാണ്. വചനത്തിന്റെ പ്രതീകമല്ല, ദൈവവചനം ജഡമായതാണ് ക്രിസ്തു എന്ന ചിന്തയ്ക്ക് കുറെക്കൂടി അനുയോജ്യമായത് ദൈവാത്മ കേന്ദ്രീകൃതമായ ക്രിസ്തുവിജ്ഞാനീയമാണ്. ലോകത്തിന്റെ രക്ഷകനാകുവാൻ ക്രിസ്തുവിനെ ശക്തീകരിച്ചത് ദൈവാത്മാവാണ്. വചനം ജഡമായതായി യേശുവിനെ ചിത്രീകരിച്ചാലും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം അനാദികാലം മുതലുള്ളതാണ്. ദൈവാത്മാവിനെ, ദൈവസ്നേഹത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിൽ നിന്നും വേറിട്ടു കാണുവാൻ പ്രയാസമാണ്. തിരുവചനഭാഗങ്ങളെടുത്ത് ക്രിസ്തുവിജ്ഞാനീയം വ്യാഖ്യാനിക്കാറുണ്ട്. അതിൽ അപകടങ്ങൾ പതിയിരിക്കും. ക്രിസ്തു ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമാണ്. ദൈവത്തെ മനുഷ്യർക്ക് ഒരിക്കലും പൂർണ്ണമായി ഗ്രഹിക്കാനാവില്ല. നാം ദൈവാത്മാവിനെയും ദൈവത്തെയും ദൈവവചനത്തെയും വെവ്വേറേ കാണാൻ ശ്രമിക്കാതെ ഒന്നായി കാണാൻ ശ്രമിക്കണം.

ദൈവനിശ്വാസീയമായ ഇതരമതങ്ങളിലും അവരുടെ വേദഗ്രന്ഥങ്ങളിലും ദൈവിക വെളിപ്പാടുണ്ടെന്ന് നാം സമർത്ഥിച്ചു.

> **ആരെയും ഹേമിച്ചു മതം മാറ്റുന്നത് സുവിശേഷീകരണമല്ല. ദൈവത്തിന്റെ രക്ഷണ്യ പ്രവൃത്തി അനുഭവിച്ചറിയുവാനിടയാകണം.**

ദൈവിക വെളിപ്പാടുണ്ടെന്നു പറയുന്നതും അവ ദൈവനിശ്വാസീയമാണെന്നു പറയുന്നതും ഒന്നല്ല. വേദപുസ്തകേതര ഗ്രന്ഥങ്ങളെപ്പറ്റി 1974-ൽ നടത്തിയ ഒരു അന്വേഷണ സെമിനാറിൽ മൂന്നു തരത്തിലുള്ള ദൈവനിശ്വാസീയതയുണ്ടെന്നു പറയുന്നു-യുഗാന്ത്യവിജ്ഞാനീയം, പ്രവചനം, ഉദ്ദീപനം. യുഗാന്ത്യപരമായ ദൈവികപ്രേരണ യേശുക്രിസ്തുവിന്റെ പ്രഖ്യാപനത്തോടു ബന്ധപ്പെടുത്തി ചിന്തിക്കാനാണു സാധ്യത. ദൈവം മനുഷ്യനായവതരിച്ചതും, മരിച്ചവരിൽ നിന്ന് ഉയിർത്തതും പരിശുദ്ധാത്മ ശക്തിയാലാണ്. എന്നാൽ അതു പുതിയനിയമവുമായി ബന്ധപ്പെടുത്തുവാനേ സാധ്യമാകൂ. പ്രവചനങ്ങളുമായി ബന്ധപ്പെടുന്ന ദൈവനിശ്വാസീയത ഇസ്രയേൽ ചരിത്രവുമായി ബന്ധപ്പെടുത്താം. ഇസ്രയേലിൽക്കൂടി ദൈവം പ്രവർത്തിക്കുകയും മശിഹയുടെ വരവിനായി ജനങ്ങളെ ഒരുക്കി ദൈവവുമായുള്ള ഉഭയസമ്മതത്തിനു വിധേയരാക്കുകയും ചെയ്തു. ഇത് പഴയനിയമത്തിൽക്കൂടിയാണ് പ്രകാശിതമാകുന്നത് (യോഹ. 1:4-5, 9). ദൈവികപ്രകാശം കൊണ്ട് പ്രകാശിപ്പിക്കുന്നത് ദൈവം തന്റെ ആത്മാവിനാൽ വിവിധ ജാതികൾക്ക് വിവിധ മാർഗ്ഗത്തിൽ വെളിപ്പെടുത്തുന്നുവെന്ന് ഇതര മതഗ്രന്ഥങ്ങളും അവകാശപ്പെടുന്നുണ്ട്.

പല ഭാരതീയ ദൈവശാസ്ത്രജ്ഞന്മാരും ഇതരമതങ്ങളുടെ വേദഗ്രന്ഥങ്ങൾ രൂപം കൊള്ളുന്നതിൽ ദൈവാത്മാവിന്റെ നടത്തിപ്പുണ്ടെന്നു വിശ്വസിക്കാനാഗ്രഹിക്കുന്നവരാണ്. അതേ സമയം, പ്രസ്തുത ഗ്രന്ഥങ്ങൾ ക്രിസ്തുവിജ്ഞാനീയ ചിന്തയിൽ ദൈവനിശ്വാസീയം എന്നതിന്റെ അർത്ഥവ്യാപ്തി നൽകുവാൻ വിമുഖരുമാണ്. ഇതരവേദങ്ങൾ രൂപം കൊണ്ടത് ദൈവാത്മാവിന്റെ ദൈവകൃപാനുസരണമാണെന്നു വരുന്നില്ല. മനുഷ്യരുടെ ബലഹീനതകളും അതിൽ പ്രകടമാകും.

### ആരാധനയിൽ ഇതര മതഗ്രന്ഥങ്ങൾ ഉപയോഗിക്കാമോ?

സഭയിൽ ആരാധനക്രമങ്ങൾ (liturgy) രൂപംകൊണ്ടത് ഒന്നാം നൂറ്റാണ്ടിനുശേഷമാണ്. അപ്പോൾ വിശ്വാസികൾ ഒരുമിച്ചുകൂടി ആരാധിക്കുമ്പോൾ ഇന്നത്തെ വേദപുസ്തകം പോലും രൂപമെടുത്തിരുന്നില്ല. പഴയനിയമഗ്രന്ഥങ്ങളും പുതിയനിയമഗ്രന്ഥങ്ങളും നേതാക്കന്മാരുടെ കത്തുകളും രക്തസാക്ഷികളുടെ ജീവചരിത്രങ്ങളും മറ്റും ആരാധനാവേളയിൽ ഉപയോഗിക്കുമായിരുന്നു. അതുപോലെ ഇതര മതഗ്രന്ഥങ്ങളിൽ ആത്മാവിനെ ധന്യമാക്കുന്ന ഭാഗങ്ങളെടുത്ത് ആരാധനയിൽ ഉപയോഗിക്കാമെന്ന് പലരും അഭിപ്രായപ്പെടുന്നു.

---

പ്രക്രിയ ചെറിയ ക്ലാസ്സുകളിൽ തുടങ്ങണമെന്ന സത്യമാണ് ഈ ബൈബിൾ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നത്. സ്കൂൾ കാമ്പസിൽ നഷ്ടപ്പെട്ടുപോയ വിദ്യാർത്ഥികളെ കണ്ടെത്തണം. എന്നിട്ട് അവരെ സ്വയം കണ്ടെത്താൻ പഠിപ്പിക്കണം. വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി വളർത്തുക. അവരുടെ ഭാവനകൾ വളർത്തിയെടുക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കണം. വായനാശീലം വളർത്തണം. ആശയവിനിമയത്തിലുള്ള കഴിവ് വർദ്ധിപ്പിക്കണം. ഓരോ ക്ലാസും ഓരോ ടീമായി പ്രവർത്തിച്ചാൽ കുട്ടികൾക്ക് ഉത്സാഹം വർദ്ധിക്കും. പരീക്ഷയെപ്പറ്റിയും പഠിക്കുന്നതിനെപ്പറ്റിയും കുട്ടികൾക്ക് പുതിയ ഉൾക്കാഴ്ചകൾ കൊടുക്കണം. അപ്പോൾ പഠിത്തം സന്തോഷകരമാകും. നൂറു മേനി വിജയത്തിന്റെ ലഹരി തലയ്ക്കു പിടിച്ചിരിക്കുന്ന സ്കൂളധികൃതരും മാതാപിതാക്കളും ഒരു പുനർ വിചിന്തനം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ●●

ഇത് കത്തോലിക്കാസഭയിലെ ചിലരുടെ അഭിപ്രായമാണെങ്കിലും സി.ബി.സി.ഐ.യുടെ സ്പഷ്ടമായ അനുവാദമില്ലാതെ അതു പാടില്ലെന്ന വിലക്കുണ്ട്. 1988-ൽ ഇന്ത്യയിലെ കത്തോലിക്കാ വൈദികർ ഈ വിലക്ക് മാറ്റണമെന്നാവശ്യപ്പെട്ടതായി ഫാദർ കുറ്റിയാനിമറ്റത്തിൽ പറയുന്നുണ്ട്. കാരണം, ഇതര മതഗ്രന്ഥങ്ങളിലെ ദൈവാത്മവ്യാപാരത്തിന്റെ സ്പന്ദനം അനുഭവിക്കാവുന്ന രംഗമാണ് ആരാധന.

**ഇതര മതഗ്രന്ഥങ്ങൾ ക്രിസ്ത്യാനികൾക്ക് എന്തു ദൂതു നൽകുന്നു?**

ഒരു ക്രിസ്ത്യാനി തിരുവചനത്തിൽ വിശ്വാസികളുടെ വിശ്വാസാനുഭവങ്ങൾ ഉൾക്കൊള്ളുന്നതായി വിശ്വസിക്കുന്നു. അതു മാറ്റപ്പെടാനാവില്ല. എന്നിരുന്നാലും, ഇതര മതഗ്രന്ഥങ്ങളിൽ ദൈവിക വെളിപ്പാടുള്ളതിനാൽ അതു നിഷിധമാണെന്നു കരുതിക്കൂടാ. അപ്പോൾ ക്രിസ്ത്യാനികളുടെ ദൈവികാനുഭവം കൂടുതൽ മികവുള്ളതാകും.

ദൈവാത്മാവിന്റെ ഒരു പ്രകൃതം സ്വാതന്ത്ര്യമാണ്. കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു. അങ്ങനെയെങ്കിൽ, ദൈവം ഒരിടത്തു വെളിപ്പെടുന്നതിൽ നിന്നു വ്യത്യസ്തമായിരിക്കുമോ മറ്റൊരു രംഗത്തെ വെളിപ്പെടുത്തൽ? വി. തോമസ് അക്വിനാസ് പറഞ്ഞിട്ടുണ്ട്, മനുഷ്യരുടെ ആത്യന്തികമായ അറിവ് നമുക്കു ദൈവത്തെ അറിഞ്ഞുകൂടെന്നുള്ളതാണെന്ന്. 1076-ൽ ഗ്രിഗറി VII മാർപാപ്പ മ്യൂറിറ്റേനിയയിലെ മുസ്ലീം ഭരണാധികാരിക്ക് കത്തെഴുതിയതിൽ ഇങ്ങനെ പറയുന്നു: "നാം ഏക ദൈവത്തിൽ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. പക്ഷേ അതു വ്യത്യസ്ത രീതിയിലാണ്. ദൈവം എല്ലാറ്റിന്റെയും സ്രഷ്ടാവും ലോകത്തെ ഭരിക്കുന്നവനുമാകയാൽ നാം ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിലാണ് ദൈവത്തിന്റെ ആത്യന്തിക വെളിപ്പാടെന്ന് അംഗീകരിച്ചാലും ദൈവാത്മാവ് ഇതര മതങ്ങളിലും എല്ലായിടത്തും പ്രവർത്തിക്കുന്നതിനാൽ മറ്റുള്ളവർ ദൈവത്തെ എങ്ങനെ മനസ്സിലാക്കുന്നുവെന്നതിനെപ്പറ്റി നാം ബോധമതികളാവണം. അവരുടെ വിശ്വാസം നമ്മുടേതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽപ്പോലും അതിൽക്കൂടി അവർക്കു നമ്മോട് ആത്യന്തിക യാഥാർത്ഥ്യത്തെപ്പറ്റി ചിലതു പറയുവാൻ കാണും. മറ്റുള്ളവരുടെ ജീവിതാനുഭവങ്ങൾ വിലമതിക്കണം. ദൈവാത്മാവ് എല്ലായിടത്തും പ്രവർത്തിക്കുന്നു. ചിലപ്പോൾ കരിസ്മാറ്റിക് അനുഭവത്തിൽക്കൂടിയും മറ്റു ചിലപ്പോൾ ദൈവാത്മപ്രേരിതമായ ഉദ്യോഗത്തിൽ കൂടിയും പെന്തക്കോസ്തനുഭവം പോലെയും അതുണ്ടാവാം. എന്നാൽ, ഇതിൽ ഒന്നിലോ എല്ലാറ്റിലുമോ ദൈവാത്മാവ് പരിമിതപ്പെടുന്നില്ല. ഓരോ വിശ്വാസിയിലും ദൈവാത്മാവ് വസിക്കുന്നു.

തിരുവചനം പറയുന്നത് ദൈവം തന്റെ വചനത്തിലും പ്രവൃത്തിയിലും കൂടി തന്നെത്തന്നെ വെളിപ്പെടുത്തുന്നു. അങ്ങനെയാണ് ഇസ്രയേൽ ജനം ദൈവത്തിന്റെ വഴികൾ അനുഭവിച്ചറിഞ്ഞത്. ദൈവിക വെളിപ്പാടിൽ മനുഷ്യരുടെ അനുഭവത്തിന് പ്രധാന സ്ഥാനമുണ്ട്. ആത്മീയ പാരമ്പര്യങ്ങൾ അഭിമുഖീകരിക്കുകയും അനുഭവിക്കുകയും ചെയ്യുമ്പോഴാണ് നമുക്കു വിശ്വാസമുണ്ടാകുന്നത്. അവയിൽക്കൂടി ദൈവാത്മാവു നമ്മോടു പറയുന്നത് ശ്രദ്ധിക്കാനും സാധിക്കും. അതുപോലുള്ള അനുഭവങ്ങളാണ് ഇതരമതസ്ഥർക്കും വിശ്വാസമുണ്ടെന്നു ഗ്രഹിക്കുവാൻ ക്രിസ്ത്യാനികളെ സഹായിക്കുന്നത്. അവരുടെ ധന്യമായ ആത്മീയാനുഭവങ്ങളും ദൈവദത്തമാണ്. അങ്ങനെയാണ് സ്വാമി അഭിഷിക്താനന്ദൻ തന്നെ ഹൈന്ദവ ജീവിതചര്യയിലും ആദ്ധ്യാത്മികതയിലും അനുഭവിച്ചറിഞ്ഞ ആളായതുകൊണ്ട് ഹിന്ദു-ക്രിസ്ത്യൻ ബന്ധങ്ങൾ വളർത്തിയെടുക്കുവാൻ ശ്രമിച്ചത്. പ്രധാനപ്പെട്ട ക്രിസ്ത്യൻ നേതാക്കൾ അവരുടെ ആത്മീയാനുഭവങ്ങൾ അടിസ്ഥാനമാക്കി സംസാരിക്കുമ്പോൾ ദൈവാത്മാവ് അവ

(ശേഷം പേജ് 14)

## ഒഴുക്കുകൾ നമ്മുടെ സംരക്ഷകർ *(പേജ് 7 തുടർച്ച)*

കൈമാറുകയും ചെയ്യുന്ന പ്രക്രിയയാണ് conduction. ഇവിടെ തന്മാത്രകൾ ഒഴുകുന്നില്ല. ഇത് ഖരവസ്തുക്കളിലാണ് സംഭവിക്കുന്നത്. ഇരുമ്പുകമ്പിയുടെ ഒരറ്റം ചൂടാക്കിയാൽ അൽപ്പസമയത്തിനുള്ളിൽ മറ്റേ അറ്റവും ചൂടാകുന്നു. വിളക്കാൻ ലോഹക്കമ്പികളുപയോഗിക്കുമ്പോൾ മറ്റേ അറ്റത്ത് കയറിപ്പിടിച്ചാൽ കൈ പൊള്ളും. എന്നാൽ ഒരു വിറകുകഷണത്തിന്റെ ഒരറ്റം കത്തുമ്പോൾ മറ്റേ അറ്റം കൈയിലെടുക്കാം.

ദ്രാവകത്തിലും വായുവിലും ഉണ്ടാകുന്ന ചൂടു തന്മാത്രകൾ തൽസ്ഥാനങ്ങൾ വിട്ടു സഞ്ചരിച്ച് താപോർജ്ജവും കൂടെക്കൊണ്ടുപോകുന്ന പ്രക്രിയയാണ് convection. വെള്ളം ചൂടാക്കാൻ പാത്രത്തിന്റെ അടിയിൽ തീ കൊളുത്തിയാൽ ജലതന്മാത്രകൾ സഞ്ചരിച്ച് പാത്രത്തിലെ വെള്ളം മുഴുവൻ ചൂടാക്കും.

മൂന്നാമത്തെ പ്രക്രിയ radiation ആണ്. ഇവിടെ വൈദ്യുത-കാന്തിക തരംഗങ്ങൾ (electromagnetic waves) താപവികരണം നിർവഹിക്കുന്നു. ചൂട് വഹിക്കാൻ പദാർത്ഥത്തിന്റെ ആവശ്യമില്ല. ചൂട്ടുപഴുത്ത ഒരു പദാർത്ഥം ക്രമേണ തണുക്കുന്നത് വികരണം മൂലമാണ്. മാധ്യമത്തിന്റെ സഹായമില്ലാതെ സൂര്യതാപം ഭൂമിയിലെത്തുന്നത് ഈ മാർഗ്ഗത്തിലൂടെയാണ്. കൊടുംതണുപ്പ് സമീകരിക്കാനുള്ള ദിശയിലാണ് താപപ്രസരണം നടക്കുക. വെളിച്ചത്തിനും പ്രസരണമാവശ്യമാണ്. അതു സാധിക്കുന്നത് വൈദ്യുത-കാന്തിക തരംഗങ്ങളിലൂടെയാണ്. മാധ്യമത്തിന്റെ ആവശ്യമില്ല.

• *ശബ്ദം.* ശൂന്യതയിൽക്കൂടി ശബ്ദം കടന്നുപോകയില്ല. ഒരു മാധ്യമത്തിന്റെ തന്മാത്രകൾ പ്രത്യേക ആവൃത്തി (frequency) യിൽ വിറച്ചാൽ ആ പ്രകമ്പനം നമ്മുടെ കാതിലെത്തി അതേ ആവൃത്തിയിൽ ഒരു പ്രകമ്പനമുണ്ടാക്കുകയും നാം അത് ശബ്ദമായി ശ്രവിക്കുകയും ചെയ്യുന്നു. ശബ്ദം നമുക്കു കേൾക്കാമോയെന്നു നിർണ്ണയിക്കുന്നത് പ്രകമ്പനങ്ങളുടെ ആവൃത്തി (ഒരു സെക്കൻഡിലെ വിറയലുകളുടെ എണ്ണം) ആണ്. കേൾക്കാവുന്നതിൽ കുറഞ്ഞ ആവൃത്തിയെ infra sound എന്നും, കേൾക്കാവുന്നതിൽ കൂടുതൽ ആവൃത്തിയെ ultra sound എന്നും പറയുന്നു. പട്ടി കാലൻ കൂവുന്നത് മനുഷ്യനു കേൾക്കാൻ പാടില്ലാത്ത ആവൃത്തിയിൽ ശബ്ദം കേട്ടിട്ടാണെന്നു പറയാറുണ്ട്, ആർക്കറിയാം. പട്ടിയോടു ചോദിക്കാൻ പറ്റില്ലല്ലോ! ശബ്ദം വായുവിലൂടെയോ മറ്റേതെങ്കിലും വസ്തുവിൽക്കൂടിയോ സഞ്ചരിക്കുമ്പോൾ തന്മാത്രകൾ പ്രകമ്പനം കൊള്ളുന്നത് പോകുന്ന ദിശയിൽത്തന്നെയാണ്. ശബ്ദമൊഴുകുമ്പോൾ തന്മാത്രകൾ നിന്നിടത്തു തന്നെ നിന്ന് പ്രകമ്പനം ചെയ്യുന്നതേയുള്ളൂ. അല്ലാതെ, ശബ്ദത്തിന്റെ കൂടെ ഒഴുകുന്നില്ല. സാധാരണ ഖരവസ്തുക്കളിൽക്കൂടി ശബ്ദം സഞ്ചരിക്കുന്നത് വായുവിലൂടെ സഞ്ചരിക്കുന്നതിനേക്കാൾ വേഗത്തിലാണ്. റയിൽവേ സ്റ്റേഷനിൽ തീവണ്ടി വരുന്നതിന്റെ ശബ്ദം പാളങ്ങൾ വഴി മുമ്പേയെത്തും, വായു വഴി പുറകെയും. ഇടിമിന്നലുണ്ടാകുമ്പോൾ മിന്നലാണ് ഉടനെയെത്തുക; ഇടിയുടെ ശബ്ദം താമസിച്ചും. വളരെ താമസിച്ചാൽ സംഭവം വളരെ അകലെയാണെന്നു കരുതാം.

മനുഷ്യരെയും മറ്റു ചരാചരങ്ങളെയും ആകർഷിക്കുന്ന ശബ്ദത്തിന്റെ ഇമ്പമുള്ള ക്രമീകരണമാണ് സംഗീതം (music). മനുഷ്യനു പാടാം, സംഗീതോപകരണങ്ങൾ ഉപയോഗിക്കാം. ചെണ്ട കൊട്ടി ആളുകളുടെ വീര്യം കൂട്ടി അക്രമത്തിനു പ്രേരിപ്പിക്കുന്ന ഒരു രീതി ആദിവാസികളുടെയിടയിൽ പണ്ടുണ്ടായിരുന്നു. ഇടി, പടക്കം, വാഹനങ്ങളുടെ ഇരപ്പ് തുടങ്ങിയ അപശബ്ദങ്ങൾ ഒരു ശല്യമാണ്. മാത്രമല്ല, അന്തരീക്ഷ മലിനീകരണമാണ്; പൊതുസ്വത്തിന്റെ ദുരുപയോഗവുമാണ്.


അന്തരീക്ഷം മുഴുവൻ ഒഴുകി നടന്ന് വിവരങ്ങൾ കൈമാറുന്ന വൈദ്യുത-കാന്തിക തരംഗങ്ങളെപ്പറ്റി കൂടുതൽ പറയാനുണ്ട്. **ഈ ഒഴുക്കുകളെല്ലാം കൂടി ചെയ്യുന്ന ക്രമീകരണം നാം മനസ്സിലാക്കിയാൽ അതു നശിപ്പിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യാൻ നമുക്കു തോന്നുകയില്ല.** ●●

**ഐ.എ.എസ്.** മാഡത്തിനോട് ഡോ. നീലൻ അപമര്യാദയായി പെരുമാറിയെന്നും അത് സ്ത്രീപീഡനമാണെന്നും പത്രമാധ്യമങ്ങളും സെക്രട്ടേറിയറ്റിലെ പണിയില്ലാ പരദൂഷണ യൂണിയനും വിളിച്ചുകൂവി, കേസ്സായി, വിചാരണയായി, നീലന്റെ മന്ത്രി സ്ഥാനം തെറിച്ചു. എന്താണ് നീലൻ ചെയ്ത തെറ്റെന്ന് ജനത്തിനിപ്പോഴും സംശയം ബാക്കി നിൽക്കുകയാണ്. ആൺവംശജനായ നീലന്റെ ദുരവസ്ഥയിൽ ഇന്നാട്ടിലെ പുല്ലിംഗങ്ങൾക്ക് പ്രതികരിക്കാതെ വയ്യ. മൗലികാവകാശ ധ്വംസനത്തിന്റെ ഒരു 'ലോ പോയ്ന്റ്' ഈ പ്രശ്നത്തിലുണ്ട്.

ഡോ. നീലൻ ലോലഹൃദയനായ ഒരു സൗന്ദര്യാരാധകനാണ്. ഔദ്യോഗിക ചർച്ചയ്ക്കിടയിൽ 'മാഡം വളരെ സുന്ദരിയാണ്, ഐ ലവ് യു' എന്ന് അദ്ദേഹം പറഞ്ഞിരിക്കാം. അല്ലെങ്കിൽ, ഫയലിൽ തന്റെ കയ്യൊപ്പിനൊപ്പം ഒരു തിരുഹൃദയ റോസാപ്പൂവ് വച്ചിരിക്കാം. അതുമല്ലെങ്കിൽ, ഒരു മിൽക്ക് ബാർ നീട്ടി 'ഗിവ് മീ ദ പവർ' എന്ന് പറഞ്ഞിരിക്കാം. ഏറ്റവും കൂടിയാൽ, സൗന്ദര്യാരാധന മൂത്ത് ആത്മനിയന്ത്രണം വിട്ട് ജനം ഫിലിം സ്റ്റാറുകളെ തൊടുന്നതുപോലെ, ഒന്നു തൊട്ടെന്നിരിക്കാം. അതിനിത്ര കോലാഹലം വേണോ കടവുളേ!



# സൗന്ദര്യം ആസ്വദിക്കാനുള്ളതാണ്



ഫാദർജി

സ്ത്രീയെ നോക്കിയാൽ സ്ത്രീപീഡനക്കുറ്റമാകുമെങ്കിൽ ഇന്നാട്ടിലെ പുരുഷപ്രജകളുടെ സൗന്ദര്യം ആസ്വദിക്കുവാനുള്ള അവകാശമാണ് കയ്യേറപ്പെടുന്നത്. ***വിശ്വശിൽപ്പിയുടെ അമൂല്യ വരദാനമാണ് സൗന്ദരര്യം. ആസ്വദിക്കപ്പെടേണ്ടതാണത്.*** അത് ഭർത്താവിന്റെയോ ഭാര്യയുടെയോ കുത്തകപ്പണ്ടാരമൊന്നുമല്ല. പൂക്കൾ പറിക്കരുതെന്ന് പൂന്തോട്ടത്തിൽ ബോർഡ് വച്ചോട്ടെ. പക്ഷേ, 'നോക്കരുത്, ആസ്വദിക്കരുത്, കൊന്നുകളയും' എന്നെഴുതി വച്ചാലോ?

സൗന്ദര്യനിറക്കൂട്ടുകൊണ്ട് അണിയിച്ചൊരുക്കിയ നാരീമണിയെ ഒന്നു നോക്കിപ്പോയാൽ 'ദേ, എന്നെ നോക്കി പീഡിപ്പിച്ചു' എന്ന് പരാതിപ്പെടുകയാണെങ്കിൽ നമ്മൾ മീശക്കാർ പിന്നെവിടെ നോക്കും? സൗന്ദര്യബോധത്തിന്റെ ഉൾവിളിയുള്ളൊരു ഹൃദയം സർവേശ്വരൻ നമുക്കു തന്നുപോയില്ലേന്റിഷ്ടാ? പരസ്യങ്ങളിൽ ഫിഫ്റ്റി-ഫിഫ്റ്റിയായി 'എന്നെയൊന്ന് നോക്കെന്റച്ചായോ' എന്ന ഭാവത്തിൽ തുള്ളിച്ചാടുന്ന പെണ്ണിന്റെ ലക്ഷ്യമെന്താണ്? സൗന്ദര്യമത്സരത്തിൽ പാമ്പുകളെപ്പോലെ വേദിയിൽ നിന്നിളകിയാടുന്ന 'മിസ്സ് ക്ലീഷേ'കളുടെ ലക്ഷ്യം സൗന്ദര്യാരാധകരായ നമ്മളല്ലേ?

സ്ത്രീയെ മോഹത്തോടെ നോക്കിയാൽ വ്യഭിചാരമായി, സമ്മതിച്ചു. സൗന്ദര്യാരാധനയോടെ നോക്കിയാൽ കുമ്പസാരക്കുറ്റമാകുമോ പള്ളീലച്ചാ? സ്ത്രീപീഡനക്കേസു വിചാരണയ്ക്കായി ഒരു അപ്സരസ് കോടതിയിൽ വന്നു നിൽക്കുമ്പോൾ ജഡ്ജിയുടെ കറുത്ത കോട്ടിനുള്ളിൽ ഇന്ത്യൻ പീനൽകോഡിൽപ്പെടാത്ത ലോലഹൃദയം ഒന്നു പിടഞ്ഞുപോവില്ലെന്നുണ്ടോ? പിന്നെങ്ങനെ അദ്ദേഹം മറ്റൊരു ലോലഹൃദയനെ തൂക്കാൻ വിധിക്കും? പ്രഭാഷണവരമുള്ളവന്റെ പ്രസംഗം കേൾക്കാം, ഗായികയുടെ ശ്രുതിമധുരമായ ഗാനം ആസ്വദിക്കാം, ആത്മീയ നേതാവിന്റെ ദൈവാനുഭവം രുചിക്കാം; പക്ഷേ, ഒരു സുന്ദരിയുടെ ബ്യൂട്ടി ആസ്വദിക്കാൻ പറ്റില്ലെന്നത് ഏതു വകുപ്പാണ്? സൗന്ദര്യാരാധന അതിരുകടക്കുമെന്നാണെങ്കിൽ താഴെപ്പറയുന്ന ചില നിബന്ധനകൾ നിയമസഭയിൽ പാസ്സാക്കിയെടുത്താൽപ്പോരെ?

ആസ്വാദനം മുൻകൂട്ടി അനുവാദം കിട്ടിയിട്ടേ ആകാവൂ. പറ്റില്ലെന്നാണ് സുന്ദരിയുടെ മറുപടിയെങ്കിൽ വേറെ ആളെ നോക്കുക.

ആസ്വാദനം ജോലിയ്ക്കിടയിൽ പറ്റില്ല. അതിന് പ്രത്യേകം സമയം കണ്ടെത്തണം.

സൗന്ദര്യാരാധനയുടെ ഉപോൽപ്പന്നങ്ങളായ സമ്മാനം, ആശംസാകാർഡുകൾ, സൽക്കാരങ്ങൾ തുടങ്ങിയവ ഒരിക്കലും അടിച്ചേൽപ്പിക്കരുത്. വേണ്ടെന്നു പറഞ്ഞാൽ മറ്റിരയെ നോക്കുക.

ആത്മീയാന്തരീക്ഷത്തിൽ ആസ്വാദനമൊഴിവാക്കുക. സച്ചിദാനന്ദനെ ആരാധിക്കുമ്പോൾ മനസ്സിൽ മറ്റൊരു മൂർത്തി ശരിയാവില്ല.

ആസ്വദിക്കുവാനുള്ള അനുവാദം സ്വന്തമാക്കുവാനുള്ള ദുഃസ്വാതന്ത്ര്യമായി തെറ്റിദ്ധരിക്കരുത്.

## Here are some ways you can be happy

- ***Decidetobehappy*** - Yes, we all have reasons to be angry, sad, disappointed, and depressed, but we all have reasons to be happy. Instead of focussing on what keeps you down, focus on what keeps you up.
- ***Smile*** - Try to smile when you don't feel like. The very act of smiling can just make you feel like a new person. Smiling invites others to feel happy too.
- ***Bewithothers*** - Don't be alone too much. Being alone makes you focus on yourself. Talk to others and motivate others to be happy. Ask others about themselves and show interest. Happiness is contagious.
- ***Help others*** - Helping others makes you see the gifts that God gave you. You also have an opportunity to make someone's life just a bit more pleasant.
- ***Be happy with what you have***-Stop comparing what others might not have and jealous. Look at what you have. I challenge you to write down 100 things/reasons you're thankful. You'll see you have a lot to be grateful for.
- ***Lookatthesilverlining*** - In every situation, there is some hope or something good. Never give up hope in life. Hope keeps you going.
- ***Pray***-Pray to God, Jesus, and the Holy Spirit that They help you to be happy. They can inspire you.
- ***Slow down***-Enjoy life. We only have one shot at life. Each day gives us opportunity to do something great.
- ***Reassess your priorities***-Are God and you family dropping in your list of priorities? It could be time to reassess what is important. When you're meeting your priorities, you'll feel happier.
- ***Forgive others*** - Forgive people who hurt you. Forgive yourself. Go to confession and start off clean. Everyone makes mistakes, but it's our choice if we hold on to them or let them go.

*(indebted)*

സെക്സ് മാനിയാക്കുകൾ, ലഹരി പ്രിയർ, കപട സന്യാസികൾ തുടങ്ങിയ ആസ്വാദകരെ പാസ്സ് മൂലം നിയന്ത്രിക്കണം.

ഭാര്യയ്ക്കും ഭർത്താവിനും സൗന്ദര്യാരാധനയ്ക്ക് അവകാശമുണ്ട്. അത് ദാമ്പത്യകോൺട്രാക്ടിന് വിരുദ്ധമല്ല. ആസ്വാദനം നിയന്ത്രണം വിട്ട് ബൗണ്ടറിയ്ക്കു പുറത്തു പോകുമെന്ന ഭയത്തിൽ വലിയ കാര്യമില്ല, പോകേണ്ടവർ ഇപ്പോൾത്തന്നെ സൗകര്യപ്പെടുത്തി പോകുന്നുണ്ട്. പക്വതയും സമഗ്രതയുമുള്ളവർ സ്വന്തം കളത്തിൽ നിന്നേ കളിക്കൂ. മേൽപ്പടി നിയമത്തിന്റെ ആനുകൂല്യത്തിൽനിന്നുകൊണ്ട് ആൺ-പെൺ ജാതിക്ക് പരസ്പരം സൗന്ദര്യമാസ്വദിക്കുവാനുള്ള സൗകര്യം ചെയ്തു തരുമാറാകണം.

സ്ത്രീക്കും പുരുഷനും നിർദ്ദോഷികളും മാന്യരുമായ സൗന്ദര്യാരാധകരുണ്ടാകുന്നതുകൊണ്ട് പല പ്രയോജനങ്ങളുണ്ട്. ആത്മവിശ്വാസം വർദ്ധിക്കും. ഈഗോ ബൂസ്റ്റ് ചെയ്യപ്പെടും, ഏകാന്തത ഒഴിവാകും. വാർദ്ധക്യത്തിലെ നിരർത്ഥക ചിന്തകളിൽ നിന്ന് വിമുക്തി ലഭിക്കും. ഈസ്തറ്റിക് സെൻസ് വർദ്ധിക്കും, ഡിപ്രഷനും ആത്മഹത്യാപ്രവണതയും കുറയും.

> **പ്രഭാഷണവരമുള്ളവന്റെ പ്രസംഗം കേൾക്കാം, ഗായികയുടെ ശ്രുതി മധുരമായ ഗാനം ആസ്വദിക്കാം, ആത്മീയ നേതാവിന്റെ ദൈവാനുഭവം രുചിക്കാം; പക്ഷേ, ഒരു സുന്ദരിയുടെ ബ്യൂട്ടി ആസ്വദിക്കാൻ പറ്റില്ലെന്നത് ഏതു വകുപ്പാണ്?**

അതുകൊണ്ട്, ആണായാലും പെണ്ണായാലും നാലഞ്ച് ആരാധകരുണ്ടാകാൻ ശ്രമിക്കണം. കോംപ്ലിമെന്റ് സ്വീകരിക്കണം. നമ്മൾ സ്വയം കണ്ടെത്താത്ത വ്യക്തിത്വ ഗുണങ്ങൾ ആരാധകർ കണ്ടുപിടിക്കും. ഹായ് നിങ്ങൾക്ക് മനീഷ കൊയ്‌രാളയുടെ കട്ട്, കരിഷ്മയുടെ ചിരി, മമ്മൂട്ടിയുടെ തലയെടുപ്പ്..... ഇതൊക്കെ കേൾക്കാനും വേണ്ടേ ഒരു യോഗം!

തികഞ്ഞ അശുഭാപ്തി വിശ്വാസിയായിരുന്ന ഷോപ്പൻ ഹോവർ (1788-1860) ലോകത്തിന്റെ കഷ്ടതകളിൽ നിന്ന് ആശ്വാസം കണ്ടെത്തിയത് സൗന്ദര്യത്തിലാണ്. സൗന്ദര്യാസ്വാദനം ഭാഗികമായിട്ടെങ്കിലും മുക്തിദായകമാണെന്നദ്ദേഹം വിശ്വസിച്ചു. സൗന്ദര്യബോധത്തെ ജനതയിൽ വേരൂന്നി വളർത്തുവാനുതകുന്ന നാടൻ പാട്ടുകൾ കേരളത്തിലനവധിയാണ്. അദ്ധ്വാനവും ആചാരവിശേഷങ്ങളും വിശ്വാസങ്ങളും വഴികാട്ടിക്കൊടുക്കുന്ന നാടൻപാട്ടുകളിൽ വിവിധ ഘട്ടങ്ങളിലെ സൗന്ദര്യവിശ്വാസങ്ങളും ഉറപ്പിച്ചിട്ടുള്ളതായി കാണാം. പൂപ്പാട്ടുകൾ, പാൽപ്പാട്ടുകൾ, തുമ്പിപ്പാട്ടുകൾ, കിളിപ്പാട്ടുകൾ, വരിവണ്ടിൻ പാട്ടുകൾ എന്നീ ഇനങ്ങളിൽ എത്രയെത്ര പാട്ടുകളാണ് സൗന്ദര്യാരാധനാരംഗത്ത് മുഴങ്ങിക്കേൾക്കുന്നത്! കേവലം ബാഹ്യസൗന്ദര്യവർണ്ണന തുടങ്ങി വേദസാരങ്ങൾ ലയിച്ചു ചേർത്ത പാട്ടുകൾ വരെ പൂപ്പാട്ടുകളുടെ കൂട്ടത്തിലുണ്ട്.

കറുത്ത പെണ്ണേ കരിങ്കുഴലി  
നിനക്കൊരുത്തൻ കിഴക്കുദിച്ചു.  
കാടു വെട്ടി തിന വിതച്ചു  
തിന തിന്നാൻ കിളിയിറങ്ങി.  
കിളിയാട്ടാൻ പെണ്ണിറങ്ങി  
കിളിയടിച്ചു വള കിലുങ്ങി.

ഈ പാട്ടിലെ സൗന്ദര്യഭാവന എത്ര ഉത്തുംഗമാണ്?

കാമുകനും കാമുകിയും ആലപിക്കുന്ന പ്രേമഗാനങ്ങളുടെ ശേഖരമാണ് ബൈബിളിലെ ഉത്തമഗീതം. ദൈവത്തിന് മനുഷ്യരോടുള്ള ചങ്ങാത്തം വിശദമാക്കാൻ പാടിയ ഉത്തമഗീതമെന്ന 'മുഹബത്ത് ഗാനം' കേട്ട് താളം പിടിക്കുന്ന യഹോവ സത്യമായിട്ടും ഒരു സൗന്ദര്യാരാധകൻ തന്നെ. പ്രെയ്സ് ദ ലോർഡ്!

സൗന്ദര്യം ആസ്വദിക്കുവാനും അനുഭവിക്കുവാനുമുള്ളതാണെന്നിരിക്കെ ഡോ. നീലൻ ചെയ്ത തെറ്റെന്താണെന്ന കാര്യത്തിൽ നമുക്കിപ്പോഴും സംശയം ബാക്കി നിൽക്കുന്നു. ഓനൊരു ലോല ഹൃദയനായ സൗന്ദര്യാരാധകൻ മാത്രമായിരുന്നെങ്കിൽ മാഡം ഇത്രയും ബഹളം വയ്ക്കേണ്ടിയിരുന്നില്ല. അല്ല, കക്ഷി ഒരു പ്രൊഫഷണൽ ഞരമ്പു രോഗിയായിരുന്നെങ്കിൽ, ഹൈഹീലൂരി മുഖമടച്ചൊന്നു കൊടുത്തിട്ട് പോട്ടേടോ മന്ത്രിസാറേ എന്നു പറഞ്ഞിറങ്ങിപ്പോന്നാൽ മതിയായിരുന്നു. സംഭവം ഇത്ര സെൻസേഷണലാക്കേണ്ട കാര്യമില്ലായിരുന്നു. ഇതിപ്പോ ഞങ്ങൾ മുഖ്യ കക്ഷികൾക്ക് തലപൊക്കി നടക്കാൻ വയ്യാതായി.... സോറി മാഡം, ഇതിനെതിരെ ഞങ്ങൾക്കു കേസു കൊടുത്തേ പറ്റൂ. ●

## പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും *(പേജ് 12 തുടർച്ച)*

രിൽക്കൂടെ നമ്മോടു സംസാരിക്കുകയാണ്. അത് സൂക്ഷ്മമായി ശ്രദ്ധിക്കേണ്ടത് നമ്മുടെ കടമയാണ്. 1948-ൽ തിരുച്ചിറപ്പള്ളിയിലെ കത്തോലിക്കാ ബിഷപ്പ് രണ്ടു സന്യാസിമാരെ ഒരു ഹൈന്ദവാശ്രമത്തിൽ താമസിച്ച് അവരുടെ ജീവിതരീതി പങ്കുവയ്ക്കുവാൻ അനുവദിച്ചു. അവരിലൊരാളാണ് പിൽക്കാലത്ത് സ്വാമി അഭിഷിക്താനന്ദ എന്നറിയപ്പെട്ട ഹെൻറി ഡിസോക്സ്.

ദൈവാത്മാവിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്ന അനുഭവങ്ങൾ വിലമതിക്കണം. ദൈവാത്മാവിന്റെ സാന്നിദ്ധ്യം ഫലങ്ങളാൽ തിരിച്ചറിയാനാകും (ഗലാ. 5:22-23). അവയിൽ ചിലത് സ്വാതന്ത്ര്യം, പുതിയ ബന്ധങ്ങൾ കെട്ടുപണി ചെയ്യുക, പുതിയ സമൂഹത്തിനു രൂപം നൽകുക തുടങ്ങിയവയാണ്. ഇവയൊക്കെ വേഗം തിരിച്ചറിയാമായിരിക്കും. എന്നാൽ മറ്റു ചിലത് കൂടുതൽ തീവ്രമായതുകൊണ്ട് തിരിച്ചറിയാൻ പ്രയാസമായിരിക്കും. അത് ആന്തരികമായിരിക്കും. വ്യക്തിത്വത്തിനുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നതിനും മനുഷ്യരിൽ ദൈവികത വേരുറപ്പിക്കുന്നതിനും സഹായകമാകും. നന്മയും സ്നേഹവും മറ്റും ദൈവത്തിൽ നിന്നു വരുന്നതാണ്. ഭൂമിയിൽ നടമാടുന്ന എല്ലാവിധ വിവേചനങ്ങളും അടിച്ചമർത്തലുകളും പാപവും ഇല്ലാതാക്കാൻ പരിശ്രമിക്കുന്നവരോടൊപ്പം സഹകരിപ്പാൻ നമുക്കു കടമയുണ്ട്.

സുവിശേഷീകരണം സഭയുടെ ദൗത്യമാണ്. സുവിശേഷീകരണം എന്ന പദം ഇന്ന് ഭാരതത്തിൽ വിഭിന്ന പ്രതികരണം ഉളവാക്കുന്നു. ഓരോ ക്രിസ്ത്യാനിയും യേശുക്രിസ്തുവിനെ സാക്ഷിപ്പാൻ കടമ്പെട്ടിരിക്കുന്നു. ആരെയും ഹേമിച്ചു മതം മാറ്റുന്നത് സുവിശേഷീകരണമല്ല. ദൈവത്തിന്റെ രക്ഷണ്യപ്രവൃത്തി അനുഭവിച്ചറിയുവാനിടയാകണം. അവിടെ ദൈവാത്മാവിന്റെ വ്യാപാരമാണാവശ്യം.

ദൈവാത്മാവിനെപ്പറ്റി കൂടുതൽ ആഴമായ പഠനം വേണം. ഇതൊരു ദൈവശാസ്ത്രവിഷയമാണ്. 1938-ൽ പി. ചെഞ്ചയ്യ ദീർഘദൃഷ്ടിയോടെ ഒരു കാര്യം പറഞ്ഞു-ഭാരതത്തിലെ ദൈവശാസ്ത്രജ്ഞന്മാർ ഭാരതീയശൈലിയിൽ ദൈവശാസ്ത്രം രൂപപ്പെടുത്തും. അതിന് പരിശുദ്ധാത്മാവിന്റെ ശക്തമായ സ്വാധീനമുണ്ടായിരിക്കും. ഈ ദൗത്യം ഇതുവരെ പൂർണ്ണമായി ആരും ഏറ്റെടുത്തിട്ടില്ല. ഭാരതീയ മതശൈലികളിൽ ആത്മൻ, പ്രാണ, അന്തർയാമിൻ, ആനന്ദം, ശക്തി, അഗ്നി മുതലായ സംജ്ഞകൾ ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമാർഗ്ഗത്തിലെ പരിശുദ്ധാത്മ സങ്കൽപ്പത്തിൽ ഈ പദങ്ങളുടെ അർത്ഥം മുഴങ്ങുന്നുണ്ടോയെന്നു പരിശോധിക്കണം. ഈശ്വരൻ വ്യക്തിയിൽ പരിവർത്തിക്കുമ്പോൾ അവിടെ പ്രകടമാകുന്നത് ദൈവാത്മാവിന്റെ ശക്തിയല്ലേ? ദൈവാത്മാവ് സ്വരൈക്യമുളവാക്കുന്നു.

ക്രിസ്തീയ പാരമ്പര്യമനുസരിച്ച് ത്രിയേക ദൈവസങ്കൽപ്പത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാകുന്നു. അതുപോലെ, സർവമനുഷ്യരും ത്രിയേക ദൈവത്തിൽ വിശ്വാസികളാകുന്നു. ***സ്നേഹത്തിന്റെ നൂൽക്കമ്പികൾ വലിച്ചു നീട്ടി ദൈവത്തിങ്കലേക്ക് സകലരെയും അടുപ്പിക്കുന്ന ശക്തിയാണ് ദൈവാത്മാവ്. സകല മാനവ കുലങ്ങളിലും മതങ്ങളിലും ദൈവാത്മാവ് പ്രവർത്തിക്കുന്നു.*** സകലത്തിലും സാന്നിദ്ധ്യമുള്ള സത്യത്തിന്റെ ആത്മാവ് സകല മനുഷ്യരെയും ദൈവത്തിങ്കലേക്കു വഴി നടത്തുമ്പോൾ അതിനോടു സഹകരിക്കുകയാണു നമ്മുടെ കടമ.

*(അവസാനിച്ചു)*

# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

## സ്വദേശി – വിദേശി ഭ്രമം

രാജാവിനേക്കാൾ രാജഭക്തിയും ദേശസ്നേഹവും തങ്ങൾക്കുണ്ടെന്നവകാശപ്പെടുന്ന ചില നേതാക്കന്മാരുണ്ട്. അതു പ്രകടിപ്പിക്കുവാൻ അവരുപയോഗിക്കുന്ന മാർഗ്ഗങ്ങൾ പലപ്പോഴും തങ്ങളുടെ വാദങ്ങളുടെ പൊയ്മുഖം പൊളിച്ചുകാട്ടുവാൻ കളമൊരുക്കുകയും ചെയ്യും. വിദേശജന്മത്വമുള്ള സോണിയ ഗാന്ധി പ്രധാനമന്ത്രിയാകുന്നത് രാജ്യത്തിന്റെ സുരക്ഷയ്ക്കു ഭീഷണിയാകുമെന്ന വാദവുമായി സുഷമ സ്വരാജും ഉമാഭാരതിയും മറ്റും നടത്തിയ വില കുറഞ്ഞ തെരുവുനാടകം ഇതിനു നല്ലൊരുദാഹരണമാണ്. തല മുണ്ഡനം ചെയ്ത് വിധവയുടെ വസ്ത്രങ്ങളും ധരിച്ച് സമരരംഗത്തെത്തുമെന്നു പ്രഖ്യാപനം നടത്തിയ സുഷമയും കൂട്ടരും ഇൻഡ്യൻ സ്ത്രീത്വത്തെ അവഹേളിക്കുക മാത്രമല്ല, ഭരണഘടനാ ലംഘനം നടത്തുക കൂടിയാണു ചെയ്തത്. ഇതിൽ വിജയിച്ചത് സോണിയ ഗാന്ധിയാണെന്നുള്ളത് മറ്റൊരു കാര്യം. ഉർവ്വശീശാപം ഉപകാരമായതുപോലെയാണ് സംഭവം പര്യവസാനിച്ചത്. ഉമയെയും സുഷമയെയും സംബന്ധിച്ചിടത്തോളം ഈ നാടകത്തിൽ അവർക്കേറ്റ പ്രഹരം തങ്ങളുടെ പ്രതിച്ഛായയ്ക്കു മങ്ങലേൽപ്പിക്കുകയും പാർട്ടിയെ വല്ലാത്തൊരു വെട്ടിലാക്കുകയും ചെയ്തു. വെളുക്കാൻ തേച്ചത് പാണ്ടായി എന്ന പഴമൊഴി ഇവിടെ അന്വർത്ഥമാകുകയാണ്.

ഇൻഡ്യൻ സംസ്കാരത്തെപ്പറ്റി വികലമായ ഒരു കാഴ്ചപ്പാടാണ് ബി.ജെ.പി.യ്ക്കുള്ളത്. പല സംസ്കാരങ്ങളുടെ സമന്വയമാണ് ഭാരതീയ സംസ്കാരം. ഗ്രീക്ക്, മംഗോളിയൻ, മുഗൾ, വെസ്റ്റ് ഏഷ്യൻ, യൂറോപ്യൻ എന്നീ സംസ്കാരങ്ങളുടെ ഘടകങ്ങൾ ഭാരതീയ സംസ്കാരത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. എന്നാൽ ഫാസിസ്റ്റ് പൈതൃകം അവകാശപ്പെടാവുന്ന സംഘ് പരിവാറിന് ഇതംഗീകരിക്കാനാവില്ല. വിദേശത്തു ജനിച്ചുവെങ്കിലും വിവാഹബന്ധത്തിലൂടെ ഇൻഡ്യയിലെത്തി ഇവിടത്തെ പൗരത്വം സ്വീകരിച്ച ഒരാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും ഭരണഘടനാനുസൃതമായി ഭരണച്ചുമതല ഏൽക്കുന്നതിനും അവകാശമുണ്ട്. വിദേശത്തു ജനിച്ചുവെന്ന വസ്തുത ദേശീയതയ്ക്കു മങ്ങലേൽപ്പിക്കുമെന്ന വാദം ബാലിശമാണ്. സ്വാതന്ത്ര്യസമര കാലത്ത് ബ്രിട്ടീഷുകാരുടെ ഒറ്റുകാരായി പ്രവർത്തിച്ച ദേശസ്നേഹികളുടെ ഇളംതലമുറയിൽ നിന്നുയർന്നു വരുന്ന അപസ്വരം അവജ്ഞയോടെ തള്ളിക്കളയേണ്ടതാണ്. മദർ തെരേസയ്ക്കു ജന്മം നൽകിയത് ഭാരതമല്ല. എന്നാൽ ഭാരതത്തെ സ്വന്തം നാടായി അംഗീകരിക്കുകയും ഭാരതീയർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്ത ആ മഹതിയെ ഒരു ദേവതയെപ്പോലെയാണ് ജനം കരുതുന്നത്. വർഗ്ഗീയവാദികൾക്ക് ഇത് അസാധ്യമായിരിക്കാം. ഗാന്ധിജിയുടെ സന്തതസഹചാരികളായിരുന്ന മീരാ ബെന്നും സി.എഫ്. ആൻഡ്രൂസും ജന്മംകൊണ്ട് വിദേശികളായിരുന്നു. ഭാരതത്തെ സ്നേഹിക്കുകയും ദേശീയ മുഖ്യധാരയിൽ അലിഞ്ഞുചേരുകയും ചെയ്ത ഇവരെ ദേശഭക്തരായാണു ജനം കാണുന്നത്.

ഭാരതീയ സ്ത്രീത്വത്തിന്റെ പ്രതീകമായിരുന്ന സീതാദേവി ആരായിരുന്നു? നിലം ഉഴുതുകൊണ്ടിരിക്കുമ്പോൾ ഭൂമിയിൽ നിന്നു പൊന്തി വന്ന ആ പെൺകുട്ടിയുടെ അച്ഛനാര്? അമ്മയാര്? കുലമേത്? വംശമേത്? വംശത്തിനോ ഗോത്രത്തിനോ ഭാഷയ്ക്കോ ദേശത്തിനോ അതീതയായി ഭൂമിയിലെത്തിയ ആ കുട്ടി ജനകമഹാരാജാവിന്റെ കുടുംബാംഗമായപ്പോൾ ഭാരതീയ നാരിയായി. ജാതിയുടെയോ മതത്തിന്റെയോ വംശത്തിന്റെയോ ദേശത്തിന്റെയോ പേരിൽ സുഷമയ്ക്കൊ ഉമയ്ക്കോ സീതയെ എങ്ങനെ അംഗീകരിക്കാനാവുമെന്നത് ഒരു കുഴഞ്ഞ പ്രശ്നം തന്നെയാണ്.

**ഇഷ്ടമുള്ളപ്പോൾ വിദേശി സ്വദേശിയാകുന്നു; ഇഷ്ടമില്ലാത്തപ്പോൾ അപകടകാരിയും. തരംപോലെ മാറ്റിയും മറിച്ചും എടുക്കാവുന്ന ഒരു രാഷ്ട്രീയപ്രമേയമാണിത്.** നൊബേൽ ജേതാവായ അമർത്ത്യാസെന്നിനെ ഭാരതീയനെന്ന് അഭിമാനപൂർവം നാം കരുതുമ്പോൾ അദ്ദേഹത്തിന്റെ പാസ്പോർട്ട് എവിടെ നിന്നു കിട്ടിയെന്ന് നാം തിരക്കാറില്ല. സ്വരാജ് പോൾ ഇൻഡ്യൻ വംശജനെന്ന് നാം അഭിമാനിക്കാറില്ലേ? ഫോർഡ് മോട്ടോഴ്സ് ഉടമസ്ഥൻ ഒരു ഇൻഡ്യാക്കാരിയെയാണു വിവാഹം കഴിച്ചിട്ടുള്ളത്. അയാൾ ഹിന്ദുവാണെന്നവകാശപ്പെടുകയും ചെയ്യുന്നു. സംഘ് പരിവാർ അയാൾക്കുവേണ്ടി ചുവന്ന പരവതാനി ഒരുക്കുമ്പോൾ ജന്മദേശത്തെപ്പറ്റി ചിന്തിക്കാറില്ല. സംഘ് പരിവാറിന്റെ പണത്തിന്റെ പ്രധാന ഉറവിടം അമേരിക്കൻ എൻ.ആർ.ഐ.മാരാണ്. സൗകര്യമെങ്കിൽ വിദേശിപ്രേമമാകാം. അവിടെ അയച്ച് കുട്ടികളെ പഠിപ്പിക്കാം. ജോലി ചെയ്തു പണമുണ്ടാക്കാം. സാങ്കേതികവിദ്യ വിലയ്ക്കു വാങ്ങി കീശ വീർപ്പിക്കാം. കോഴ വാങ്ങുന്ന ദേശീയ നേതാക്കന്മാർ പറയുന്നത്, തുക ഡോളറിലാണെങ്കിൽ ഏറെ നന്ന് എന്നത്രെ. എന്തിനേറെപ്പറയുന്നു, സുരക്ഷയുടെ പേരിൽ മുൻ പ്രധാനമന്ത്രി വാജ്പേയ് ഉപയോഗിച്ചു കൊണ്ടിരുന്നത് ജർമ്മൻ നിർമ്മിതമായ കാറുകളായിരുന്നു. ഇതാണ് വിദേശി-സ്വദേശി ഭ്രമത്തിന്റെ ഉള്ളുകള്ളികൾ.

**വാൽക്കഷണം**

സ്വദേശിക്കുവേണ്ടി ഘോരഘോരം സംസാരിക്കുമ്പോഴും വിദേശ കമ്പത്തിൽ നിന്ന് മുക്തി നേടിയവരല്ല നമ്മൾ. ഞങ്ങളുടെ വികാരിയച്ചൻ പറഞ്ഞ ഒരു കഥ ഓർത്തു പോകുന്നു. അതിലൊരു സന്ദേശമുണ്ട്. പള്ളിക്കാർ നടത്തുന്ന ആശുപത്രിയിൽ ചികിത്സയ്ക്കായി ഒരു വല്യമ്മയെ കൊണ്ടുവന്നു. കാലിന്റെ ഭാഗത്ത് ഒരു ചെറിയ മുഴ. അതു കീറിയെടുത്തു കളയുന്നതു നന്നായിരിക്കുമെന്ന് ഡോക്ടർ അച്ചനോടു പറയുകയും വല്യമ്മയ്ക്ക് ഒരു ലോക്കൽ അനസ്തീഷ്യ നൽകുവാൻ നേഴ്സിനോടു നിർദ്ദേശിക്കുകയും ചെയ്തു. ലോക്കൽ എന്ന വാക്കു കേട്ടപ്പോൾ വല്യമ്മ പരുങ്ങി. അവർ പറഞ്ഞു: **"അച്ചോ, പണ്ടു ഞങ്ങൾക്ക് വലിയ ബുദ്ധിമുട്ടായിരുന്നു. ഇന്ന് രണ്ടു പെൺമക്കൾ അമേരിക്കയിലുണ്ട്. അവർ പണമയച്ചു തരും. ലോക്കൽ വേണ്ട. ഫോറിൻ തന്നെ ആവട്ടെ."**


സോണിയ ഗാന്ധിയുടെ ഫോറിൻ ഓറിജിൻ ഒരു പുകമറ മാത്രമാണ്. അതു മുന്നോട്ടു വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്ന ഒരു രാഷ്ട്രീയവാദം മാത്രമാണ്. അല്ല, ലാഭമുണ്ടാകുമെങ്കിൽ സ്വദേശിയെ വിദേശിയായും, വിദേശിയെ സ്വദേശിയായും രൂപാന്തരപ്പെടുത്തുവാനുള്ള ചെപ്പടിവിദ്യയുടെ ഉടമകളാണല്ലോ ഇൻഡ്യാക്കാരായ നമ്മൾ. ●●

## WHICH SERVICE?

A young girl observed some plaques on the wall of the church building and asked her mother: "Mum, who are those people whose names are there on the wall? to which mum replied: They are the people who died in service. Immediately the girl retorted: "did they die in the morning service or the evening service?"

## കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## ആദ്ധ്യാത്മികതയുടെ പുതുമാനങ്ങൾ

കേരളത്തിലെ ക്രൈസ്തവസഭകളുടെ സാക്ഷ്യപരവും സേവനപരവുമായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സംഘടനയാണ് കേരള കൗൺസിൽ ഓഫ് ചർച്ചസ്. അര നൂറ്റാണ്ടിലധികം കാലത്തെ സ്തുത്യർഹപാരമ്പര്യമുള്ള കെ.സി.സി. യുടെ ത്രൈവാർഷിക അസംബ്ലിയോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തിയ ബുള്ളറ്റിനിൽ ഇങ്ങനെ വായിക്കുന്നു:

"എവിടെ അനീതി കാണുന്നുവോ അവിടെ അതിനെതിരെ പ്രതികരിക്കുക, എവിടെ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നുവോ അവിടെ നീതിക്കുവേണ്ടി പോരാടുക, എവിടെ ചൂഷണം നടക്കുന്നുവോ അവിടെ അതിനെതിരെ ശബ്ദമുയർത്തുക, എവിടെ പട്ടിണിയും ദാരിദ്ര്യവും ഉണ്ടാകുന്നുവോ അവിടെ സഹായഹസ്തവുമായി എത്തുക, ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ കണ്ടുപിടിച്ച് ശക്തമായ സാക്ഷ്യം നിർവഹിക്കുക- ഇവയെല്ലാം പ്രസ്ഥാനത്തിന്റെ മുഖ്യ അജണ്ടയിൽപ്പെട്ട വിഷയങ്ങളാണ്."

ഇത് കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ഏറെക്കുറെ വ്യക്തമാക്കുന്നുണ്ട്. അജണ്ടയിലെ ആദ്യഇനങ്ങളുടെ വിശദീകരണമെന്ന നിലയിൽ മുത്തങ്ങ- മാറാട് സംഭവങ്ങളോടുള്ള പ്രതികരണവും തോട്ടം മേഖലയിലെ തൊഴിൽരഹിതർക്കായും കയർ-കശുവണ്ടി-മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുമുള്ള കൗൺസിലിന്റെ പ്രവർത്തനങ്ങളും ചൂണ്ടിക്കാണിക്കുന്നു.

അജണ്ടയിലെ ഒടുവിലത്തെ ഇനം-ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ-അർഹിക്കുന്ന ശ്രദ്ധ നേടിക്കണ്ടില്ല ബുള്ളറ്റിനിൽ. പല കാരണങ്ങളുണ്ടാകാം അതിന്. ആദ്ധ്യാത്മികതയെ സംബന്ധിച്ച് സഭകൾ പുലർത്തുന്ന വ്യത്യസ്ത സമീപനങ്ങൾ, സഭകളിലും സഭാസ്ഥാപനങ്ങളിലും ആദ്ധ്യാത്മികതയ്ക്കു സംഭവിച്ചിരിക്കുന്ന അപചയം......നമ്മുടെ ആനുകാലിക പ്രസിദ്ധീകരണങ്ങളിലുണ്ട് അതിന്റെ പ്രതിഫലനം. ആദ്ധ്യാത്മികതയുടെ അടിസ്ഥാനമായി പ്രാർത്ഥനയെ കാണുന്നു, 'ഗുഡ് ന്യൂസ്' വാരിക. സ്വർഗ്ഗസ്ഥ പിതാവുമായി സ്ഥാപിക്കുന്ന കൂട്ടായ്മയെന്ന നിലയിൽ ലോകം, ജഡം, പിശാച് എന്നിവയെ എതിർക്കുന്നതിനുള്ള പരിചയായി ആദ്ധ്യാത്മികത വർത്തിക്കുന്നു. പാപകരമായ താൽപ്പര്യങ്ങളിൽ നിന്ന് ദൈവസ്നേഹത്തിന്റെ ഔന്നത്യത്തിലേക്കുള്ള നീക്കമാണതെന്ന് 'കാരിസ് ജ്യോതി.' ഏകാന്തതയുടെ നിശ്ശബ്ദതയിൽ ദൈവവുമായി ഏകാഗ്രതയോടെ സംവദിക്കുമ്പോഴുണ്ടാകുന്ന സന്തോഷാനുഭവമാണ് ആദ്ധ്യാത്മികതയെന്ന് 'ക്രൈസ്തവദീപിക'. വചനമാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനമെന്നും വചനം പ്രസംഗിക്കുകയും കേൾക്കുകയും അംഗീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ നല്ല മണ്ണിൽ വിതച്ച വിത്തു പോലെ മുപ്പതും അറുപതും നൂറും മേനിയായി അതു വിളയുന്നുവെന്നും 'സമാധാനം' മാസിക.....മണിക്കൂറുകൾ ദീർഘിക്കുന്ന വചനഘോഷണശുശ്രൂഷകൾ, സൗഖ്യദാനധ്യാനങ്ങൾ, ആർഭാടപൂർണ്ണമായ പെരുന്നാളുകൾ, ഹൈടെക് ഇലക്ട്രോണിക് സംഗീതോപകരണങ്ങളിൽ നിന്നുള്ള വർഷിപ്പ് നമ്പറുകൾ എന്നിങ്ങനെ കണ്ടും കേട്ടും വായിച്ചും നാം അറിയുന്ന ആദ്ധ്യാത്മിക ആവിഷ്കരണങ്ങളും അനവധി.

ആദ്ധ്യാത്മികതയെ സംബന്ധിക്കുന്ന സിദ്ധാന്തപരവും പ്രായോഗികവുമായ വ്യത്യസ്ത സമീപനങ്ങളുടെ പ്രേരണയിലാകണം, ശരിയായ ആത്മീയത എന്ത് എന്ന ഒരന്വേഷണം 'ചർച്ച് വീക്ക്ലി' അവതരിപ്പിക്കുന്നു. ഭൗതിക സന്ദർഭങ്ങളുമായുള്ള പ്രതിപ്രവർത്തനത്തിന്റെ ഒരു മുഖമായി അവതാരകൻ ആദ്ധ്യാത്മികതയെ കാണുന്നു. ദൈവരാജ്യമൂല്യങ്ങളാൽ ഈ ലോകത്തിന്റെ വൈകല്യങ്ങളെ വെല്ലുവിളിക്കുകയും ഗുണപരമായ മാറ്റത്തിനു വിധേയമാക്കുകയുമാണ് അതിന്റെ ധർമ്മം. സ്വകാര്യമായ വൈകാരികാനുഭൂതിയിലല്ല, പങ്കുവയ്ക്കലിന്റെ തത്ത്വശാസ്ത്രത്തിലാണ് അതിന്റെ ഊന്നൽ. ലോകത്തിൽ പരസ്പരധാരണയും സ്നേഹവും വളർത്തി ദൈവരാജ്യസ്ഥാപനം സാധ്യമാക്കുകയാണ് അതിന്റെ ആത്യന്തികലക്ഷ്യം.

മുകളിൽ പറഞ്ഞ കാഴ്ചപ്പാടു തന്നെയാകണം ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ കൊണ്ട് കെ.സി.സി. അർത്ഥമാക്കുന്നത്. ജൽപ്പനങ്ങൾ കൊണ്ടു തൃപ്തിപ്പെടാതെ ക്രിസ്തുവിലേക്ക് ആഴ്ന്നിറങ്ങിയാലേ പുതുസൃഷ്ടി സാധ്യമാകൂവെന്ന കാതോലിക്കാ ബാവയുടെ ഉദ്ബോധനത്തിന്റെ പൊരുളും മറ്റൊന്നല്ല.

ജഡത്തിൽ ജീവിക്കുന്നവർ ജഡികമായും ആദ്ധ്യാത്മികതയിൽ ജീവിക്കുന്നവർ ആദ്ധ്യാത്മികമായും ജീവിക്കുന്നുവെന്നു പറയുന്നു പൗലോസ് അപ്പോസ്തലൻ. കണ്ണു കൊണ്ടു കാണുന്നതിലധികമായതും നമ്മുടെ ജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതുമായ ദൈവമെന്ന ശക്തിവിശേഷത്തിലുള്ള വിശ്വാസവും ആ വിശ്വാസത്തിനു വിധേയമായുള്ള ജീവിതവുമാണ് ആദ്ധ്യാത്മിക ജീവിതം കൊണ്ടർത്ഥമാക്കുന്നത്. ദൈവം ക്രൈസ്തവർക്കു മാത്രം അവകാശപ്പെട്ടതല്ല. എങ്കിൽ ക്രൈസ്തവ ആദ്ധ്യാത്മികയെന്നാൽ എന്ത്? വാക്കിലും പ്രവൃത്തിയിലും ജീവിതത്തിന്റെ സമസ്ത വ്യാപാരങ്ങളിലും ക്രിസ്തുവിനെ മാതൃകയാക്കുകയാണത്.

മാസ്ലോക്ക് എന്ന മനശ്ശാസ്ത്രജ്ഞൻ 'എരിഞ്ഞടങ്ങൽ' എന്നു വിശേഷിപ്പിക്കുന്ന ഒരു കാലഘട്ടത്തിലേക്കാണ് ഇന്നു നാം നീങ്ങുന്നത്. ശാസ്ത്ര-സാങ്കേതിക വികാസം വിവിധ മേഖലകളിൽ നൽകിയ വിജയത്തിന്റെ പടവുകൾ നമ്മെ എത്തിച്ചിരിക്കുന്നത് അഗാധമായ പതനത്തിന്റെ വക്കിൽ. ആസന്നമായ ആ പതനം ഒഴിവാക്കാൻ നമുക്കുള്ള ആശ്രയം ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ മാത്രം.

## MOTHERS

Men are what their mothers made them - ***Emerson***

The future destiny of the child is always the work of the mother - ***Napoleon***

All that I am my mother made me - ***John Adams***

A man is mostly what his mother makes hium - ***Richard Burton***

All that I am or hope to be, I owe to my angel mother-***Abraham Lincoln***

God could not be everywhere, so he created mothers -***A Jewish proverb***

The mother's heart is the child's school room - ***Henry Beecher***

**My mother was the most beautiful woman I ever saw.**
**All I am I owe to my mother. I attribute all my success in life**
**to the moral, intellectual and physical education I received from her.**

- ***George Washington***

# തീർത്ഥാടനത്തിനിടയിൽ



ഡോ. എബ്രഹാം കരിക്കം

## ഈശാവാസ്യോപനിഷത്ത്

യൂറോപ്പിൽ ജനിച്ച മഹാപണ്ഡിതനായ മാക്സ് മുള്ളർ നമ്മുടെ പൈതൃക സമ്പത്തായ ഉപനിഷത്തുകളെപ്പറ്റി ഇപ്രകാരം പറഞ്ഞിട്ടുണ്ട് : മൃത്യുഭയത്തിൽ നിന്ന് രക്ഷ നേടുന്നതിനും സത്യത്തെ കണ്ടെത്തുന്നതിനും ജിജ്ഞാസുകൾക്ക് ഉപനിഷത്തുകളെപ്പോലെ ശ്രേഷ്ഠമായ മറ്റൊരു മാർഗ്ഗം ഞാൻ കാണുന്നില്ല. ഉപനിഷത്തുകളിലെ ജ്ഞാനം എന്റെ ജീവിതോൽക്കർഷത്തിന് ഗണ്യമായ ഹസ്താവലംബം നൽകിയിട്ടുണ്ട്. ഞാൻ അവയ്ക്കു കടപ്പെട്ടിരിക്കുന്നു. (വിവ: കെ. ഭാസ്കരൻ നായർ)

വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവയാണ് വൈദിക കാലഘട്ടത്തിലെ പ്രധാന സാഹിത്യ വിഭാഗങ്ങൾ. ഉപനിഷത്തുകൾക്ക് മൂവായിരം വർഷത്തെയെങ്കിലും ചരിത്രമുണ്ട്. ആത്മാവിന്റെ ഹിമാലയം എന്ന് ഡോ. സുകുമാർ അഴീക്കോട് വിളിക്കുന്ന ഇവയുടെ ഗരിമയിൽ അമ്പരന്നു നിൽക്കാത്ത പണ്ഡിതരില്ല. മുഖ്യമായും 108 ഉപനിഷത്തുകളുണ്ടെന്നാണ് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇവയിലേറ്റവും പ്രധാനമായവ ദശോപനിഷത്തുകൾ എന്നറിയപ്പെടുന്ന പത്തെണ്ണമാണ്. ഡോ. രാധാകൃഷ്ണൻ മുതൽ ഡോ. അഴീക്കോട് വരെ വിശദമായി വ്യാഖ്യാനം നൽകിയിട്ടുളളത് ദശോപനിഷത്തുകൾക്കാണ്.

എന്നാൽ വേദപുസ്തകവുമായി വളരെ അടുത്തു നിൽക്കുന്ന ചിന്തകൾ അധികം ചർച്ച ചെയ്യപ്പെടാത്ത മറ്റു ഉപനിഷത്തുകളിൽ ധാരാളമായി ഒളിഞ്ഞുകിടക്കുന്നതായി അവയുടെ പാരായണത്തിൽ നിന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. ഈ പംക്തിയിൽ അവയിൽ ചിലതൊക്കെ പിന്നീട് വിവരിക്കാമെന്നാശിക്കുന്നു. ദശോപനിഷത്തുകൾ പരിചയപ്പെടാതെ മറ്റുള്ളവയിലേക്കു പോകാനും പ്രയാസമാണ്. അതിനാൽ ആദ്യം അവയിൽ ചിലതു തന്നെ പരിശോധിക്കാം. ഒന്നാമത്തേത്, ഈശാവാസ്യം.

"ഓം ഈശാവാസ്യമിദം സർവം
യത് കിംച ജഗത്യാം ജഗത്
തേന ത്യക് തേന ഭുഞ്ജീഥാ
മാ ഗൃധഃ കസ്യ സ്വിദ്ധനം."

പ്രപഞ്ചം മുഴുവൻ സർവവ്യാപിയായ ഈശ്വരനാൽ പരിപൂർണ്ണമാകുന്നുവെന്ന വിഖ്യാതമായ തത്വം ഇവിടെയാണു ലഭിക്കുക. ഇത്തരം 18 ശ്ലോകങ്ങളുള്ള ഈ ഉപനിഷത്ത് പ്രപഞ്ച സ്രഷ്ടാവിന്റെ മാഹാത്മ്യവും ഈശ്വരനില്ലാതെ ഒന്നുമില്ലെന്ന തത്വവും ഉൽഘോഷിക്കുന്നു. വിശ്വത്തെ ഉപേക്ഷിക്കരുത്. അതിനെ ഗൗരവമായി കാണണമെന്ന വലിയ സത്യം ഇതിലുണ്ട്. ലോകം ഉപേക്ഷിച്ചോടാനുള്ളതാണെങ്കിൽ പിന്നെ ദൈവം അവതരിക്കേണ്ട കാര്യമില്ലല്ലോ. എന്നാൽ വിശ്വത്തെ ത്യാഗപൂർവമനുഭവിക്കാൻ മനുഷ്യർ പഠിക്കണമെന്ന കാര്യവും ഈശാവാസ്യോപനിഷത്ത് പഠിപ്പിക്കുന്നുണ്ട്. ആക്രമിച്ചു നശിപ്പിക്കാനുള്ളതല്ല ഈ ലോകം.

**ഈശ്വരനെ പള്ളികളിലും അമ്പലങ്ങളിലും ഒതുക്കാനാണ് എല്ലാ വിശ്വാസികൾക്കും താൽപര്യം. കനകം വിളയുന്നത് അവിടെയാണല്ലൊ. സർവവ്യാപിയായ ദൈവത്തെ സ്വന്തം കൈക്കുമ്പിളിൽ വഹിക്കാമെന്നാണ് എല്ലാവരുടെയും വ്യാമോഹം. ആരുടെ ചെപ്പിലൊതുങ്ങും ഈശ്വരൻ?**

പ്രപഞ്ചം ഈശ്വരൻ വസിക്കുന്ന ഇടമാണ്, സ്വർഗ്ഗമാണ്. ആരാധനയോടെ വേണം അതിനെ സമീപിക്കാൻ.

"യസ്തു സർവാണി ഭൂതാന്യാത്
മന്യേവാനുപശ്യതി
സർവഭൂതേഷ്ഠചാത്മാനം തതോന
വിജുഗുപ്സതേ"

സകല പ്രാണികളെയും പരമാത്മാവിൽ ദർശിക്കുന്നവൻ ആരെയും നിന്ദിക്കുന്നില്ല. ആർഷഭാരതത്തിന്റെ അടിസ്ഥാനശിലയായ ഈ പ്രമാണം എത്രയോ പാശ്ചാത്യ ജ്ഞാനികളെ ഉദ്ദീപിച്ചിരിക്കുന്നു. കാൽപ്പനിക പ്രസ്ഥാനക്കാരുടെ പാൻ തീയിസവും അമേരിക്കൻ ചിന്തകരുടെ Transcendentalism വും ഈ ഒറ്റ ശ്ലോകത്തിൽ സംഗ്രഹിക്കാം.

പക്ഷേ ഇന്നെന്താണ് ഭാരതത്തിൽ നടക്കുന്നതെന്നാലോചിക്കുമ്പോൾ ലോകം ചിരിക്കും. ഈശ്വരനെ പള്ളികളിലും അമ്പലങ്ങളിലും ഒതുക്കാനാണ് എല്ലാ വിശ്വാസികൾക്കും താൽപ്പര്യം. കനകം വിളയുന്നത് അവിടെയാണല്ലൊ. സർവവ്യാപിയായ ദൈവത്തെ സ്വന്തം കൈക്കുമ്പിളിൽ വഹിക്കാമെന്നാണ് എല്ലാവരുടെയും വ്യാമോഹം. ആരുടെ ചെപ്പിലൊതുങ്ങും ഈശ്വരൻ?

തൂണിലും തുരുമ്പിലും ഈശ്വരനുണ്ടെന്നു പഠിപ്പിക്കുമ്പോൾത്തന്നെ ട്രെയിനിലും വഴിയോരങ്ങളിലുമിട്ട് മനുഷ്യരെ മൃഗീയമായി കൊല്ലുന്നു. ആർഷഭാരതത്തി

*(ശേഷം പേജ് 20)*


## WORDS OF WISDOM

He who knows not, and knows not that he knows not is a fool; shun him.
He who knows not, and knows that he knows not is simple; teach him.
He who knows, and knows not that he knows is asleep; waken him.
He who knows, and knows that he knows is wise; follow him.

■■

Act courageously,
Argue logically,
Answer intelligently,
Communicate clearly,
Earn honestly,
Listen attentively,
Read thoroughly.

***(Collected by Renjit & Letty)***




# സൈലന്റ് വാലി : വീണ്ടും മുറവിളി

സൈലന്റ് വാലി-മർമ്മരങ്ങളില്ലാത്ത നിശ്ശബ്ദ താഴ്വര. പരിണാമത്തിന്റെ പടവുകളിലൂടെ അഞ്ചു കോടി വർഷങ്ങൾ പിന്നിട്ട നിത്യഹരിതവനം. ജീവന്റെ തുടർച്ച ഇടമുറിയാതെ കാത്തുസൂക്ഷിച്ച മഴക്കാട്. ജീനുകളുടെ അപൂർവ കലവറ. മഴക്കാടിന്റെ സൗഭാഗ്യങ്ങളെല്ലാം തികഞ്ഞതും ജൈവവൈവിദ്ധ്യങ്ങളാൽ സമ്പന്നവുമായ പ്രകൃതിയുടെ ഈ നിധിപേടകത്തിന്റെ നിശ്ശബ്ദതയിലിപ്പോൾ ഭവാനിപ്പുഴയും കുന്തിപ്പുഴയും ആർത്തലയ്ക്കുകയാണ്-മനുഷ്യന്റെ ക്രൂര പ്രകൃതിതാണ്ഡവങ്ങൾക്കെതിരെ. അതേ, സൈലന്റ് വാലി ഇന്ന് നിശ്ശബ്ദയല്ല. അവിടെ നിന്ന് വീണ്ടും നിലവിളി ഉയർന്നു കഴിഞ്ഞു.

**ഇരുപതു വർഷം മുമ്പ്, സൈലന്റ് വാലി പദ്ധതിയുടെ പേരിൽ കുന്തിപ്പുഴയ്ക്ക് കുറുകെ അണക്കെട്ട് പണിത് നമ്മുടെ അമൂല്യ സസ്യങ്ങളെയും ജന്തുക്കളെയും തുടച്ചുനീക്കി നമ്മെ കൊള്ളയടിക്കുവാനുള്ള ബഹുരാഷ്ട്രകുത്തകകളുടെ ശ്രമത്തെ എതിർത്തു തോൽപ്പിച്ച ഐതിഹാസിക സമരം കേരളത്തിലെ പ്രകൃതി-മാനവസ്നേഹികളുടെ വിജയം തന്നെയായിരുന്നു. ഇപ്പോൾ പാത്രക്കടവ് പദ്ധതിയെന്ന പേരിൽ, പഴയ സ്ഥലത്തു നിന്ന് വെറും മൂന്നു കി.മീ. അകലെ കുന്തിപ്പുഴയിൽ തന്നെ, അണക്കെട്ട് പണിയാനുള്ള ശ്രമമാണ് വീണ്ടും വിവാദമായിരിക്കുന്നത്.**

1977-78-ൽ സൈലന്റ് വാലി പ്രശ്നം ആദ്യമായി ഉയർത്തി, അതിലേക്ക് പൊതു

ഡോ. ജോൺ കുരുവിള, കോടുകുളഞ്ഞി



ജനശ്രദ്ധ തിരിച്ചതിന് ലോകത്തിലെ മുഴുവൻ പ്രകൃതിസ്നേഹികളും കടപ്പെട്ടിരിക്കുന്നത്, അന്ന് പ്ലാനിംഗ് കമ്മിഷൻ സബ് കമ്മിറ്റിയംഗങ്ങളായിരുന്ന പ്രൊഫ. എം. കെ. പ്രസാദ്, ഡോ. എം. പി. പരമേശ്വരൻ, പ്രൊഫ. വി. കെ. ദാമോദരൻ, ഡോ. എ. അച്യുതൻ എന്നിവരോടാണ്. പയ്യന്നൂരെ സുവോളജിക്കൽ ക്ലബാണ് ആദ്യമായി പദ്ധതിക്കെതിരെ പ്രതിഷേധപ്രകടനവുമായി പൊതുരംഗത്ത് ശബ്ദമുയർത്തിയത്. തുടർന്ന് പ്രതിഷേധങ്ങളുടെ വേലിയേറ്റമായിരുന്നു. ആലുവയിലെ യുവചിത്രകാരന്മാരായ ചന്ദ്രനും ഷംസുദ്ദീനും ചിത്രങ്ങളുമായി സഞ്ചരിച്ച് പ്രതിഷേധിച്ചു. കോട്ടയം സി.എം.എസ്. കോളജ് വിദ്യാർത്ഥികൾ ടൗണിൽ പ്രകടനം നടത്തി. തിരുവനന്തപുരത്ത് സുഗതകുമാരി ടീച്ചറും നീലകണ്ഠൻ മാഷും ശർമ്മാജിയും ചേർന്ന് സൈലന്റ് വാലി സംരക്ഷണസമിതി രൂപീകരിച്ചു. അതു പിന്നീട് പ്രകൃതിസംരക്ഷണസമിതിയായി കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും പദ്ധതിയെ താമസിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരത്തെ യുവശാസ്ത്രജ്ഞദമ്പതികളായ ഡോ. സതീശ്ചന്ദ്രനും ഡോ. ശാന്തിയും കേരളത്തിലുടനീളം സഞ്ചരിച്ച് സ്ലൈഡുകൾ കാണിച്ച് ജനബോധവൽക്കരണം നടത്തി. ശാസ്ത്രസാഹിത്യപരിഷത്തും പ്രതിഷേധപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി രംഗത്തു വന്നു.

1979-ഒക്ടോബറിൽ സൈലന്റ് വാലി പദ്ധതിയെ എതിർക്കുന്ന സംഘടനകളുടെ ഒരു കൺവൻഷൻ തിരുവന്തപുരത്തു നടന്നു. അപ്പോഴേക്കും, ബോംബെയിൽ ഡോ: സലിം അലി അദ്ധ്യക്ഷനായും ശ്രീമതി ദിൽനവാസ് കാര്യദർശിയായും സേവ് സൈലന്റ് വാലി കമ്മിറ്റിയുണ്ടായി. സലിം അലിയുടെ സ്വാധീനം മൂലം രാജ്യാന്തര രംഗങ്ങളിലും സൈലന്റ് വാലിയെ സംരക്ഷിക്കണമെന്ന മുറവിളി ഉയർന്നു. ഒടുവിൽ, സ്വാമിനാഥൻ കമ്മിഷൻ പദ്ധതിക്കെതിരായ നിലപാടെടുക്കുകയും ഇന്ദിരാഗാന്ധി ആ നിലപാടു സ്വീകരിക്കുകയും ചെയ്തതോടെ, സൈലന്റ് വാലിയും നിത്യഹരിതവനവും ജലസമാധിയിൽ നിന്നും നാശത്തിൽ നിന്നും രക്ഷപ്പെട്ടു. ഇതു പഴയ കഥ!

ഇപ്പോൾ 'പഴയ പാത്രത്തിൽ പുതിയ വീഞ്ഞ്' എന്ന മാതിരി പാത്രക്കടവ് പദ്ധതിയുമായി അധികൃതർ വന്നിരിക്കുന്നു. സൈലന്റ് വാലി വനത്തിനു പുറത്താണെന്ന് വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും ദേശീയോദ്യാനത്തിന്റെ 'കരുതൽ മേഖല'യിൽത്തന്നെയാണിത്. വെറും 500 മീ. അകലെ.

നീലിക്കല്ലിലെ മലയിടുക്കിൽ പണിയുന്ന 64.5 മീ. ഉയരവും 275 മീ. നീളവുമുള്ള പാത്രക്കടവ് അണക്കെട്ട് സൈലന്റ് വാലിയുടെ 22 ഹെക്ടർ വന

## പ്രതികരണങ്ങൾ

# ഇക്കോളജിയും വേദപുസ്തകവും

വേദപുസ്തകം ഇക്കോളജിയ്ക്കു സഹായകമല്ലെന്ന പരിസ്ഥിതി മൗലികവാദികളുടെ അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല. വേദപുസ്തകം മനുഷ്യകേന്ദ്രീകൃതമായിരിക്കുന്നതുപോലെ ഇക്കോളജി മുഖ്യ പരിഗണന നൽകിയിട്ടുള്ളതു മനുഷ്യനു തന്നെയാണ്. സമൂഹത്തിലെ വ്യക്തികൾ തമ്മിലും, ഭൂമിയിലെ വൃക്ഷലതാദികളും ജന്തുജാലങ്ങളും വായു, ജലം, മണ്ണ് എന്നീ ഭൗതിക ഘടകങ്ങളും തമ്മിലുള്ള ബന്ധവും പ്രതിപ്രവർത്തനവുമാണല്ലോ ഇക്കോളജിയിലെ പ്രതിപാദ്യം.

സൃഷ്ടിയുടെ പൂർത്തീകരണത്തിൽ ഏദൻതോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനുമുള്ള ഉത്തരവാദിത്വമാണ് ദൈവം മനുഷ്യനെ ഭരമേൽപ്പിച്ചത് ഭൂമിയുടെ സംരക്ഷണം മനുഷ്യനെ ഏൽപ്പിച്ചതിന്റെ പ്രതീകമായി വേണം ഇതിനെ കാണേണ്ടത്. ഈ പ്രധാന ഉത്തരവാദിത്വം ലംഘിക്കുന്ന സാഹചര്യങ്ങളിലാണ് പരിസ്ഥിതി പ്രശ്നങ്ങൾ ഗുരുതരമായി അനുഭവപ്പെടുന്നത്.

മനുഷ്യന്റെ സമഗ്രമായ വിമോചനവും രക്ഷയും സ്വാതന്ത്ര്യവുമാണല്ലോ സുവിശേഷത്തിന്റെ അന്തസ്സത്ത. മനുഷ്യൻ തിന്മയിൽ നിന്നു വിട്ടകന്ന് പുതിയ സൃഷ്ടിയാകുമ്പോൾ മാത്രമേ അവൻ വസിക്കുന്ന ഭൂമിക്കു സംരക്ഷണവും നിലനിൽപ്പും ലഭിക്കുകയുള്ളൂ. യേശുക്രിസ്തുവിലൂടെ നമുക്കു ലഭിക്കുന്ന ദൈവതേജസ്സാകുന്ന സ്വാതന്ത്ര്യവും, തദ്വാരാ, ബന്ധനങ്ങളിൽ നിന്നുള്ള വിടുതലും മനുഷ്യൻ കൈവരിക്കുമ്പോൾ മാത്രമാണ് സർവസൃഷ്ടികൾക്കും സ്വാതന്ത്ര്യവും സംരക്ഷണവും ലഭിക്കുന്നത്. ആത്മീയതയെ അടിസ്ഥാനമാക്കി വേണം പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച ചിന്തകളും പ്രവർത്തനങ്ങളും ആവിഷ്കരിക്കേണ്ടത്. ഇത് നമ്മുടെ വിശ്വാസത്തിന്റെ ഭാഗം മാത്രമായാൽ പോരാ, പ്രത്യുത, പ്രവൃത്തിയിൽ സമ്പൂർണ്ണമായി വെളിപ്പെടുകയും വേണം.

ഭൗമിക പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ പരിപാലിക്കുന്ന ഘടകങ്ങളിൽ വനസമ്പത്തിന് നിർണ്ണായക സ്ഥാനമുണ്ട്. നദികളുടെയും മറ്റു ജലസ്രോതസ്സുകളുടെയും സമ്പുഷ്ടതയും കാലാവസ്ഥയുടെ സാമാന്യസ്ഥിരതയും പ്രകൃതിയിൽ നിലനിർത്തുന്നത് വനങ്ങളാണ്. മനുഷ്യന്റെ കടന്നാക്രമണങ്ങളിലൂടെ കാടുകൾക്ക് അനുസ്യൂതം സംഭവിക്കുന്ന നാശം ഭീതിജനകമാണ്. മനുഷ്യന്റെ ദ്രവ്യാഗ്രഹവും അത്യാർത്തിയുമാണ് എല്ലാ പ്രകൃതി വിഭവങ്ങൾക്കുമെന്നതുപോലെ കാടുകൾക്കും ഭീഷണിയായിത്തീരുന്നത്. മനുഷ്യൻ പുതിയ സൃഷ്ടിയാകുമ്പോൾ ബന്ധനങ്ങളിൽ നിന്ന് വിടുതൽ ലഭിക്കുന്നതിനാൽ ഭൂമിയിലെ വിഭവങ്ങൾക്കെല്ലാം തന്നെ സംരക്ഷണം ലഭിക്കുന്നു. കാടിന്റെയും പ്രകൃതിയുടെയും മേലുള്ള മനുഷ്യന്റെ ആക്രമണങ്ങൾക്ക് അവന്റെ ഇല്ലായ്മയും ഒരു കാരണമാണ്. അപരന്റെ നിസ്സഹായതയിലും ഇല്ലായ്മയിലും, സ്വയം ത്യജിച്ചു പോലും സഹായം നൽകണമെന്ന യേശുക്രിസ്തുവിന്റെ പ്രബോധനം ഈ പശ്ചാത്തലത്തിൽ നമ്മുടെ പ്രത്യേക ശ്രദ്ധയാകർഷിക്കേണ്ടതാണ്.

ഉപഭോഗസംസ്കാരത്തിലും ആഡംബരത്തിലും അധിഷ്ഠിതമായി താളക്രമം തെറ്റിയ ജീവിതരീതികളാണ് പരിസ്ഥിതി മലിനീകരണത്തിനു കളമൊരുക്കുന്ന മുഖ്യപശ്ചാത്തലം. ഈ ദുഷിച്ച പ്രവണതകൾക്കെതിരെയും ലാളിത്യത്തിനുവേണ്ടിയുമുള്ള ശക്തമായ നിർദ്ദേശങ്ങൾ വേദപുസ്തകത്തിൽ സുലഭമാണ്. പരിസ്ഥിതിയെ ഹാനികരമായി ബാധിക്കുന്ന മാനുഷിക ഇടപെടലുകളെ സംബന്ധിച്ച് മൗലികവാദികളുൾപ്പെടെ ബന്ധപ്പെട്ട മിക്ക പ്രവർത്തകരും വേണ്ടത്ര ഊന്നൽ നൽകിക്കാണുന്നില്ല. പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിക്കുന്ന വേദപുസ്തകാധിഷ്ഠിതമായ ആത്മീയമൂല്യങ്ങളിൽ അവബോധം കൈവരുത്തുന്നതിന് സഭാനേതൃത്വം ചാലകശക്തിയായി പ്രവർത്തിച്ചാൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കു സാധിക്കും.

*പ്രൊഫ. ഡോ. സി. സി. ഏബ്രഹാം*
*റിട്ട. ഡീൻ, കേരള കാർഷിക സർവകലാശാല*

■■

കഴിഞ്ഞ രണ്ടു ശതാബ്ദത്തിലധികമായി അതിനിശിതമായ വിമർശനങ്ങൾക്കു വിധേയമായ ഗ്രന്ഥമാണ് ബൈബിൾ. കാരണം, മാനുഷികബുദ്ധിയും യുക്തിയും ഉപയോഗിച്ച് ദൈവത്തെ അളക്കുവാൻ ശ്രമിക്കുന്നവരാണ് ബൈബിൾ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരിൽ ഏറിയ പങ്കും. അവരവരുടെ യുക്തിക്കു ചേരുന്നവ സ്വീകരിക്കയും അല്ലാത്തവ വിമർശിച്ചു തള്ളുകയും ചെയ്യുന്ന ഔദ്ധത്യം ബൈബിളിനോടുള്ള സമീപനത്തിൽ മാത്രമല്ല, ഏതു കാര്യത്തിലും ഇന്ന് പൊതുവെ കാണുന്ന ഒരു പ്രവണതയാണ്.

വിശ്വവിഖ്യാതമായ മൊണാലിസ എന്ന ചിത്രം ഏതു കോണിൽ നിന്നു വീക്ഷിച്ചാലും വീക്ഷകനെ തുറിച്ചു നോക്കുന്നതായി തോന്നുമെന്നു പറയുന്നതുപോലെയാണ്, ഒരർത്ഥത്തിൽ, ബൈബിളും. ഏതു ചിത്തവൃത്തിയോടെ സമീപിച്ചാലും, നമുക്കിഷ്ടമാകുന്നതും ഇഷ്ടമാകാത്തതുമായ പല കാര്യങ്ങൾ ബൈബിളിൽ കാണും. നമുക്കിഷ്ടമുള്ളവ നാം ഇഷ്ടപ്പെടാത്ത രീതിയിൽ അവതരിപ്പിക്കുമ്പോഴും, വേണ്ടെന്നു വിചാരിക്കുന്നവ നമുക്കു കൈവരണമെന്നു ബൈബിൾ ചൂണ്ടിക്കാട്ടുമ്പോഴും ബൈബിളിനെ പഴഞ്ചനെന്നു വിധിച്ചു തള്ളുവാൻ നാം മടിക്കാറില്ല.

ഭൂമിയെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്ക് ബൈബിളിൽ നിന്ന് യാതൊരു ഉൾപ്രേരണയോ ആവേശമോ ലഭിക്കില്ലെന്നു തറപ്പിച്ചു പറയുന്നത്, കണ്ണിറുക്കി അടച്ചുകൊണ്ട് ഒന്നും കാണുന്നില്ലെന്നു പറയുന്നതുപോലെയേ ഉള്ളൂ. ഇക്കോളജി പഠിപ്പിക്കുന്ന ഗ്രന്ഥമല്ല

---

പ്രദേശത്തെ മുക്കികളെയും. മനുഷ്യാധിവാസ കേന്ദ്രങ്ങൾക്ക് ഇതു ഭീഷണിയാവും. 23 ഇനം സസ്തനികളും 79 ഇനം പക്ഷികളും 18 ഇനം മത്സ്യങ്ങളും 43 ഇനം പൂമ്പാറ്റകളും ഈ ദേശീയോദ്യാനത്തിലുണ്ടെന്നാണ് വനംവകുപ്പിന്റെ റിപ്പോർട്ട്. സസ്തനികളിൽ 13 എണ്ണം വംശനാശഭീഷണി നേരിടുന്നവയാണ്. ഒരെണ്ണം ഈ മേഖലയിൽ മാത്രമുള്ളത്. 381 ഇനം പുഷ്പിക്കുന്ന സസ്യങ്ങളിവിടെയുണ്ട്. ഇതിൽ 55 ഇനങ്ങൾ തദ്ദേശീയവും ഏഴിനങ്ങൾ അപൂർവവുമാണ്. കൂടാതെ, സിംഹവാലൻ , കുരങ്ങ്, വരയാട് എന്നീ വംശനാശഭീഷണി നേരിടുന്ന ജീവികളുടെ സങ്കേതവുമാണിവിടം.

പാത്രക്കടവ് പദ്ധതിപ്രദേശം ഉഷ്ണമേഖല നിത്യഹരിത വനമാണ്. അതുല്യ ജനിതക വൈവിധ്യമുള്ള ഈ വനങ്ങളിലാണ് നമ്മുടെ ഭക്ഷ്യസുരക്ഷയുടെ ഭാവി. ചുരുക്കിപ്പറഞ്ഞാൽ, ഈ പ്രദേശത്തിന്റെ പാരിസ്ഥിതികമൂല്യം പദ്ധതി കൊണ്ടുണ്ടാവുന്ന നേട്ടത്തിന്റെ പതിന്മടങ്ങാണ്. പാത്രക്കടവ് പദ്ധതിക്കെതിരെ സുഗതകുമാരിയും മറ്റു പ്രകൃതിസ്നേഹികളും രംഗത്തു വന്നുകഴിഞ്ഞു. കുന്തിപ്പുഴയിൽ അണക്കെട്ട് വന്നാൽ, മണ്ണാർക്കാടിനു താഴെയുള്ള ഇരുപത്തഞ്ചു പഞ്ചായത്തുകളിൽ ജലദൗർലഭ്യമുണ്ടാകുമെന്ന് അവിടത്തെ ജനങ്ങൾ ഭയക്കുന്നു.

ഇനി വൈകിക്കൂടാ. പഴയതുപോലെ, പാത്രക്കടവ് പ്രകൃതിയാഭാസപദ്ധതി മുളയിലേ നുള്ളിക്കളയേണ്ടിയിരിക്കുന്നു. അതിനു വേണ്ടത്, എല്ലാ പ്രകൃതിസ്നേഹികളുടെയും കൂട്ടായ മുന്നേറ്റമാണ്. ●●

ബൈബിൾ. ഭൂമിയെ മനുഷ്യൻ സ്നേഹിക്കുകയും കരുതുകയും ചെയ്യണമെന്ന് നമ്മോടു പറഞ്ഞത് ബൈബിളല്ലേ? അതു ശ്രദ്ധിക്കാതെ ദൈവശാസ്ത്രജ്ഞന്മാർ ഹ്യൂമനിസത്തിന്റെ കണ്ണട വച്ചു ബൈബിൾ വായിച്ചത് ബൈബിളിന്റെ കുറ്റമാണോ? മാനുഷിക ഭാഷയിൽ, പ്രപഞ്ചത്തെ ദൈവം ഇഷ്ടപ്പെട്ടു സൃഷ്ടിച്ചതാണ്; അതിൽ വേല ചെയ്യാനും അതിനെ പരിചരിച്ചു സംരക്ഷിക്കാനുമായി മനുഷ്യനെ സൃഷ്ടിച്ച് ഭൂമിയിലാക്കി; ഏറ്റവും നല്ലതെന്ന് ദൈവം കണ്ടു-ഇതാണല്ലോ ബൈബിൾ പറയുന്നത്. മാത്രമല്ല, ഭൂമിയെ അശുദ്ധമാക്കരുതെന്ന് ജനത്തിനു കൊടുത്ത നിയമാവലിയിൽ വ്യക്തമായി ദൈവം കൽപ്പിച്ചിട്ടുണ്ട്. ദൈവം വിശ്വസിച്ചാക്കിയ മനുഷ്യർ ധൂർത്തരായി ഭൂമിയെ ദുരുപയോഗം ചെയ്തു നശിപ്പിച്ച കാരണത്താൽ ഭൂമി പൊട്ടിത്തെറിക്കുന്നു; ഉന്മത്തനെപ്പോലെ ചാഞ്ചാടുന്നു. ഈ ഭൂമിയെ വീണ്ടെടുക്കുകയാണ് ദൈവത്തിന്റെ രക്ഷാപദ്ധതി എന്ന സത്യം അർത്ഥശങ്കയ്ക്കിടയില്ലാതെ ബൈബിൾ വെളിപ്പെടുത്തുന്നുമുണ്ട്. ഉന്മാദം പൂണ്ട മനുഷ്യൻ ഇതു ഗ്രഹിക്കാൻ കൂട്ടാക്കുന്നില്ലെന്നതല്ലേ വസ്തുത? വേദപുസ്തക എഴുത്തുകാർ അവരുടെ ക്ഷേമം, രക്ഷ, ദൈവവുമായുള്ള ബന്ധം തുടങ്ങിയവ പ്രതിപാദിക്കുന്നുണ്ട്; തർക്കമില്ല. അതു ദൈവത്തിന്റെ ഇഷ്ടമാണെന്നറിഞ്ഞ് അവർ അതു പ്രഖ്യാപിക്കുന്നു; നമുക്ക് അത്യാവശ്യമായതുകൊണ്ടും! എന്നാൽ അതു മാത്രമല്ല ബൈബിളിലെ പ്രതിപാദ്യം.

നമ്മെ കേന്ദ്രമാക്കിക്കൊണ്ടു ദൈവത്തെ നോക്കിക്കാണാനുള്ള ശ്രമം നാം നിർത്തണം. നമ്മെ കേന്ദ്രീകരിച്ചുകൊണ്ടു ഭൂമിയോടു നീചത്വം കാട്ടുന്ന പ്രവണത ഉപേക്ഷിക്കണം. നമ്മെ കേന്ദ്രീകരിച്ച് ബൈബിൾ വായിക്കയും വ്യാഖ്യാനിക്കയും വിമർശിക്കയും ചെയ്യുന്ന രീതിക്കു മാറ്റം വരണം. സ്രഷ്ടാവിനെ ദൈവമായി നാം അംഗീകരിച്ച് അവനു വിധേയപ്പെടണം. പ്രപഞ്ചത്തെ ദൈവത്തിന്റെ വിശിഷ്ടദാനമെന്നറിഞ്ഞ് വിനയത്തോടെ സ്വീകരിച്ച്, വിശ്വസ്തതയോടും ഉത്തരവാദിത്വബോധത്തോടും കൂടെ ഉപയോഗിക്കണം. ദൈവഹിതം വെളിപ്പെടുത്തുന്ന മാധ്യമമായി ബൈബിളിനെ അംഗീകരിക്കണം. വിമർശനമല്ല, വിശ്വാസവും വിശ്വസ്തതയുമാണ് ഇന്നിന്റെ വലിയ ആവശ്യം.

*റവ. കെ. വി. വർക്കി (Sr.),*
*തിരുവാങ്കുളം*

■ ■

വേദപുസ്തകം ഇക്കോളജി പഠനത്തിനു സഹായകമല്ലെന്ന പ്രസ്താവനയോടു വിയോജിക്കുന്നു. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് ജീവജാലങ്ങളും സസ്യവൃക്ഷലതാദികളുമാണു സൃഷ്ടിച്ചത്. കാരണം, മനുഷ്യന്റെ നിലനിൽപ്പിന് അവ അത്യാവശ്യമാണെന്ന് ദൈവം മനസ്സിലാക്കിയിരുന്നു. മനുഷ്യനെ സൃഷ്ടിച്ച ശേഷം രണ്ടു കാര്യങ്ങളാണ് ദൈവം അവനോടാവശ്യപ്പെട്ടത്. ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻതോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും അവിടെയാക്കിയെന്നു വായിക്കുന്നു. പരിസ്ഥിതി കാത്തു സൂക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും എത്ര അനിവാര്യമാണെന്നു ബോധ്യമാകാൻ ഇതിലും വലിയ തെളിവ് ആവശ്യമുണ്ടോ? മാത്രമല്ല, മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിന് വിതയും കൊയ്ത്തും, ശീതവും ഉഷ്ണവും, വേനലും വർഷവും, രാവും പകലും, ഒഴിച്ചു കൂടാനാവാത്തതാണെന്നും ദൈവം പറയുന്നു. ഭൂമിയുള്ള കാലത്തോളം അതു നിലനിൽക്കുകയും വേണം. നോഹയുടെ കാലത്തെ ജലപ്രളയപശ്ചാത്തലത്തിലാണ് ദൈവം ഇതു പറയുന്നത്. പരിസ്ഥിതിയുടെ നിലനിൽപ്പിനു വേണ്ടി ഒരുക്കിയിരിക്കുന്ന വിവിധ ഘടകങ്ങളെപ്പറ്റിയും അവയുടെ ആവശ്യകതയെപ്പറ്റിയും നിരവധി കാര്യങ്ങൾ ദൈവം ഓർമ്മപ്പെടുത്തുന്നത് ഇയ്യോബിന്റെ പുസ്തകത്തിൽ കാണാം. മനുഷ്യസൃഷ്ടിയെക്കാൾ ദൈവത്തെ വർണ്ണിക്കുന്നതും പ്രസിദ്ധമാക്കുന്നതും പ്രപഞ്ചസൃഷ്ടിയാണെന്ന് സങ്കീർത്തനക്കാരൻ പറയുന്നു. അപ്പോൾപ്പിന്നെ, എങ്ങനെയാണ് പരിസ്ഥിതി പഠനത്തിനു വേദപുസ്തകം സഹായകമല്ലെന്നു പറയുക?

*സി. സി. സഖറിയ,*
*ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, കൽപ്പറ്റ*

■ ■

വേദപുസ്തകത്തിലെ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയുള്ള കാഴ്ചപ്പാടുകൾ മനസ്സിലാക്കുവാൻ ലേഖകൻ വളരെ ഗഹനമായ ആശയങ്ങൾ അവതരിപ്പിച്ചപ്പോൾ ഓർമ്മയിൽ വന്നത് "നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു" എന്ന ബൈബിൾ വാക്യമാണ്. വേദപുസ്തകം അതിന്റെ താത്വികതയിൽ മനസ്സിലാക്കുവാൻ സഹായകമായ ചില പരിസ്ഥിതി ചിന്തകൾ പങ്കുവയ്ക്കട്ടെ.

ഏദൻതോട്ടം സമ്പൂർണ്ണമായ ഒരു ഇക്കോ സിസ്റ്റമാണ്. അവിടെ എല്ലാ ജീവജാലങ്ങളും തമ്മിൽ ഒരു സന്തുലിതാവസ്ഥ നിലനിൽക്കുന്നു. ഓരോ അംഗത്തെപ്പറ്റിയും ദൈവത്തിനു വ്യക്തമായ ഉദ്ദേശ്യമുണ്ടായിരുന്നു, തന്റെ സൃഷ്ടിയെ അവൻ നല്ലതെന്നു കണ്ടു.

ദൈവം ഒരു സംഹാരപദ്ധതി നടപ്പിലാക്കിയപ്പോഴും എല്ലാ ചരാചരങ്ങളെയും സംരക്ഷിക്കാൻ താത്പര്യമെടുത്തു. ശുദ്ധീകരിക്കപ്പെട്ട ലോകത്തിലും സർവജീവജാലങ്ങളുടെയും സാന്നിധ്യം ആഗ്രഹിക്കുന്ന ദൈവം.

മിസ്രയിമിൽ നിന്നും യാത്ര പുറപ്പെട്ട ഇസ്രയേൽ ജനത്തോടൊപ്പം ധാരാളം കന്നുകാലികളും മൃഗങ്ങളും ഉണ്ടായിരുന്നു. ആ സമൂഹം തേനും പാലുമൊഴുകുന്ന നാട്ടിൽ പ്രവേശിക്കുമ്പോൾ അത് മറ്റൊരു ഏദൻതോട്ടമായി മാറുവാൻ ദൈവം ആഗ്രഹിച്ചു.

മനുഷ്യൻ നിരന്തരം നശിപ്പിക്കുമെന്ന റിയാവുന്ന ദൈവം അവനെ യോവേൽ സംവത്സരത്തെക്കുറിച്ചു പഠിപ്പിക്കുന്നു. യോവേൽ സംവത്സരത്തിൽ ജീവന്റെ ആഘോഷമുണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നു. നിലത്തിന്റെ ഫലഭൂയിഷ്ഠത നിലനിർത്താനായി ഏഴാം വർഷം കൃഷി ചെയ്യരുതെന്ന ആശയം അനേകായിരം വർഷങ്ങൾക്കു മുമ്പ് മനുഷ്യനുണ്ടായിരുന്നുവെന്ന് ആധുനിക മനുഷ്യൻ ആശ്ചര്യത്തോടെ കാണുന്ന സംഗതിയാണ്.

തുടർന്നുള്ള അനേക നൂറ്റാണ്ടുകൾ ഇസ്രയേലിനെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങളുടേയും പ്രതിസന്ധികളുടേതുമായിരുന്നു. അനേകം രാജാക്കന്മാരും ന്യായാധിപന്മാരും പ്രവാചകന്മാരും ദൈവജനത്തെ ധീരതയോടെ നയിച്ചു. സ്വാഭാവികമായും ഇത്തരം കാലഘട്ടങ്ങളിൽ

## തീർത്ഥാടനത്തിനിടയിൽ *(പേജ് 17 തുടർച്ച)*

നെന്തു സംഭവിച്ചുവെന്നാണ് ഇപ്പോൾ പാശ്ചാത്യർ അമ്പരക്കുന്നത്. ഈശാവാസ്യോപനിഷത്ത് വ്യക്തമാക്കുന്നതുപോലെ ഈശ്വരൻ സർവവ്യാപിയാണെന്ന തത്വം അംഗീകരിക്കാത്ത ഏതെങ്കിലും മതമുണ്ടോ? പ്രപഞ്ചത്തിന്റെ നാഥൻ പിന്നെ തന്റെ സൃഷ്ടികളിൽ ആരുടെയെങ്കിലും കുത്തകയാകുന്നതെങ്ങനെ? "ഞങ്ങൾ ദൈവത്തിന്റെ സ്വന്തം മക്കൾ. നിങ്ങൾ സാത്താന്റെ മക്കൾ." ഇത്തരം വേർതിരിവ് ആർക്കുവേണ്ടി?

ദൈവം സർവവ്യാപിയാണെന്ന് ക്രിസ്ത്യാനികൾ ഉറക്കെ പ്രഘോഷിക്കുന്നു. പക്ഷേ കുർബാനയപ്പത്തിന്റെ അകത്താണോ പുറത്താണോ ദൈവത്തിന്റെ വാസം എന്നു തർക്കിച്ച് എത്ര നൂറ്റാണ്ടുകൾ വേണമെങ്കിലും കഴിയാനും അവർ ഒരുക്കമാണ്. അതുപോലെ എന്തെല്ലാം? മനുഷ്യന്റെ കൊച്ചുബുദ്ധി കൊണ്ട് ഈശ്വരനെ നിർവചിക്കാൻ ശ്രമിക്കുന്നത് നാഴി കൊണ്ട് സമുദ്രത്തെ അളക്കാൻ യത്നിക്കുന്നതിനു തുല്യമാണ്. വിശുദ്ധ ഖുർ ആനിൽ ഇങ്ങനെയൊരു പ്രഖ്യാപനമുണ്ട്-**ലോകത്തിലുള്ള വൃക്ഷങ്ങളെയെല്ലാം പേനകളാക്കി സമുദ്രത്തിലെ ജലം മഷിയാക്കി ആകാശനീലിമയിൽ എത്രയെഴുതിയാലും ഈശ്വരന്റെ മഹിമയെപ്പറ്റി പറഞ്ഞുതീരില്ല. അതാണ് പരമമായ സത്യം.** ●●

# SIN NO MORE

A clergyman was once stopped by the traffic police for over - speeding. As the policeman was about to charge him, the pastor said to him, "Blessed are the merciful, for they shall obtain mercy." The policeman handed the penalty ticket to the minister and said, "Go thou and sin no more."

പ്രകൃതിയെപ്പറ്റി ചിന്തിക്കുവാൻ അവസരം ലഭിക്കയില്ല. എങ്കിൽപ്പോലും, സങ്കീർത്തനങ്ങളിലും മറ്റും ചില ചിന്തകൾ കാണുവാൻ സാധിക്കും.

കാലസമ്പൂർണ്ണതയിൽ മനുഷ്യപുത്രൻ പിറന്നത് കാലിത്തൊഴുത്തിലാണ്. പശുക്കൾ അതിനു സാക്ഷികകളായി നക്ഷത്രം ആ കാലിത്തൊഴുത്തിനെ സർവലോകവുമായി ബന്ധിപ്പിച്ചു. സമൃദ്ധിയായ ജീവന്റെ സന്ദേശവുമായി വന്ന രക്ഷകൻ ദൈവരാജ്യം ഈ ലോകത്തിൽ ഉൽഘാടനം ചെയ്തു. രക്ഷയ്ക്കായുള്ള മൃഗബലി നിർത്തലാക്കി പകരം സ്വയം യാഗമായി. യേശുക്രിസ്തുവിന്റെ ഉപമകൾ നോക്കിയാൽ, പരിസ്ഥിതിയെപ്പറ്റി അദ്ദേഹം എത്ര ആഴമായി ചിന്തിച്ചിരുന്നുവെന്നു മനസ്സിലാക്കാം.

എല്ലാ ജീവജാലങ്ങളും മനോഹരവും അത്ഭുതകരവുമായ രീതിയിൽ ഒരുമിച്ചു വസിക്കുന്ന ഒരവസ്ഥയാണ് ദൈവരാജ്യം. സർവസൃഷ്ടിയും ഒരുപോലെ ഈറ്റുനോവോടെ കാത്തിരിക്കുന്ന ഈ അവസ്ഥ സംജാതമാവാനാണ് അത് ദൈവപുത്രന്മാരിലൂടെ സംഭവിക്കേണ്ടത്.

സർവസൃഷ്ടിയുടെയും മകുടമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു, അവന് കാര്യവിചാരക ദൗത്യം നൽകി. എന്നാൽ പാപം മൂലം മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നതുവഴി പ്രപഞ്ചത്തിന്റെ നാശം സംഭവിച്ചു. ഇന്ന് നാം കാണുന്ന, സകല പരിസ്ഥിതി പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം മനുഷ്യന്റെ പാപമാണ്. എന്നാൽ സർവസൃഷ്ടിയെയും പുതുക്കുവാൻ ശ്രമിക്കുന്ന ദൈവത്തിന്റെ ആത്മാവ് സദാ പ്രവർത്തിക്കുന്നു-ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സ്ഥാപിതമാകുവാൻ വേണ്ടി. മനുഷ്യന് എല്ലാക്കാലവും ഇപ്രകാരം തുടരാനാവില്ല. അവൻ പ്രകൃതിയോടു ചെയ്യുന്ന സകല അനീതിക്കും ഒരു ന്യായവിധിയുണ്ട്, ആ ന്യായവിധി അനുഭവിക്കുന്നത് ആകാശത്തിലെ സകല പക്ഷികളുമാണെന്നുള്ളത് ശ്രദ്ധേയമാണ്. വേദപുസ്തകം പഠിപ്പിക്കുന്ന ആത്മീയ സത്യം വളരെ വ്യക്തമാണ്. ദൈവത്തെ സ്നേഹിക്കുന്ന മനുഷ്യൻ തന്റെ സഹജീവികളെ സ്നേഹിക്കുകയും, പ്രപഞ്ചത്തിന്റെ ആകമാന വീണ്ടെടുപ്പിനായി പ്രവർത്തിക്കുകയും ചെയ്യും, അവൻ അന്ധകാരയുഗത്തിലെ പ്രത്യാശയുടെ പാട്ടുകൾക്ക് നേതൃത്വം നൽകും. വേദപുസ്തകത്തിലെ ഇക്കോളജി മനസ്സിലാക്കുവാൻ വളരെ ലളിതമായി ചിന്തിച്ചാൽ മതി. ജ്ഞാനികളിൽ ജ്ഞാനിയായവന്റെ ചിന്താഗതി മതിയാവും ഉറുമ്പുകളെ നോക്കി പഠിക്കുവാൻ. (സദൃശവാക്യങ്ങൾ 6:6).

***മാത്യു കോശി, കുറ്റപ്പുഴ***

■ ■

There can be no difference of opinion on the statement that Bible is unhelpful in the pursuit of ecological studies. But this is the case with most scientific studies. It is because the main theme of the Bible is God's plan for the redemption of human souls, whereas scientific studies deal with man's earthly existence and his environment. But compared to some other branches of science, ecology has less conflict with the Bible. At least the Bible supports the idea of man's stewardship which, if properly fulfilled, could avoid many of the ecological concerns of today.

My problem starts when an earth-centred new theology is evolved where even the study of the Bible has to be based on how each verse impacts with the earth. To me the earth is important so far as it is the home of mankind and other living creatures (the biosphere). Man has to be accepted as the crown of creation at least until a more developed creative with higher attainments is discovered. The importance of man is evident in his potential for destruction of environment as well as for preservation of the earth. No other species compares even remotely with man in this context. Science has progressed well in this world without much help from the Bible. Likewise ecology can also progress. But let us not assign a super human and almost divine role for earth which, after all, is a mere speck of dust compared to the vastness of the universe created by God. But God is to be praised for bestowing His concern and love for mankind which, after all, is an infinitiesmal part of the earth.

***K.P.Luke Vydhian, Bangalore***


# SITUATION VACANT

Kerala Council of Churches invites applications from qualified personnel of KCC member churches for the position of a full-time Secretary.

**Eligibility criteria**

- Acceptance of the Head of the applicant's church.
- At least a Bachelor's degree from a recognized University.
- Age between 35 and 70 years
- Adequate theological exposure and ecumenical involvement.
- Some administrative experience.

***Salary negotiable***

*Send your application with curriculum vita on or before 15 July 2004 to :*

**THE SECRETARY,**
**KERALA COUNCIL OF CHURCHES,**
**Manganam P. O., Kottayam-686 018.**

## 'Stephanians' in the 14th Lok Sabha

St. Stephen's College, Delhi, established in 1881, can legitamately be proud of at least eleven of the newly elected members of the Indian Parliament, who are its alumni. The list of these former students of St. Stephen's is worthy of our attention.

- Rahul, son of Smt. Sonia Gandhi, AICC President.
- Sandeep, son of Smt. Sheila Dikshit, Chief Minister of Delhi.
- Omar, son of Mr. Farooq Abdulla, Chief Minister of Kashmir.
- Dushyant Singh, son of Smt. Vijayarajee Scindia, Chief Minister of Rajasthan.
- Lakshman, brother of Mr. Digvijay Singh, former Chief Minister of Madhya Pradesh.
- Manavendra Singh, son of Mr. Jaswanth Singh, former Union Minister.
- Sachin, son of the late Mr. Rajesh Pilot, former Union Minister.
- Jyotiraditya, son of the late Mr. Madhava Rao Scindia, former Union Minister.

# NEWS

- Jatin Prasad, son of the late Mr. Jitendra Prasad, Congress leader.
- Kapil Sibal, Minister of State, Govt. of India.
- Mani Sankar Iyer, Minister of State, Govt. of India.

The former students of the college, now in the Rajya Sabha, are Arun Shourie, Sitaram Yechuri and Chandan Mitra. Besides, Dr. Upinder Singh, daughter of Prime Minister Dr. Manmohan Singh, is the Head of the Dept. of History in St. Stephen's.

●●


## ക്രിസ്ത്യൻ പിൻതുടർച്ച

വിൽപ്പത്രമെഴുതാതെ മരിച്ച ക്രിസ്ത്യൻ മാതാപിതാക്കളുടെ സ്വത്തിന് ആൺമക്കൾക്കും പെൺമക്കൾക്കും തുല്യാവകാശമുണ്ടെന്ന സുപ്രീംകോടതിവിധിയുടെ മുൻകാല പ്രാബല്യം നീക്കാനായി നിയമനിർമ്മാണം നടത്താൻ സർക്കാരിന് നിർദ്ദേശം നൽകാനാവില്ലെന്ന് ഹൈക്കോടതി. രാജ്യത്തു മുഴുവൻ ബാധകമാക്കിയ ഇൻഡ്യൻ പിൻതുടർച്ചാനിയമം 1951 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വരികയുണ്ടായി.

●●

## 'സുഭാഷിതം അവാർഡ്'

റീമ ഫൗണ്ടേഷന്റെ ഈ വർഷത്തെ സുഭാഷിതം അവാർഡിന് പ്രശസ്ത സാഹിത്യകാരൻ ഡോ. സി. ജെ. റോയ് തിരഞ്ഞെടുക്കപ്പെട്ടു. ഇംഗ്ലീഷിലും മലയാളത്തിലുമായി പന്ത്രണ്ട് കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആലുവ യു. സി. കോളജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, കേരള യൂണിവേഴ്സിറ്റി, മധുര കാമരാജ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ അദ്ധ്യാപകൻ, മലയാള മനോരമയിലും കേരള കൗമുദിയിലും എഡിറ്റർ, യു.ജി.സി. സബ്ജക്ട് എക്സ്പർട്ട്, വിവിധ യൂണിവേഴ്സിറ്റികളിൽ പരീക്ഷാബോർഡ് ചെയർമാൻ എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാർശ്വചിന്തകൾ എന്ന പംക്തിയിലൂടെ ന്യൂ വിഷൻ വായനക്കാർക്ക് സുപരിചിതനായ ഡോ. സി. ജെ. റോയ്ക്ക് പത്രാധിപസമിതിയുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ.



# Book Review

## A Global Search for Justice and Development : Contribution of C.I. Itty

**M. KURIAN • Christava Sahitya Samithy, Tiruvalla • Price : Rs. 150/-**

This book portrays the life and example of Mr. C.I.Itty who made a significant contribution to the Ecumenical Movement. After his student days, Mr. Itty joined the staff of the World Council of Churches in 1959. He retired after completing an exciting assignment as Director of the Commission on "the churches' participation in Development," during the years 1970-'79. He played a pioneering role in voicing a concern for the 'third world' in the policies of the WCC as well as in raising an awareness of it in the powerful mainstream churches of the West. The late Dr. M.M.Thomas who watched his career liked to call him 'an ecumenical black gem'. Mr. Itty was a prolific writer and a gifted orator. His wonderful sense of humour and potential for deep friendship were integral to his ecumenical work. The Ecumenical Movement and more so the church are indebted to the author, Mr. M. Kurian, for bringing out the biographies of several of its leaders. This book comprises two parts, viz: the life and work of C.I.Itty, and his selected writings. The book will take its readers to the realm of a deep concern evinced by one of the prestigious products of the Indian Church.

*K.C.*

# A meditation on Bamboo

*Let me introduce myself to you:*
*I am called "the Nature's bounty"*
*My height is about 40 ft., yet I am classified under "grass"*
*I am known in Asia, Africa, the Caribbean and Latin America.*
*The Chinese make soup out of my shoots*
*The Mizos dance on my body*
*I have an extended family of 1200 tribes*
*I have become the nut and bolt of 2.2 billion people in Asia.*
*People make musical instruments out of me*
*I have become the favourite musical instrument of the deity, Krishna.*
*I support the poor and the rich alike in India and Vietnam.*
*There are over 1,500 documented traditional uses.*
*I am also now known in tissue culture.*
*O bamboo, you are really the Nature's bounty*
*You are the symbol of corporate living*
*You live together in times of joy and testing*
*The winds make you bend at its will for a day*
*You resurrect the next day by mutual support.*
*Your roots support each other when you pass through severe testing*
*Your call to live in mutual care make me ashamed.*
*You have your own identity in times of joy and sorrow*
*But your willingness to share your strength with the neighbour is indeed great*
*The wind will get ashamed, for it will not be able to bend you forever!*




**Rev. Dr. M. J. Joseph**
**Bangalore**

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India
under No. KER BIL/2000/1543
Annual subscription: Rs. 75/-
JULY 2004
Postal Regn. No KL/CR/KTM/362/2003-05

## 2004 മെയ് 20, 21, 22 തീയതികളിൽ കൊല്ലത്തു സമ്മേളിച്ച കേരള കൗൺസിൽ ഓഫ് ചർച്ചസ് ത്രൈവാർഷിക അസംബ്ലിയിലെ ചില ദൃശ്യങ്ങൾ






Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam